# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ആറാം സമ്മേളനം

### 2017 ജൂൺ 8, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 167 - നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ആറാം സമ്മേളനം

2017 ജൂൺ 8, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

335/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# പതിനാലാം കേരള നിയമസഭ

## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്.സി.)

23. ശ്രീ. കെ. ബാബു (നെന്മാറ)

24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി-എസ്.ടി.)

25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

26. ശ്രീ. വി. ടി. ബൽറാം (തൃത്താല)

27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

36. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)

38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)

43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

44. ഡോ. കെ. ടി. ജലീൽ (തവനൂർ)

45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

49. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

50. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

51. ശ്രീ. വി. ജോയി (വർക്കല)

52. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)

53. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

54. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

55. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

56. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)

57. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

58. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

59. ശ്രീ. കെ. എം. മാണി (പാലാ)

60. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

72. ശ്രീ. സി. കെ. നാണു (വടകര)

73. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

74. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

75. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

76. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

77. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ (ചെങ്ങന്നൂർ)

94. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

97. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

98. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

99. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

100. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

101. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

102. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

116. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

117. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

118. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

119. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

120. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

121. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

122. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

123. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

124. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

125. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

126. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

127. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

128. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

129. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

130. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

131. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

132. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

133. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

134. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

135. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

136. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

137. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

138. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

139. ശ്രീ. എം. വിൻസെന്റ് (കോവളം)

140. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

(ശ്രീ. പി. കെ. കുഞ്ഞാലികുട്ടി 25-4-2017-ന് നിയമസഭാംഗത്വം രാജിവച്ചു.)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

<u>ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി</u>

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

<u>ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

<u>ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി</u>

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി</u>

വ്യവസായം (വ്യവസായ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

അസാപ് (ASAP)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

സാമൂഹ്യനീതി

ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

ശ്രീ. തോമസ് ചാണ്ടി, ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

*പേജ്*


**I ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

കന്നുകാലി കശാപ്പ് നിരോധനം ...1

**II ക്രമപ്രശ്നം**

ഉപക്ഷേപം അവതരിപ്പിക്കുന്നതിലെ നടപടിക്രമം

ശ്രീ. കെ. എം. മാണി ...2

**III ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ..62

**IV പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...64

**അനുബന്ധം** ...65

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ആറാം സമ്മേളനം

*2017 ജൂൺ 8, വ്യാഴം*


വാല്യം 167] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1


പതിനാലാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2017 ജൂൺ മാസം 8-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### കന്നുകാലി കശാപ്പ് നിരോധനം

മി. സ്പീക്കർ: ഓർഡർ.........., രാജ്യം അസാധാരണമായ ഒരു സാഹചര്യത്തിലേയ്ക്ക് നീങ്ങുന്ന അവസ്ഥയിലാണ് നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംയുക്തമായി തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്ന സുരക്ഷിതത്വവും സംരക്ഷണവും എല്ലാ വിഭാഗം ജനങ്ങൾക്കും ഉറപ്പ് വരുത്തുമോ എന്ന ആശങ്ക ഈ സഭ ചർച്ച ചെയ്യണമെന്ന ആവശ്യമാണ് ഉയർന്നുവന്നിരിക്കുന്നത്. ഫെഡറൽ അന്തഃസത്തയുടെ ഉള്ളടക്കത്തിൽനിന്ന് വ്യതിചലിക്കുമോ എന്ന ആശങ്കയും ഇത്തരമൊരു ചർച്ചയ്ക്ക് ഉപോൽബലകമായിട്ടുണ്ട്. രാജ്യത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് അഭിസംബോധന ചെയ്യുന്നതിൽ ഇന്ത്യയിലെ മറ്റ് നിയമസഭകളിൽനിന്നും വ്യത്യസ്തമായി മുമ്പേ പറക്കുന്ന പക്ഷിയാണ് കേരള നിയമസഭ എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് രാജ്യത്ത് ആദ്യമായി ഒരു നിയമസഭ ഈ വിഷയം ചർച്ച ചെയ്യുകയാണ്. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം.......

## II. ക്രമപ്രശ്നം

### ഉപക്ഷേപം അവതരിപ്പിക്കുന്നതിലെ നടപടിക്രമം

ശ്രീ. കെ. എം. മാണി : സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നടപടിക്രമത്തിലെ നിയമപ്രശ്നം ഉന്നയിക്കുകയാണ്. സെക്ഷൻ 1(3) അനുസരിച്ച്, കേന്ദ്രസർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾ വിവിധ രീതികളിൽ, വിവിധ സംസ്ഥാനങ്ങളിൽ ബാധകമാക്കാനാണ് വ്യവസ്ഥ ചെയ്യുന്നത്. പ്രസ്തുത ആക്ടിൽ 6 അദ്ധ്യായങ്ങളിലായി 41 വകുപ്പുകളുണ്ട്.........

മി. സ്പീക്കർ: അങ്ങേയ്ക്ക് പ്രമേയത്തിന്റെ വിശദാംശങ്ങൾ ചർച്ചയുടെ ഭാഗമായി ഉന്നയിക്കാവുന്നതാണ്. ഇവിടെ പ്രമേയം അവതരിപ്പിച്ചിട്ടില്ല.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഒന്ന് പറഞ്ഞോട്ടെ.

മി. സ്പീക്കർ: പ്രമേയം സഭയുടെ മുമ്പിൽ അവതരിപ്പിച്ചതിനുശേഷം ചർച്ചയിൽ പങ്കെടുക്കുമ്പോൾ അങ്ങേയ്ക്ക് അഭിപ്രായങ്ങൾ പറയാവുന്നതാണ്. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സംസ്ഥാനങ്ങളുടെ അധികാരം കവർന്ന്, കന്നുകാലി കശാപ്പ് ഫലത്തിൽ വിലക്കിക്കൊണ്ട്, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനംമൂലം സംസ്ഥാനത്തുളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം' എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിനുശേഷം അങ്ങേയ്ക്ക് അഭിപ്രായങ്ങൾ പറയാം. അങ്ങയുടെ പോയിന്റ് എന്താണ്? ഉപക്ഷേപത്തിന്റെ വിശദാംശങ്ങളാണെങ്കിൽ അത് ഈ ചർച്ചയുടെ ഭാഗമായി അങ്ങേയ്ക്ക് ഉന്നയിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, ഈ വിജ്ഞാപനം പരിശോധിച്ചാൽ ആക്ടിലെ 1 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങൾ മാത്രമേ സംസ്ഥാനത്തിന് ബാധകമാക്കിയിട്ടുള്ളൂ. 6-ാം അദ്ധ്യായം കേരളത്തിന് ബാധകമാക്കിക്കൊണ്ടുള്ള ഒരു വിജ്ഞാപനവും നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കേരളത്തിന് ബാധകമാക്കാത്ത ഒരു വകുപ്പിന്റെ കീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനം കേരളത്തിനും ബാധകമല്ല. അതേസമയം പഞ്ചാബ്, വെസ്റ്റ് ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾക്ക് ഇത് ബാധകമാണ്. കേരളത്തിന് ബാധകമാകാത്ത വിഷയത്തെ സംബന്ധിച്ച ഒരു ഉപക്ഷേപത്തിന് എന്താണ് പ്രസക്തി? കൂടാതെ, പ്രസ്തുത വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

<u>മി. സ്പീക്കർ</u>: ഉപക്ഷേപത്തിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ക്രമപ്രശ്നമാണ് അങ്ങ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഉപക്ഷേപത്തിന്മേൽ സഭ ചർച്ച ചെയ്യുന്ന സമയത്ത് ഇക്കാര്യം ഉന്നയിക്കാവുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഒരു വർഷം പതിനഞ്ച് ലക്ഷത്തോളം കന്നുകാലികൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വരുന്നുണ്ട്. ഈ ഭേദഗതിയുടെ ഫലമായി, സംസ്ഥാനംവിട്ടുള്ള അവയുടെ യാത്ര നിരോധിച്ചിരിക്കുകയാണ്, ഫലത്തിൽ തടഞ്ഞിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള കന്നുകാലികളാണ് വർഷംതോറും കൂടുതലായി കേരളത്തിൽ വരുന്നത്. അത് തടയപ്പെടുന്ന ഒരു അവസ്ഥയുണ്ടാകും. ഇത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. നമ്മുടെ രാജ്യത്ത് വ്യാപാര സ്വാതന്ത്ര്യവും വ്യാപാര അവകാശവുമൊക്കെ ഉള്ളതല്ലേ? അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇത് കേരളത്തെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന പ്രശ്നമാണ്. അദ്ദേഹത്തിന്റെ ആ തടസ്സവാദം ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്.

കന്നുകാലി ചന്തകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്ന പേരിലാണ് 1960-ലെ 'മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമ'ത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് മേയ് 23-ന് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഫലത്തിൽ കന്നുകാലികളുടെ കശാപ്പ് പൂർണ്ണമായും നിരോധിക്കുന്ന അവസ്ഥയാണ് ഈ വിജ്ഞാപനംമൂലം ഉണ്ടായിട്ടുള്ളത്. ഈ വിജ്ഞാപനംമൂലം രാജ്യത്താകെയും നമ്മുടെ സംസ്ഥാനത്തും തൊഴിൽ-വ്യാപാര-ഭക്ഷ്യ സുരക്ഷാ മേഖലകളിൽ ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാകും. പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യ പ്രതിസന്ധിക്കും ഇത് വഴിവയ്ക്കും. സംസ്ഥാനത്തിന്റെ അധികാര-അവകാശങ്ങളിലേയ്ക്ക് കേന്ദ്രം കടന്നുകയറുന്ന നിലയും ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെയുണ്ടാകും. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു സ്ഥിതിവിശേഷം, നിയമസഭ പ്രത്യേകമായി ചേർന്ന് ചർച്ച ചെയ്യുന്ന സാഹചര്യം ഉയർന്നുവന്നിട്ടുള്ളത്. മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിന്റെ മറവിൽ ഒരു പൗരന്റെ തൊഴിൽ-വ്യാപാര-ആഹാര സ്വാതന്ത്ര്യത്തിനുള്ള മൗലികാവകാശം ഹനിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. ഈ മേഖലയെ ആശ്രയിക്കുന്ന ലക്ഷക്കണക്കിനാളുകൾ പട്ടിണിയിലാകും. നമ്മുടെ സംസ്ഥാനത്ത് അഞ്ച് ലക്ഷത്തോളം പേർ മാംസ വിൽപ്പനയിലും അതിന്റെ തൊഴിലിലും ഏർപ്പെട്ടിട്ടുള്ളവരായിട്ടുണ്ട്. അനൗദ്യോഗികമായിട്ടുള്ള ധാരാളം അറവുശാലകൾ നമ്മുടെ നാട്ടിലുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള തൊഴിലുകൾ വേറെയുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച്

ഇത് നിസ്സാരമായ പ്രശ്നമല്ല. 'കന്നുകാലികളെ കൃഷിയാവശ്യത്തിനല്ലാതെ വിൽക്കരുത്, അറവുശാലകൾക്ക് വിൽക്കരുത്, പ്രായമാകാത്തവയെ ചന്തയിൽ കൊണ്ടുവരരുത് എന്നീ വ്യവസ്ഥകൾ വിജ്ഞാപനത്തിലുണ്ട്. കന്നുകാലികളുടെ വിശദ വിവരങ്ങളടങ്ങിയ സർട്ടിഫിക്കറ്റുകൾ കൈവശം സൂക്ഷിക്കണ മെന്നതടക്കമുള്ള അസംബന്ധജഡിലവും അപ്രായോഗികവുമായ നിരവധി വ്യവസ്ഥകൾ ചട്ടത്തിലുണ്ട്. ഈ ചട്ടം കേരള സംസ്ഥാനത്തിനും ബാധകമാണ്. ഇതുമൂലം കർഷകർക്ക് വലിയ തിരിച്ചടിയുണ്ടാകും. കേന്ദ്ര വിജ്ഞാപനം കേരളത്തിലെ മാംസോൽപ്പാദന മേഖലയെ അങ്ങേയറ്റം പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തെ മഹാഭൂരിപക്ഷം ജനങ്ങളും മാംസം കഴിക്കുന്നവരാണ്. ഈ പുതിയ ചട്ടങ്ങൾ ഇത്തരമൊരു സാഹചര്യത്തിൽ തികച്ചും അപ്രായോഗികമാണ്. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തിന് നേരെയുള്ള കയ്യേറ്റമാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ഉരുക്കളുടെ എണ്ണത്തിൽ ഇതിനകംതന്നെ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഇതിന്റെ അടുത്തഘട്ടം പാലിന്റെ ഉൽപ്പാദനം കുറയുകയും വില വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണ്. ഇത് കൃഷിക്കാരെ ഏറ്റവുമധികം പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ്. നമ്മുടെ രാജ്യത്ത് കാണുന്ന ചിത്രം, കൃഷിക്കാർ കടുത്ത അസംതൃപ്തിയിലും വിവിധ പ്രക്ഷോഭങ്ങളിലും ഏർപ്പെട്ടുനിൽക്കുകയാണ്. മഹാരാഷ്ട്രയിലും മധ്യപ്രദേശിലും കൃഷിക്കാരുടെ പ്രക്ഷോഭങ്ങൾ നടക്കുന്നു. മധ്യപ്രദേശിലെ പ്രക്ഷോഭത്തെ പോലീസ് അതിക്രൂരമായി നേരിട്ടതിലൂടെ ആറ് കർഷകരുടെ ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. ഇതുപോലുള്ള ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്തുള്ളത്. കൃഷിക്കാരെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന ഒന്നായാണ് ഈ ഭേദഗതിയും വന്നുഭവിക്കുന്നത്. കന്നുകാലി പരിപാലനം ലാഭകരമല്ല എന്നുവന്നാൽ ആ മേഖലതന്നെ ഉപേക്ഷിച്ച് കൃഷിക്കാർ വല്ലാത്ത ദുരിതം അനുഭവിക്കുന്ന അവസ്ഥയിലെത്തിച്ചേരും. നമ്മുടെ സംസ്ഥാനത്താണെങ്കിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ഗൗരവമായ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കാൻ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിക്കുവേണ്ടി കറവപ്പശുക്കൾ, കന്നുകുട്ടികൾ ഇവയൊക്കെ അന്യസംസ്ഥാനങ്ങളിൽനിന്ന് കാലിച്ചന്തകൾ മുഖേനയാണ് കൊണ്ടുവരുന്നത്. ഈ നിയന്ത്രണം അതിന് തടസ്സമായിത്തീരും. പാലുല്പാദനം വർദ്ധിപ്പിക്കുന്ന കാര്യമിരിക്കട്ടെ, ഈ രംഗത്ത് ഇപ്പോൾ നാം നേടിയ 15% വർദ്ധനവ് തന്നെ നിലനിർത്താൻ പറ്റാത്ത സാഹചര്യമാണ് ഇതുമൂലം വന്നുചേർന്നിട്ടുള്ളത്. കറവ വറ്റിയവയും പ്രായമേറിയവയുമായ കന്നുകാലികളെ വിറ്റഴിക്കാൻ കഴിയാതെ വരുന്നതോടെ നാട്ടിൻപുറത്തെ ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാകും. അവർക്ക്

തീറ്റിപ്പോറ്റാനാകാത്ത കന്നുകാലികൾക്ക് വാർദ്ധക്യത്തിൽ തീരാദുരിതങ്ങൾ സഹിച്ച് കഴിയേണ്ട ദയനീയ അവസ്ഥയാണുണ്ടാകുക. കാർഷികവൃത്തിക്ക് ഉപയോഗിക്കാൻ സാധിക്കാത്ത കന്നുകാലികളെയും കറവ വറ്റിയവയേയും ചന്തയിൽ വിറ്റുകിട്ടുന്ന പണവുംകൂടി ഉപയോഗിച്ചാണ് ക്ഷീരകർഷകർ പുതിയ കന്നുകാലികളെ വാങ്ങുന്നത്. ഇനി അതിന് കഴിയാത്ത ഒരവസ്ഥയാണുണ്ടാകാൻ പോകുന്നത്. കറവ വറ്റിയ ഓരോ കന്നുകാലിയേയും പോറ്റാൻ വർഷം 40,000 രൂപ ചെലവാക്കേണ്ടിവരുമെന്നതാണ് ഏകദേശ കണക്ക്. ഇവിടെയാണ് കേന്ദ്ര ഗവൺമെന്റിന്റെ ചീഫ് ഇക്കണോമിക് അഡ്വൈസർ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യം നൽകിയ മുന്നറിയിപ്പ് നമ്മൾ ഓർക്കേണ്ടത്. അദ്ദേഹം പ്രസ്താവിച്ചത്, 'ഏത് സർക്കാരിനും അതിന്റെ സാമൂഹിക നയങ്ങൾ തീരുമാനിക്കാൻ അധികാരമുണ്ട്. എന്നാൽ അതിന്റെ സാമ്പത്തിക പ്രത്യാഘാതത്തെപ്പറ്റി അറിഞ്ഞിരിക്കണം. കാലിവളർത്തൽ തീർത്തും അനാദായകരമാകുന്ന നടപടിയാണിത്. ഉത്പാദനമില്ലാത്ത കാലികളെ സംരക്ഷിക്കേണ്ടി വരുന്നത് കർഷകർക്ക് അധിക ഭാരമാകും, ഇത് കേന്ദ്ര ഗവൺമെന്റിന്റെതന്നെ ചീഫ് ഇക്കണോമിക് അഡ്വൈസർ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യം നൽകിയ മുന്നറിയിപ്പാണ്. ഇതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ കർഷകരാകെ വലിയ പ്രതിസന്ധിയിൽ എത്തിച്ചേരും. ഓരോ കന്നുകാലിയേയും പോറ്റാൻ വർഷം 40,000 രൂപ ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഡെയറി ഫാമുകളുടെ വരുമാനത്തിന്റെ 40 ശതമാനവും പ്രായംചെന്ന പശുക്കളുടേയും എരുമകളുടേയും വില്പനയിലൂടെ കിട്ടുന്ന പണമാണ്. ഫലത്തിൽ ഭരണഘടനയിലെ 19(1)ജി അനുച്ഛേദം ഉറപ്പുനൽകുന്ന തൊഴിൽ ചെയ്യാനുള്ള മൗലികാവകാശം ഇവിടെ ലംഘിക്കപ്പെടുകയാണ്. ഈ വിജ്ഞാപനം വരുന്നതിനുമുമ്പുതന്നെ അന്യ സംസ്ഥാനങ്ങളിൽനിന്ന് നിയമാനുസൃതമായി കാലികളെ കൊണ്ടുവരുന്ന കർഷകർക്ക് ഒരുപാട് ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഒട്ടേറെ കയ്യേറ്റങ്ങൾ അവരുടെ നേരെ ഉണ്ടായിട്ടുണ്ട്. പുതിയ ചട്ടങ്ങളുടെ പശ്ചാത്തലത്തിൽ അത്തരം കയ്യേറ്റങ്ങൾ വർദ്ധിക്കാനാണ് സാധ്യത. അത് ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കും. ഇതോടൊപ്പം മറ്റൊരു പ്രശ്നവുമുണ്ട്. മൃഗശാലയിലെ മൃഗങ്ങൾക്ക് മാട്ടിറച്ചി നിർബന്ധമാണല്ലോ, പല മൃഗങ്ങൾക്കും മാട്ടിറച്ചി മാത്രമാണ് ആഹാരം. പുതിയ നിയന്ത്രണങ്ങൾ മൃഗശാല നടത്തിപ്പും അവതാളത്തിലാക്കും. കേന്ദ്ര വിജ്ഞാപനം ഏതെങ്കിലും പ്രത്യേക വിഭാഗത്തെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. ജനങ്ങളെ ഒന്നടങ്കം ബാധിക്കുന്ന കാര്യമാണ്. കേരളത്തിൽ മാംസാഹാരം കഴിക്കുന്ന 95 ശതമാനത്തിലധികവും സാധാരണക്കാരും ദരിദ്രരുമാണ്. സംസ്ഥാനത്ത് ഒരു വർഷം 252000 ടൺ മാട്ടിറച്ചിയുടെ വ്യാപാരം നടക്കുന്നുണ്ട് എന്നാണ് റിപ്പോർട്ട്. യഥാർത്ഥത്തിൽ 6,552 കോടി രൂപയുടെ മാട്ടിറച്ചി കച്ചവടമാണ് ഒരു വർഷം സംസ്ഥാനത്ത്

നടക്കുന്നത്. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് ഈ നീക്കം എന്ന് നാം തിരിച്ചറിയേണ്ടതായിട്ടുണ്ട്. ദരിദ്രരായവരെ സംബന്ധിച്ചിടത്തോളം വല്ലപ്പോഴും കിട്ടുന്ന പ്രോട്ടീൻ സമ്പുഷ്ടമായ ആഹാരമാണ് മാട്ടിറച്ചി. പ്രോട്ടീൻ വേറെ ഇറച്ചികളിലുമുണ്ട്. ഈ മട്ടനും ചിക്കനുമൊക്കെ സാധാരണ നിലയ്ക്ക് പ്രോട്ടീൻ ഉള്ളവതന്നെയാണ്. പക്ഷെ വലിയ വില തന്നെയാണ്. ഇപ്പോഴുള്ളതിന്റെ മൂന്നിരട്ടിയോ നാലിരട്ടിയോ വില കൊടുത്താൽ മാത്രമേ മട്ടൻ വാങ്ങി കഴിക്കാൻ പറ്റൂ എന്ന ഒരു സാഹചര്യമുണ്ടാകും. അതിനെയൊക്കെ അപേക്ഷിച്ച് വില കുറവായതുകൊണ്ടാണ് സാധാരണക്കാർ മാട്ടിറച്ചി ഉപയോഗിക്കുന്നത്. മാട്ടിറച്ചി നിരോധനം വരുമ്പോൾ മറ്റു മാംസാഹാരങ്ങളുടെ വില വർദ്ധിക്കും. ഇപ്പോൾത്തന്നെ വില വർദ്ധനവുണ്ടായിട്ടുണ്ട്. മാത്രമല്ല മറ്റു ഭക്ഷ്യസാധനങ്ങളുടെയും മീൻ, പച്ചക്കറി തുടങ്ങിയവയുടേയും വില ഉയരാനിടയുണ്ട്. മൊത്തത്തിൽ വിലക്കയറ്റം സൃഷ്ടിക്കുകയും ജീവിതച്ചെലവുതന്നെ വർദ്ധിപ്പിക്കുകയും ചെയ്യുന്ന തീരുമാനമാണിത്. ഇപ്പോൾ മാംസത്തിന്റെ കയറ്റുമതി വലിയതോതിൽ ഒരു വരുമാനമാർഗ്ഗമാണ്. ഈ നിയന്ത്രണങ്ങൾ കാരണം മാംസ കയറ്റുമതി രംഗത്ത് ചെറുകിടക്കാർ പൂർണ്ണമായും ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകും. മാട്ടിറച്ചി കയറ്റുമതിയിൽ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 35% വളർച്ച നേടിയിട്ടുണ്ട്. അത് മുന്നിൽക്കണ്ട്, ആ മേഖല കയ്യടക്കാനുള്ള കുത്തകകളുടെ കുതന്ത്രവും ഈ വിജ്ഞാപനത്തിന് പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സാധാരണ കർഷകന് കന്നുകാലിയേയും കൊണ്ട് ചന്തയിലേയ്ക്ക് പോകാൻപോലും പറ്റില്ല. എന്നാൽ വൻ കോട്ടകൾക്കുള്ളിൽ അനിമൽ ഫാമും സ്ലോട്ടർ ഹൗസും പ്രോസസ്സിംഗ് യൂണിറ്റും ഏർപ്പെടുത്തി മാംസം കയറ്റുമതി ചെയ്യുന്ന ഈ രംഗത്തെ വൻകിട കോർപ്പറേറ്റുകൾക്കാകട്ടെ ഈ വിജ്ഞാപനം ഒരു അലോസരവും ഉണ്ടാക്കുകയില്ല. അതോടൊപ്പം മൃഗങ്ങളുടെ തോൽ തുകൽ വ്യവസായത്തിന്റെ മുഖ്യ അസംസ്കൃത വസ്തുവാണ്. ഇന്ത്യയിലെ തുകൽ വ്യവസായത്തിൽ 25 ലക്ഷത്തോളം പേർ ജോലി ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിലെ ഇറച്ചി കച്ചവടക്കാർ പറയുന്നത് തുകൽ നല്ല രീതിയിലുള്ള ഒരു വരുമാനമാർഗ്ഗമാണെന്നാണ്. നമ്മുടെ രാജ്യത്തിന്റെ അവസ്ഥ പരിശോധിച്ചാൽ ദളിതരാണ് ഈ മേഖലയിൽ അധികവും ജോലിയെടുക്കുന്നതെന്ന് കാണാൻ കഴിയും. ഈ വ്യവസായ മേഖല തകരുമ്പോൾ ആ വിഭാഗം പൂർണ്ണമായും പെരുവഴിയിലാകുന്ന അവസ്ഥയുണ്ടാകും. കേരളത്തിന്റെ അവസ്ഥ അങ്ങനെയല്ല. നമ്മുടെ നാട്ടിൽ പൊതുവെ ഈ വ്യാപാരം നല്ല നിലയ്ക്ക് നടക്കുന്നുണ്ട്. കർഷകരേയും മാട് കച്ചവടക്കാരേയും തൊഴിലാളികളെയും ദളിതരെയും കടുത്ത വൈഷമ്യതയിലേയ്ക്ക് തള്ളിവിടുന്ന നടപടിയാണ് കേന്ദ്ര സർക്കാരിൽ നിന്നുണ്ടായിട്ടുള്ളത്. ഇവിടെ ഈ ചട്ട ഭേദഗതി ഭരണഘടനാ വിരുദ്ധവും ഫെഡറൽ തത്വങ്ങൾ ലംഘിക്കുന്നതും നിലവിലുള്ള നിയമത്തിന്

വിരുദ്ധവുമാണ്. ഗോവധ നിരോധനമെന്ന രഹസ്യ രാഷ്ട്രീയ അജണ്ടയാണ് ഇതിന് പിന്നിലുള്ളതെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടന സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും നിയമനിർമ്മാണ അധികാരങ്ങൾ കൃത്യമായും നിർവ്വചിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള കാര്യങ്ങളിൽ നിയമനിർമ്മാണം നടത്താൻ പാർലമെന്റിന് അധികാരമില്ലാത്തതാണ്. അത്തരം കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ കേന്ദ്രത്തിനും അധികാരമില്ല. ഭരണഘടനയിലെ 7-ാം ഷെഡ്യൂളിൽ സംസ്ഥാന ലിസ്റ്റിൽ 15-ാമതായാണ് മൃഗസംരക്ഷണവും പരിപാലനവും വരുന്നത്. അതിനെക്കുറിച്ച് നിയമം നിർമ്മിക്കാനോ ഉത്തരവിറക്കാനോ കേന്ദ്രത്തിന് അധികാരമില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ചട്ടങ്ങളുണ്ടാക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയില്ല. ഈ വിജ്ഞാപനം സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്, ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമാണ്. ചട്ടം നിർമ്മിക്കുമ്പോൾ പ്രധാനപ്പെട്ട മൂന്ന് വ്യവസ്ഥകൾ പാലിക്കണം. ഒന്ന്, ചട്ടങ്ങൾ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിനായിരിക്കണം. രണ്ട്, നിയമത്തിൽ ഡെലിഗേറ്റ് ചെയ്തിട്ടുള്ള കാര്യങ്ങളെപ്പറ്റി നിയമത്തിന്റെ ചട്ടക്കൂടിലൊതുങ്ങിനിന്ന് ചട്ടങ്ങളുണ്ടാക്കണം. മൂന്ന്, നിയമങ്ങൾ ഭരണഘടനയിലെ മൗലികാവകാശങ്ങൾ ലംഘിക്കുന്നതാകരുത്.

ഈ മൂന്ന് തത്വങ്ങളുടേയും ലംഘനമാണ് പുതിയ ചട്ടത്തിലുള്ളത്. ഭക്ഷണത്തിനുവേണ്ടി മൃഗങ്ങളെ കൊല്ലുന്നത് ബന്ധപ്പെട്ട നിയമത്തിലെ 11(3)(ഇ) വകുപ്പ് പ്രകാരം അനുവദനീയമാണ്. അങ്ങനെയിരിക്കെ ഈ നിയമത്തിന്റെ ചട്ടങ്ങളിൽ കശാപ്പിനായി മൃഗങ്ങളെ വിൽക്കുന്നത് തടയാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇപ്പോൾ പുറപ്പെടുവിച്ച ചട്ടങ്ങൾ നിയമവിരുദ്ധമാണെന്ന് വ്യക്തമാണ്. മനുഷ്യനൊഴികെ എല്ലാ ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന വിപുലമായ കാഴ്ചപ്പാടും നിർവ്വചനവുമാണ് 'മൃഗങ്ങളോടുള്ള ക്രൂരത തടയൽ' നിയമത്തിലുള്ളത്. അതുകൊണ്ടുതന്നെ ഏതാനും മൃഗങ്ങളെ മാത്രം തെരഞ്ഞെടുത്ത് അവയെ കശാപ്പിനായി വിൽക്കാൻ പാടില്ലെന്ന് വ്യവസ്ഥചെയ്യുന്നത് നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നു കയറ്റമാണ് പൗരന്മാരുടെ ഭക്ഷണ ശീലങ്ങളിലുള്ള ഭരണകൂടത്തിന്റെ ഇടപെടൽ. സംഘ് പരിവാറിന്റെ രാഷ്ട്രീയ അജണ്ട നടപ്പാക്കാൻ കേന്ദ്രസർക്കാർ കൊണ്ടുവന്നതാണ് ഈ വിജ്ഞാപനം എന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളൊന്നും നടപ്പാക്കാൻ മൂന്നുവർഷം പൂർത്തിയാക്കിയ കേന്ദ്രസർക്കാരിന് കഴിഞ്ഞിട്ടില്ല. കൃഷി, വ്യവസായം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലും ദയനീയമായി പരാജയപ്പെട്ട കേന്ദ്രസർക്കാർ, കന്നുകാലി കശാപ്പ് നിരോധനം പോലുള്ള വിഷയങ്ങളെടുത്ത് ജനങ്ങളെ

ഭിന്നിപ്പിക്കാനും വർഗ്ഗീയ ധ്രുവീകരണത്തിലൂടെ രാഷ്ട്രീയ നേട്ടമുണ്ടാക്കാനുമാണ് ശ്രമിക്കുന്നത്. നാടിന്റെ കാർഷിക-വ്യാവസായിക തൊഴിൽ മേഖലകളെ തകർക്കുന്നതും പൗരന്മാരുടെ ജീവിക്കാനുള്ള അവകാശം ലംഘിക്കുന്നതും സംസ്ഥാനങ്ങൾക്ക് ഭരണഘടന നൽകുന്ന അധികാരങ്ങളിൽ കടന്നു കയറുന്നതുമായ ഈ വിജ്ഞാപനം ജനങ്ങളുടെ പൊതുതാൽപ്പര്യം പരിഗണിച്ച് റദ്ദാക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് രണ്ട് മണിക്കൂറാണ് നിശ്ചയിച്ചിരിക്കുന്നത്. ആ രണ്ട് മണിക്കൂറിനുള്ളിൽത്തന്നെ ചർച്ച പൂർത്തീകരിക്കാവുന്ന നിലയിൽ അംഗങ്ങൾ സമയനിഷ്ഠ പാലിക്കണം. ചെയർ ഇടപെടുന്ന ഒരു സാഹചര്യം ദയവായി ഉണ്ടാക്കരുത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബീഫ് നിരോധനം എന്ന ദേശീയ ദുരന്തത്തിന്റെ ഇരകളാകാൻ വിധിക്കപ്പെടുന്ന ജനങ്ങളുടെ ചെറുത്തുനിൽപ്പിന് ആദ്യമേതന്നെ ഞാനെന്റെ ഐക്യദാർഢ്യം അറിയിക്കുകയാണ്. ഒരു പ്രത്യേക നിയമസഭാ സമ്മേളനംതന്നെ വിളിച്ചുചേർക്കാൻ നിർബന്ധിതമാക്കിയ കേന്ദ്ര സർക്കാർ നടപടിയെ ഞാൻ അപലപിക്കുന്നു. ജനങ്ങളുടെ ജീവിതത്തെയും ജീവിതരീതികളെയും ആഹാരക്രമങ്ങളെയും കേന്ദ്രസർക്കാർ നിയന്ത്രിച്ച് തുടങ്ങിയിരിക്കുകയാണ്. ഡാർവിനെയും വെല്ലുന്ന പുതിയ സിദ്ധാന്തങ്ങളാണ് ഗോമാതാവിനും കാളപ്പിതാവിനുംവേണ്ടി ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ബീഫ് നിരോധിച്ചിട്ടില്ലെന്നും കാലിച്ചന്തകളിന്മേലുള്ള വിപണനം മാത്രമേ നിരോധിച്ചിട്ടുള്ളൂവെന്നും പറയുന്നത് ശുദ്ധതട്ടിപ്പാണ്. മാടിന്റെ ഉടമസ്ഥൻ മാടിനെ അറവിന് വിട്ടുകൊടുക്കരുതെന്നാണ് വ്യവസ്ഥ. ചുരുക്കത്തിൽ അറവ് നിരോധിക്കുന്ന വിജ്ഞാപനം തന്നെയാണിത്. ഈ വിജ്ഞാപനത്തിൽപ്പറയുന്ന നിബന്ധനകളനുസരിച്ച് ഇനി 'അദാനി'യോ 'അംബാനി'യോപോലുള്ള വൻകിടക്കാർമാത്രം കാലിച്ചന്തയിൽ മാംസക്കച്ചവടം നടത്തിയാൽ മതിയെന്നാണ് ശ്രീ. നരേന്ദ്ര മോദി നിർബന്ധിച്ചതിന്റെ ഉള്ളിലിരുപ്പ്. ബി.ജെ.പി.-യുടെ രാഷ്ട്രീയ പൊള്ളത്തരം വെളിവാക്കുന്നതാണ് ഈ വിജ്ഞാപനം. വിപണിയും അതിലെ ഡിമാന്റുമാണ് ക്രയവിക്രയം നിർണ്ണയിക്കുകയെന്ന് പറഞ്ഞ് കർഷകരുടെ ആനുകൂല്യങ്ങളും സബ്സിഡികളും എടുത്തുകളഞ്ഞവരാണിവർ. ഇപ്പോൾ ഇവർ വിപണിയിലും വർഗ്ഗീയത കലർത്തുകയാണ്. മാടിനെ വാങ്ങുന്നവൻ എന്തിന് വാങ്ങുന്നുവെന്ന്

സാക്ഷ്യപ്പെടുത്തണമത്രെ. അത് അധികൃതർ ഉറപ്പുവരുത്തണം. അവിടെ എന്ത് ഡിമാന്റും സ്വതന്ത്ര വിപണിയുമാണ്? നാം കരമടച്ച് കൈവശംവയ്ക്കുന്ന ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ഉയർന്ന നിർദ്ദേശങ്ങളെ വെട്ടിനിരത്തൽ എന്ന് ആക്ഷേപിച്ചവരാണിവർ. വിപണിയിൽനിന്ന് വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ ഇക്കൂട്ടർ വിനിയോഗ ചട്ടം ഏർപ്പെടുത്തുകയാണ്. പശു പരിപാലനത്തിന്റെ ബാലപാഠങ്ങൾ അറിയാത്തവരാണ് ഇത് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. നമ്മുടെ കാർഷിക സംസ്കൃതിയുടെ ഭാഗമാണ് കാളകൾ, അത് ബി.ജെ.പി.-യുടെ വിത്തുകാളകളല്ല. വരിയുടച്ച കാളകളെയാണ് കർഷകർ ഉപയോഗപ്പെടുത്തുന്നത്. കാളകളെ വരിയുടച്ചാൽ ഗോമാതാവിനത് പ്രശ്നമാകുമെന്നാണ് സംഘ്പരിവാർ കരുതുന്നത്. ധവള വിപ്ലവത്തിന്റെകൂടി ഭാഗമായാണ് വിത്തുകാളകളെ നിയന്ത്രിക്കാനും മറ്റുമായി കാളകളെ വന്ധ്യംകരിച്ച് വരുന്നത്. ഈ വന്ധ്യംകരണ പ്രക്രിയ നാട്ടിൽ ഇന്നോളം ചെയ്തുപോന്ന ഒരു രീതിയുമാണ്. ബി.ജെ.പി അതും കുറ്റകരമാക്കിയിരിക്കുകയാണ്. തെരുവുനായ്ക്കളുടെ വന്ധ്യംകരണവും മൃഗസംരക്ഷണവും കാളകളുടെ വന്ധ്യംകരണവും ഗോമാതാവിനോടുള്ള അതിക്രമമായാണ് ചില കള്ള സന്ന്യാസിമാർ കണക്കാക്കുന്നത്. അത്തരം ചില സന്ന്യാസിമാർ വന്ധീകരിക്കപ്പെട്ടത് അടുത്തയിടെയാണല്ലോ. ഈ പോക്കുപോയാൽ ബി.ജെ.പി.-യുടെ കാര്യവും പോക്കാകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ വിജ്ഞാപനത്തിലൂടെ ജനങ്ങൾ അകപ്പെട്ടിട്ടുള്ള കുരുക്കിൽനിന്ന് അവരെ മോചിപ്പിക്കേണ്ടതുണ്ട്. പ്രായമാകുന്ന കാലികളെ കശാപ്പുകാർക്ക് വിൽക്കുകയും പുതിയവ വാങ്ങുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമാണ് കേന്ദ്ര വിജ്ഞാപനത്തിലൂടെ ഹനിക്കപ്പെടുന്നത്. ക്ഷീര കർഷകരുടെ ജീവിതമാർഗ്ഗവും ഇതോടെ ഇല്ലാതാകുകയാണ്. കശാപ്പുമായി ബന്ധപ്പെട്ട തൊഴിലുകൾ നഷ്ടമാകുകയും ബീഫ് ഫലത്തിൽ നിരോധിത ഭക്ഷണമാകുകയും ചെയ്യുന്നു. ഈ പ്രതിസന്ധി മറികടക്കാനുള്ള മാർഗ്ഗമാണ് നാമിവിടെ ആലോചിക്കേണ്ടത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഏറ്റവും ശക്തമായ സഹകരണ പ്രസ്ഥാനമുള്ള സംസ്ഥാനമാണ് കേരളം. ഇൻഡ്യൻ കോഫി ഹൗസ് പോലെ സഹകരണ പ്രസ്ഥാനത്തിന് കശാപ്പുശാലകളും കാലിച്ചന്തകളും രൂപീകരിക്കാനാകുമോ എന്ന് പരിശോധിക്കണം. ഈ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഒരാൾക്കുപോലും ജീവിതമാർഗ്ഗം ഇല്ലാതാകരുത്. ആവശ്യമെങ്കിൽ അതിനായൊരു നിയമനിർമ്മാണംതന്നെ നടത്തണം. മൂല്യവർദ്ധിത ബീഫ് കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് വരുമാനവും ഉണ്ടാക്കാം. മഞ്ഞിൽ കാവൽ നിൽക്കുന്ന പട്ടാളക്കാരുടെ പേരിൽ കരയുകയും ആയുധ കമ്പനികൾക്കുവേണ്ടി പട്ടാളക്കാരെ ബലിനൽകുകയും ചെയ്യുന്ന അതേ സമീപനം ഇൻഡ്യക്കാരുടെ 'കറിക്കലത്തിൽ കയ്യിടുന്നതിലും' ബി.ജെ.പി.

പുലർത്തുകയാണ്. വൻകിട കയറ്റുമതി-ഇറക്കുമതി കമ്പനികൾക്കുവേണ്ടിയാണ് ഗോമാതാവിന്റെ പേരിൽ ബി.ജെ.പി. ഈ നാടകം നടത്തുന്നത്. ഈ നയവഞ്ചന തുറന്നുകാട്ടപ്പെടുകയും അതിനെ ചെറുത്തുതോൽപ്പിക്കുകയും വേണം. പ്രധാനമന്ത്രി ഇതൊക്കെ അറിയുന്നുണ്ടോ എന്തോ; വല്ലപ്പോഴും ഇൻഡ്യയിലെത്തുമ്പോൾ നമ്മുടെ ബി.ജെ.പി. അംഗം കേരളത്തിന്റെ വികാരം അദ്ദേഹത്തിന് പറഞ്ഞുകൊടുക്കണം. യൂറോപ്യൻ രാജ്യങ്ങളിൽ ചുറ്റിത്തിരിയുമ്പോൾ അവിടെ നല്ല 'സൊയമ്പൻ ബീഫ് ഒക്കെ ഭക്ഷിച്ച് ഇവിടെവന്ന് ഗോസംരക്ഷണം എന്നുപറയുകയാണ്. അത് കേട്ട് തുള്ളിച്ചാടാൻ കുറേ ശിങ്കിടികളും. ജനങ്ങളുടെ ആവശ്യങ്ങളറിയാൻ ശ്രമിക്കുന്ന നയം പുതിയ ബി.ജെ.പി.-ക്ക് ഇല്ലെന്ന് നമുക്കറിയാം. ബി.ജെ.പി. എന്ന 'ട്രോജൻ കുതിരയുടെ' ഉള്ളിൽ സംഘ്പരിവാറിന്റെ 'കുറുവടിക്കാരാണുള്ളത്' എന്നതിന്റെ തെളിവാണല്ലോ ഇന്നലെ ഡൽഹിയിൽ എ.കെ.ജി. ഭവനിൽ കണ്ടത്. എങ്കിൽപ്പോലും ഇവിടെ പങ്കുവയ്ക്കപ്പെട്ട ആശങ്കകളും നിർദ്ദേശങ്ങളും നമ്മുടെ ബി.ജെ.പി. അംഗം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽകൊണ്ടുവരുമെന്നാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അതിപ്രധാനമായ ഒരു കാര്യത്തെ സംബന്ധിച്ച് പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടുന്നതിന് തീരുമാനമെടുത്ത ഗവൺമെന്റിനേയും പ്രതിപക്ഷ നേതാവിനേയും ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ മേയ് 23-ാം തീയതി കേന്ദ്ര ഗവൺമെന്റ് ഇറക്കിയ വിജ്ഞാപനത്തിന്റെ നാല് പ്രധാനപ്പെട്ട വശങ്ങളാണ് ഈ സഭ പ്രധാനമായും ചർച്ച ചെയ്യേണ്ടത്. ഈ തീരുമാനത്തോടുകൂടി സാമ്പത്തിക രംഗത്തുണ്ടായിട്ടുള്ള പ്രതിഫലനങ്ങൾ, ജനങ്ങളുടെ ആരോഗ്യ പ്രശ്നം, സാമൂഹ്യ പ്രത്യാഘാതം, അതിന്റെ രാഷ്ട്രീയ വശം എന്നീ നാല് കാര്യങ്ങളെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. ഇതിന്റെ ഏറ്റവും തീവ്രമായ പ്രശ്നങ്ങൾ വച്ചുകൊണ്ട് എന്റെ സ്നേഹിതൻ ശ്രീ. ഹൈബി ഈഡൻ ഹൈക്കോടതിയിൽ ഒരു public interest litigation കൊടുത്തിട്ടുണ്ട്. അത് ഹൈക്കോടതിയിൽ നിൽക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പല കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. അങ്ങ് ഇതിനകത്തൊരു രാഷ്ട്രീയ വശം കൊണ്ടുവരാത്തതുകൊണ്ട്, അതായിരിക്കാം ചർച്ചയുടെ ഒരു വശം എന്നുള്ള ധാരണയിൽ ഞാൻ രാഷ്ട്രീയ വശത്തിലേയ്ക്ക് അധികം കടക്കുന്നില്ല. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുവേണ്ടി കഴിഞ്ഞ മേയ് 23-ാം തീയതി കേന്ദ്ര ഗവൺമെന്റ് ഇറക്കിയ വിജ്ഞാപനം നമ്മുടെ രാജ്യത്തുളവാക്കിയിട്ടുള്ള പ്രത്യാഘാതം ഗൗരവമേറിയതാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക പ്രത്യാഘാതത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

സൂചിപ്പിച്ചു. 6,552 കോടി രൂപയുടെ കച്ചവടം നടക്കുന്ന ഒരു കാലി മാർക്കറ്റ് കേരളത്തിൽത്തന്നെയുണ്ട്. അവിടെ ജോലി ചെയ്യുന്ന അഞ്ച് ലക്ഷത്തോളം വരുന്ന ആളുകളെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. പാൽ, തുകൽ, വയ്ക്കോൽ, എല്ല് എന്നീ വ്യാപാര മേഖലകളെ ഇത് ഗുരുതരമായി ബാധിക്കുകയാണ്. അതോടൊപ്പം നമ്മുടെ ഭക്ഷണക്രമത്തിനകത്തൊരു കയ്യേറ്റം നടക്കുന്നു എന്നുള്ള കാര്യം യാഥാർത്ഥ്യമാണ്. ബീഫ് കഴിക്കുന്നവരുടെ എണ്ണത്തിൽ ഇന്ത്യയിലെ ആറാമത്തെ സംസ്ഥാനമായി കേരളം നിൽക്കുകയാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഭക്ഷണക്രമത്തെ ഇത് വല്ലാതെ ബാധിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക, ഒഡീഷ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് സാധാരണഗതിയിൽ കാലികളെ കേരളത്തിൽ കൊണ്ടുവരുന്നത്. അതുകൊണ്ട് ഇത് കേരളത്തെ ബാധിക്കില്ലെന്ന വാദഗതിയോട് യോജിക്കാൻ കഴിയില്ല. കാരണം, നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികളെ ഇവിടെ കയറ്റരുത് എന്നൊരു തീരുമാനം വരുന്നതോടുകൂടി നിശ്ചയമായും കേരളത്തിലും അതിന്റേതായ പ്രത്യാഘാതം ഉണ്ടാകും. ഇന്ത്യയിലെ അമ്പത് ശതമാനത്തിലധികം വീടുകളിലും കന്നുകാലികളെ വളർത്തുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യൻ ഇക്കോണമിയെ ഇത് ഗൗരവമായിട്ടാണ് ബാധിക്കുന്നത്. ഇന്ത്യാ ഗവൺമെന്റ് ഈ കാര്യത്തെക്കുറിച്ച് തീവ്രമായി ആലോചിച്ചിട്ടുണ്ടോ; ഇതിന്റെ സാമ്പത്തിക വശം നമ്മുടെ രാജ്യത്തുണ്ടാക്കുന്ന പ്രത്യാഘാതം എന്താണെന്ന് ആലോചിച്ചിട്ടുണ്ടോ എന്ന് ഞങ്ങൾ സംശയിക്കുകയാണ്. നമ്മുടെ നാട്ടിലെ സ്ത്രീകൾ പൊതുവെ കന്നുകാലികളെയൊക്കെ വളർത്തി വീടിന്റെ ഐശ്വര്യമായി കാത്തുസൂക്ഷിച്ച്, വീട്ടിലൊരു വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗമായി അതിനെ കാണുകയാണ്. സ്ത്രീ ശാക്തീകരണത്തിന്റെ കാലഘട്ടത്തിൽ അവരുടെ വരുമാന മാർഗ്ഗത്തെ ഇന്ത്യാ ഗവൺമെന്റ് ഇല്ലാതാക്കി എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബീഫ് ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഇന്ത്യ അഞ്ചാം സ്ഥാനത്താണ്. കയറ്റുമതിയുടെ കാര്യത്തിലും നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാദത്തോട് ഞാൻ യോജിക്കുന്നു. ഒരു വർഷം 23,650 കോടി രൂപയുടെ മാട്ടിറച്ചി നമ്മുടെ രാജ്യത്ത് നിന്ന് കയറ്റി അയയ്ക്കുകയാണ്. മൊത്തം കയറ്റുമതിയുടെ 80.23 ശതമാനം ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുതന്നെയാണ്. അത് കേരളത്തെ മാത്രമല്ല, ഇന്ത്യ ഒട്ടാകെ ബാധിക്കുന്നുണ്ട്. ഇന്ത്യയിലെ പ്രമുഖ സംസ്ഥാനങ്ങളെത്തന്നെ ഇത് ഗൗരവതരമായി ബാധിക്കുന്നു എന്നതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ബീഫ് കയറ്റുമതിയിൽ 19.60 ശതമാനം കയ്യാളുന്ന കാര്യത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. 2016-17 ജനുവരി വരെയുള്ള കണക്ക് പ്രകാരം 21,316 കോടി രൂപയാണ് ബീഫ് കയറ്റുമതിയിലൂടെ

നമ്മുടെ രാജ്യത്തിന് കിട്ടിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് നമ്മുടെ സംസ്ഥാനത്തിന്റെ ഇക്കോണമിയെ മാത്രമല്ല, രാജ്യത്തിന്റെ ഇക്കോണമിയെത്തന്നെ ഗുരുതരമായി ബാധിക്കാൻ പോവുകയാണ്. എടുത്ത തീരുമാനം സ്വാഭാവികമായും നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ ബാധിക്കും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. 2015-16-ൽ പോത്തിറച്ചി കയറ്റുമതിയിൽ ഇന്ത്യ നേടിയത് 26,682 കോടി രൂപയാണ്. ഏറ്റവും കൂടുതൽ ഫോറിൻ കറൻസി നമ്മുടെ രാജ്യത്തേയ്ക്ക് വരേണ്ട സാധ്യത ഇത് ഇല്ലാതാക്കുകയാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കയറ്റുമതി 40,000 കോടി രൂപയുടേതാകേണ്ടതാണ്. തുകൽ വ്യവസായത്തെ ഇത് വളരെ ഗുരുതരമായി ബാധിക്കുകയാണ്. അതോടൊപ്പം ഇതിനകത്തൊരു രാഷ്ട്രീയ വശമുണ്ട്. ലക്ഷണമൊത്ത ഒരു ഫാസിസ്റ്റ് ഗവൺമെന്റിന്റെ നയമാണ് ഇവിടെ നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏകസംസ്കാര ഭാരതം എന്നതാണ് ഇവിടെ ഉന്നം വച്ചുകൊണ്ടിരിക്കുന്നത്. അത് നമ്മുടെ ഭരണഘടനയ്ക്ക് വിരുദ്ധമാണ്. ബഹുസ്വരതയാണ് നമ്മുടെ ഭരണഘടനയിൽ വിഭാവന ചെയ്തിട്ടുള്ളത്. അതിനെക്കാൾ കൂടുതൽ ഏകസംസ്കാര ഭാരതം എന്ന വീക്ഷണം വൈവിദ്ധ്യത്തിന്റെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ ശ്രമത്തെ ഒരുമിച്ചുനിന്ന് എതിർക്കുകയാണ് വേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ, ഇപ്പോഴെങ്കിലും ഇന്ത്യൻ ജനാധിപത്യത്തിന്റെ മേൽ കയ്യേറ്റം നടത്തുന്ന ഏകാധിപത്യത്തിന്റെ സ്വരമുള്ള പാർട്ടി ഏത് പാർട്ടിയാണെന്നുള്ളത് അങ്ങയുടെ പാർട്ടിക്കും ബോധ്യപ്പെടാനുള്ള സാഹചര്യമെത്തി എന്നുള്ളത് അടുത്തകാല സംഭവങ്ങളും ഈ തീരുമാനങ്ങളും നമ്മെ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ഈ സഭയ്ക്കകത്ത് ഒരേ അഭിപ്രായം വേണം. കേരളത്തിലെ മൂന്നരക്കോടി ജനങ്ങളുടെ അഭിപ്രായം പൊതു അഭിപ്രായമായി ഈ സഭ ഏറ്റെടുക്കണം. ആ പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമമുണ്ടാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. നേരത്തെ പറഞ്ഞതുപോലെ നമ്മൾ ഇപ്പോൾ ഒരു പ്രമേയം പാസ്സാക്കി, ആ പ്രമേയം എവിടെവരെ എത്തും, അതിന്റെ ലീഗൽ സ്റ്റാന്റ് എന്ത് എന്നതിനെക്കുറിച്ച് ഇവിടെ വിശദീകരിക്കേണ്ടതില്ല. അങ്ങ് പറഞ്ഞ വാക്ക് ഞാൻ കടമെടുക്കുന്നു, കേരള സംസ്ഥാനം നിലനിൽക്കണമെങ്കിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുമ്പേ പറക്കുന്ന പക്ഷിയായി കേരളം പോകുന്നതിനുള്ള സാധ്യതയുണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പൊതുവിൽ അംഗീകരിക്കുന്നു. അതോടൊപ്പം പ്രമേയം ചർച്ചയ്ക്ക് വരുമ്പോൾ അമെന്റ്മെന്റുണ്ടെങ്കിൽ ആ സമയത്ത് ഓർമ്മിപ്പിക്കാം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ പൊതുവികാരത്തോട് യോജിക്കുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അങ്ങും ഉൾപ്പെടെ ഇങ്ങനെയൊരു സമ്മേളനം കൂടാൻ അവസരമൊരുക്കിയതിൽ എന്റെയും എന്റെ പാർട്ടിയുടെയും അഭിനന്ദനം രേഖപ്പെടുത്തുകയാണ്. ഈ പ്രശ്നത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച എല്ലാ കാര്യങ്ങളോടും യോജിക്കുകയാണ്. ഇവിടെ സംസാരിച്ച മറ്റ് അംഗങ്ങൾ ഉന്നയിച്ച അഭിപ്രായങ്ങളോടും ഞാൻ പങ്കുചേരുകയാണ്. കഴിഞ്ഞ മേയ് 23-ാം തീയതി കേന്ദ്ര ഗവൺമെന്റ് ഇറക്കിയ പ്രഖ്യാപനം മൂന്നുനാല് മൗലികമായ പ്രശ്നങ്ങളെ ബാധിക്കുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ സ്വാതന്ത്ര്യമാണ്. ആഹാരത്തിന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുമ്പോൾ സ്വാതന്ത്ര്യത്തിന്റെ 70 ശതമാനവും നഷ്ടപ്പെടുകയാണ്. അതായത് സ്വാതന്ത്ര്യം മൃതപ്രായമാകുന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് നമ്മുടെ ആഹാര സ്വാതന്ത്ര്യത്തിന്മേലുള്ള സർക്കാരിന്റെ കടന്നുകയറ്റം. എന്റെ ആഹാരത്തിന്റെ രുചി രൂപപ്പെടുത്തിയത് എന്റെ അമ്മയും അമ്മയുടെ അടുക്കളയുമാണ്. ഓരോരുത്തരുടെയും ആഹാരത്തിന്റെ സ്വാതന്ത്ര്യവും, രുചിയും, ആഹാരത്തോടുള്ള അഭിനിവേശവുമെല്ലാം നിയന്ത്രിക്കുന്നത് അവരവരുടെ കുടുംബവും ചുറ്റുപാടും അമ്മയും അടുക്കളയുമൊക്കെയാണ്. അത് നമുക്കുതന്നെ പരിശോധിച്ചാൽ അറിയാൻ കഴിയും. എ. പി. ജെ. അബ്ദുൾ കലാം മുസ്ലീം അയിരുന്നു. പക്ഷെ അദ്ദേഹം സസ്യാഹാരം മാത്രം കഴിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിന് അതിന് അവകാശമുണ്ട്. അദ്ദേഹത്തിന്റെ സസ്യാഹാര രീതിയും അദ്ദേഹത്തിന്റെ മഹത്വവുമായി ബന്ധപ്പെട്ട് ഒരിക്കലും ഇന്ത്യയിൽ ചർച്ച ചെയ്തിരുന്നില്ല. എന്നാൽ കാശ്മീരി ബ്രാഹ്മണനായി അലഹബാദിൽ താമസിച്ച ജവഹർലാൽ നെഹ്റു മാംസം കഴിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ മഹത്വവും ഒരിക്കലും ആഹാരവുമായി ബന്ധപ്പെട്ടായിരുന്നില്ല. ആഹാരം അവരവരുടെ സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യത്തിന്റെ നേർക്കുള്ള കടന്നുകയറ്റം ഈ നിയമത്തിനകത്തുണ്ട്. അത് അനുവദിക്കാൻ പാടില്ല. രണ്ടാമത്തെ പ്രശ്നം, ആഹാരത്തിന്റെ സ്വാതന്ത്ര്യത്തിലേയ്ക്ക് കടന്നുകയറുമ്പോൾ, ഇവർ ഈ പ്രഖ്യാപനം കൊണ്ടുവരുമ്പോൾ, ഇന്ത്യയിൽ ആഹാര സ്വാതന്ത്ര്യത്തിന്റെമേലുള്ള കടന്നുകയറ്റം മാത്രമല്ല, മനഃപൂർവ്വമായി ഒരു ഡിവിഷൻ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ആ ഡിവിഷൻ ഉണ്ടാക്കിയാൽ മാത്രമേ ബി.ജെ.പി. രാഷ്ട്രീയത്തിന് നിലനിൽപ്പുള്ളൂ. ആ ഡിവിഷൻ ഉയർത്തുന്നതിന് അവർ പശുവിനെ ഒരു രാഷ്ട്രീയ മൃഗമാക്കുകയാണ്. മൃഗങ്ങളെ ഉപയോഗിക്കുകയാണ്. നമ്മുടെ ആഹാര സംവിധാനത്തെ, ആ സ്വാതന്ത്ര്യത്തെ അട്ടിമറിക്കുകയാണ്. അത് അനുവദിക്കാൻ പാടില്ല. ബി.ജെ.പി. വിശ്വസിക്കുന്നതുപോലെ, ബുദ്ധന്റെ കാലഘട്ടം ഒഴിച്ചാൽ, ഇന്ത്യയിൽ

സസ്യാഹാരത്തിന് ഒരിക്കലും മുൻഗണന ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മാംസാഹാരം കഴിച്ചിരുന്ന കൂട്ടത്തിൽ ബ്രാഹ്മണരും ഉണ്ടായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 'ഗോഘ്നൻ' എന്നൊരു പദം ശബ്ദതാരാവലിയിലുണ്ട്. ആ പദത്തിന് ശബ്ദതാരാവലിയുടെ 738-ാം പേജിൽ കൊടുത്തിരിക്കുന്ന അർത്ഥം തെളിയിക്കുന്നത്, 'പശുവിനെ കൊല്ലുന്നവൻ' എന്നാണ്. അതിന്റെ രണ്ടാമത്തെ അർത്ഥം 'അതിഥി സത്കാരം ചെയ്യുമ്പോൾ പശു മാംസം കൊടുക്കുന്നവൻ' എന്നാണ്. മൂന്നാമത്തെ അർത്ഥം 'ഉത്തമനായ ബ്രാഹ്മണൻ' എന്നാണ്. കേരളത്തിൽ മലയാള ശബ്ദതാരാവലിയിലുള്ളത് ഈ അർത്ഥങ്ങളാണ്. അതുകൊണ്ട് നമ്മുടെ പൂർവ്വകാലത്ത് ഹിന്ദുക്കൾ വിവക്ഷിക്കുന്ന, ഹിന്ദു എന്നുപറയുന്നത് ഒരു പൊതുവായ പേരാണ്, സിന്ധു നദിയുടെ തീരത്ത് ജീവിച്ചിരുന്ന മനുഷ്യരെ വിളിച്ച പേരാണ്. ബ്രാഹ്മണകാലത്ത് അതായത്, രാമായണത്തിന്റെ കാലത്ത് ഹിന്ദു എന്നൊരു വാക്കില്ല. പക്ഷേ രാമന്റെ കാലത്തുതന്നെ, സീതയും രാമനും കാട്ടിൽ പാർക്കുമ്പോൾ സീത മാനിറച്ചി ഉണക്കാൻ ഇട്ടിരിക്കുന്ന നേരത്ത് രാമൻ സീതയുടെ മടിയിൽ തലവച്ച് കിടക്കുമ്പോഴാണ് ദേവേന്ദ്രന്റെ മകൻ ജയന്തൻ വരുന്നതും ആക്രമിക്കുന്നതും, ജയന്തനെതിരെ ശ്രീരാമൻ ഒരു അമ്പ് അയയ്ക്കുന്നതും. അവസാനം അത് ജയന്തൻ എന്ന കാക്കയുടെ കണ്ണിൽ കൊണ്ടതുകൊണ്ടാണ് ഇന്നും കാക്കയ്ക്ക് കോങ്കണ്ണ് ഉള്ളതെന്നാണ് രാമായണ വിശേഷം. ഞാൻ പറയുന്നത്, ഇതിനെയെല്ലാം വർഗ്ഗീയവത്കരിക്കുമ്പോൾ സംഭവിക്കുന്നത്, ഒരു ആഹാര സ്വാതന്ത്ര്യം അട്ടിമറിക്കപ്പെടുമ്പോൾ.... അവരവർക്ക് ഇഷ്ടമുള്ള ആഹാരം കഴിക്കാം. എനിക്ക് ഇഷ്ടപ്പെട്ട ആഹാരം കഴിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്റെ ഭാര്യയും ഞാനും ആഹാരം കഴിക്കുന്ന കാര്യത്തിൽ ചില വ്യത്യസ്തതകളുണ്ട്. കാരണം എന്റെ ഭാര്യയുടെ ആഹാര സ്വാതന്ത്ര്യവും രുചിയും രൂപീകരിച്ചത് ഭാര്യയുടെ അമ്മയും അടുക്കളയുമാണ്. എന്റെ ആഹാരത്തിന്റെ രുചി രൂപീകരിച്ചത് എന്റെ അമ്മയും അമ്മയുടെ അടുക്കളയുമാണ്. ഈ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റത്തെ ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല. ആഹാരത്തിന്മേലുള്ള കടന്നുകയറ്റത്തെ ഇന്ത്യയിൽ എവിടെയെങ്കിലും അംഗീകരിച്ചാൽ, അത് കാശ്മീരും കേരളവും മാത്രമല്ല, ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ ഐക്യത്തിന്റെ നൂൽ, അങ്ങനെ അംഗീകരിക്കുന്ന നേരത്ത് ആഹാര സ്വാതന്ത്ര്യത്തെ ഇന്ത്യയിൽ വിഘടിച്ചാൽ/ ഇല്ലാതാക്കിയാൽ, ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ ഐക്യത്തിന്റെ താക്കോൽ നഷ്ടപ്പെടും. കേരളത്തിന്റെ മുഖ്യമന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഇത് ശക്തമായി ഉന്നയിക്കപ്പെടണം.

രണ്ടാമത്, ഇതുമായി ബന്ധപ്പെട്ട് ഒരു ജീവിതമുണ്ട്. മറ്റു പല കാര്യങ്ങളും ഇന്ത്യയിൽ കോർപ്പറേറ്റ് വത്കരിക്കപ്പെട്ടിട്ടുണ്ട്. പശുവും എരുമയും കാളയും ആടും ഇപ്പോഴും സാധാരണക്കാരന്റെ വീട്ടിലെ അവന്റെ കൂട്ടുകാരനായ, അവന്റെ വിശ്വസ്തനായ മൃഗമാണ്. കോർപ്പറേറ്റ് വത്കരിക്കപ്പെടാനുള്ള ഒരു ഹിഡൻ അജണ്ട ഇതിനകത്തുണ്ട്. ഒരു മൃഗത്തെ വളർത്താനുള്ള സ്വാതന്ത്ര്യം ഒരു പാവപ്പെട്ട മനുഷ്യനുണ്ടെങ്കിൽ അതിനെ വിൽക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. വിൽക്കാനുള്ള സ്വാതന്ത്ര്യം വളർത്തുന്നവന് മാത്രമേയുള്ളൂ. ഇവിടെ വളർത്തുന്നവന് വിൽക്കാനുള്ള അവകാശം നഷ്ടപ്പെടുമ്പോൾ വളർത്തുന്നതിൽനിന്ന് അവൻ പിന്മാറും. അവൻ വളർത്തലിൽനിന്ന് പിന്മാറുമ്പോൾ അതിന്റെ ഉത്തരവാദിത്വം മുഴുവൻ ഇന്ത്യയിലെ കോർപ്പറേറ്റുകൾ കയ്യടക്കും. പശു, ആട്, കോഴി, കാള, എരുമ തുടങ്ങിയവയെ വളർത്തി ജീവിക്കുന്ന കോടാനുകോടി മനുഷ്യരുണ്ട്. അതിലൊരു പങ്ക് ഇന്ത്യയിലെ പാവപ്പെട്ട, ദളിതരായ, പിന്നോക്കക്കാരായ, സാധാരണക്കാരായ മനുഷ്യരാണ്. അവരുടെ കയ്യിൽനിന്നും അവരുടെ ജീവിതം തട്ടിപ്പറിക്കാനുള്ള ഒരു ഹിഡൻ അജണ്ട ഇതിനകത്തുണ്ട്. ഇപ്പോൾ ശ്രീശ്രീ രവിശങ്കർ യമുനാ നദീതീരത്ത് നടത്തിയ തീരുമാനങ്ങളിൽ ഒന്ന്, ഒന്നര ലക്ഷം വരുന്ന പശുക്കളെ വളർത്തുന്ന 15 ഫാമുകൾ സൃഷ്ടിക്കുക എന്നതാണ്. അതായത്, പാലിന്റെയും ഇറച്ചിയുടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും മൊത്തം കേന്ദ്രീകരണം ചില കോർപ്പറേറ്റുകളുടെ കൈകളിലേയ്ക്ക് എത്തുന്ന അവസ്ഥയാണുണ്ടാകുന്നത്. മുഖ്യമന്ത്രി അത് കൃത്യമായി പറഞ്ഞു. ഇങ്ങനെയൊരവസ്ഥ ഇന്ത്യയിൽ ഉണ്ടായാൽ സാധാരണ മനുഷ്യന്റെ ജീവിതം താറുമാറാകും. ഇപ്പോൾത്തന്നെ ഇന്ത്യയിലെ സാധാരണ കർഷകർ ആത്മഹത്യയുടെ വക്കിലാണ്. മധ്യപ്രദേശിലെ ഒരു കർഷകൻ ആത്മഹത്യ ചെയ്യാൻ പറ്റാത്തതുകൊണ്ട്, ജീവിതവുമായി പൊരുതുമ്പോൾ അവനെ വെടിവച്ച് കൊല്ലുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ, മൃഗസംരക്ഷണ പ്രവർത്തനത്തെ സാധാരണ മനുഷ്യരിൽനിന്നും തട്ടിപ്പറിക്കുന്ന, കോർപ്പറേറ്റ് വത്കരിക്കപ്പെടുന്ന ഒരു ഹിഡൻ അജണ്ട ഇതിനുമുമ്പിൽ ഉള്ളതുകൊണ്ട് ഈ വാണിജ്യവത്കരണ താൽപ്പര്യത്തിന്റെ പിന്നിൽ നിൽക്കുന്നവരെ തീർച്ചയായും തുറന്നു കാണിക്കുകയും അതിനെ എതിർക്കുകയും വേണം.

മൂന്നാമത്തെ പ്രശ്നം, ആറേഴ് കമ്പനികളാണ് ഇന്ത്യയിൽ മാംസ കച്ചവടത്തിന്റെ കുത്തകകളായി ഇപ്പോഴുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, യു.പി.-ക്കും മഹാരാഷ്ട്രയ്ക്കുമാണ് അതിൽ മുഖ്യ പങ്കുള്ളത്. പരിശോധിച്ച് വരുമ്പോൾ അതിൽ പലരും ബി.ജെ.പി. നേതാക്കന്മാരുമാണ്. ഒരാൾ യു.പി.-യിലെ എം.എൽ.എ.-യാണ്, ഒരു എം.പി.-യുമുണ്ട്. ഈ കച്ചവടത്തിന്റെ കുത്തക നിലനിർത്താൻവേണ്ടി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ സൂക്ഷ്മമായി പരിശോധിക്കുകയും അത്തരം താൽപ്പര്യങ്ങളെ തുറന്നു കാണിക്കുകയും, ആ താൽപ്പര്യത്തിന് അനുകൂലമായി ഒരു ഭരണകൂടം നടത്തുന്ന ചതി ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. അതിനായി കേരള നിയമസഭ ചെയ്യുന്നത് മഹത്തായ ഒരു കാര്യമാണ്.

മറ്റൊന്ന്, നമ്മുടെ നാട്ടിൽ ഇതിന്റെ പേരിൽ നടക്കുന്ന ആക്രമണങ്ങളാണ്. പശുവിനെ കൊണ്ടുപോയാൽ കൊല്ലും. അതായത് ബി.ജെ.പി.-യുടെ മൂന്ന് വർഷം എന്നു പറയുന്നത്, മൃഗങ്ങളോട് സ്നേഹം പറയുകയും മനുഷ്യനെ ക്രൂരമായി ആക്രമിക്കുകയും ചെയ്യുന്ന, മനുഷ്യവിരുദ്ധമായ മൂന്നുവർഷമാണ്. മൃഗങ്ങളെ മുൻനിർത്തി മനുഷ്യനെ ആക്രമിക്കുകയും കൊല്ലുകയും മനുഷ്യജീവിതത്തിന്റെ എല്ലാ പ്രശ്നങ്ങളെയും അവഗണിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന ഒരു സംവിധാനം നമ്മുടെ നാട്ടിലുണ്ട്. ഇന്ത്യയുടെ ബി.ജെ.പി. ഭരണത്തിന്റെ പ്രത്യേകത, ഇന്ത്യ അന്ധവിശ്വാസത്തിലേയ്ക്ക് പോകുന്നു എന്നുള്ളതാണ്. ചെറിയ കണക്കനുസരിച്ച് 50 ലക്ഷം ആൾ ദൈവങ്ങളാണ് ഇന്ത്യയിലുള്ളത്. അവർക്കെല്ലാം ഭരണകൂടത്തിന്റെ തണലാണുള്ളത്. അവരെ വളർത്തിയെടുക്കാൻ കോടിക്കണക്കിന് അന്ധവിശ്വാസികളായ മനുഷ്യരെ സൃഷ്ടിക്കുകയാണ്. ഇന്ത്യയിൽ കഴിഞ്ഞ വർഷം ഒരാളെ അറസ്റ്റ് ചെയ്തു. അദ്ദേഹത്തിന്റെ പേര് ആശാറാം ബാപ്പു എന്നാണ്. അദ്ദേഹത്തിന് 400 ആശ്രമങ്ങളും കോടിക്കണക്കിന് അനുയായികളും കോടിക്കണക്കിന് രൂപയുടെ സ്വത്തുമുണ്ട്. അദ്ദേഹത്തെക്കുറിച്ച് മഹാരാഷ്ട്രയിലെ ആനന്ദ് എന്ന പത്രപ്രവർത്തകൻ ഒരു ജീവചരിത്രം എഴുതിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, സബർമതി തീരത്ത് ചെറുപ്പകാലത്ത് വാറ്റ് ചാരായം വിറ്റുനടന്ന ആളാണ് ആശാറാം ബാപ്പു എന്നാണ്. അങ്ങനെയുള്ളവർക്ക് സംരംക്ഷണം കൊടുക്കുക, ദാമോദർ ധവേൽക്കറെ, പൻസാര, ഗോവിന്ദ് എന്നിവരെപ്പോലെയുള്ളവരെ വധിക്കുക, മനുഷ്യനുവേണ്ടി സംസാരിക്കുന്നവരെ കൊല്ലുക, മനുഷ്യനെതിരായി നിൽക്കുന്നവരെ, അന്ധവിശ്വാസം പ്രചരിപ്പിക്കുന്നവരെ, പശുവിന്റെ പേര് പറയുന്നവരെ, മൃഗത്തിന്റെ പേര് പറയുന്നവരെ സംരക്ഷിക്കുക എന്ന ഈ നയത്തെ എതിർത്ത് തോൽപ്പിച്ചേ പറ്റൂ. ഇന്ത്യ അന്ധവിശ്വാസികൾക്കോ ആൾ ദൈവങ്ങൾക്കോ കോർപ്പറേറ്റുകൾക്കോ ഉള്ളതല്ല. ഇന്ത്യ മനുഷ്യനുള്ളതാണ്. ഇവർ പറയുന്നത് ശ്രീകൃഷ്ണന്റെ മൃഗമാണ് പശു എന്നാണ്. ശ്രീകൃഷ്ണന്റെ മൃഗം പശുവെന്നാണ് ഞങ്ങളും പറയുന്നത്. ശ്രീകൃഷ്ണൻ കാലി വളർത്തി ജീവിച്ചവനാണ്. കുറച്ചുകാലമേ രാജാവായിരുന്നിട്ടുള്ളൂ. കാലി വളർത്തി ജീവിച്ച ശ്രീകൃഷ്ണനെ പ്പോലെയുള്ളവരെ പിടിച്ച് ജയിലിലിടുന്ന കംസന്മാരാണ് ഇപ്പോൾ കേന്ദ്രത്തിൽ ഈ നയം സ്വീകരിക്കുന്നത്. ആ കംസന്മാരെ പിടിച്ചുകെട്ടാൻ പുതിയ കൃഷ്ണന്മാർ ജനിക്കണം. അതിൽ ഒരു കൃഷ്ണൻ കേരളത്തിൽ ജനിക്കണം. അങ്ങനെ കേരളത്തിൽ നിന്ന് ഈ കംസന്മാരെ പിടിച്ചുകെട്ടാൻ, മനുഷ്യനോട് ക്രൂരത ചെയ്യുന്നവരെ അടിച്ചിരുത്താൻ, അവരുടെ നയങ്ങൾ തിരുത്താൻ, അത് പിൻവലിപ്പിക്കുന്നതിന് ഉത്തരവാദിത്വപൂർണ്ണമായ, ഉദാത്തമായ ഒരു യുദ്ധം കേരള നിയമസഭ തുടങ്ങണം. കാരണം ഈ രാജ്യം മനുഷ്യനും കാലിക്കും വേണ്ടിയുള്ളതാണ്. മനുഷ്യനെ ഒഴിച്ചുള്ളവയെല്ലാം മനുഷ്യന് ആഹാരമാക്കാമെന്നുള്ളതാണ് നമ്മുടെ

ഭരണഘടനയിലെ നിയമം. അതിൽ പശുവിനെ മാത്രം മാറ്റി നിർത്താൻ പറ്റില്ല. അതുകൊണ്ടാണ് ഇന്ത്യയിൽ ഒരു മുദ്രാവാക്യമുള്ളത്, 'കൊന്നാൽ പാപം തിന്നാൽ തീരും' എന്ന്. തിന്നാനാണെങ്കിൽ കൊല്ലാനുള്ള അവകാശം മനുഷ്യന് വേണം, അത് തിന്നാനാണെങ്കിൽ മാത്രം..... തിന്നാനല്ലാതെ, ഈ രാജ്യത്തെ കൊന്നു കൊണ്ടിരിക്കുന്ന കംസന്മാരാണ് ബി.ജെ.പി.-ക്കാർ. തിന്നാനല്ലാതെ കൊല്ലുന്ന അവരുടെ സമ്പ്രദായത്തിനെതിരെ മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തോട് അഭിമാനപൂർവ്വം പങ്കുചേർന്നുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഒരു ഭരണകൂടത്തിന്റെ പ്രധാന ലക്ഷ്യം ആരെങ്കിലും ഭക്ഷണം കഴിക്കാതെ രാത്രി കിടന്നുറങ്ങുന്നുണ്ടോയെന്ന് നോക്കുന്നതാണ്. ഹർഷ് മന്ദറിന്റെ *Ash in the Belly* എന്ന പുസ്തകത്തിൽ ദിവസവും രാത്രി ലക്ഷക്കണക്കിനാളുകൾ ഒരു നേരത്തെ ഭക്ഷണംപോലും കഴിക്കാതെ കിടന്നുറങ്ങുന്നുണ്ടെന്ന് പറയുന്നു. ഉള്ള ഭക്ഷണംകൂടി ഇല്ലാതാക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഉള്ള പാത്രംകൂടി തട്ടിത്തെറിപ്പിച്ച് ഭക്ഷണം നിഷേധിക്കുന്ന ഒരു സാഹചര്യം ഫാസിസ്റ്റ് ഗവൺമെന്റ് ഇന്ത്യയിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതയുമായി ബന്ധപ്പെട്ട 1960-ലെ നിയമത്തിന് ചട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുകയും അതിനുവേണ്ടി ഗസറ്റ് നോട്ടിഫിക്കേഷൻ കൊണ്ടുവരികയും ചെയ്തു. ഈ നിയമത്തിന്റെ 11(ഇ)-യിൽ ഭക്ഷണത്തിനുവേണ്ടി ക്രൂരമല്ലാത്ത രീതിയിൽ മൃഗങ്ങളെ അറുക്കുന്നത് തെറ്റല്ലെന്ന് കൃത്യമായി പറയുന്നുണ്ട്. അങ്ങനെയൊരു നിയമം നിലനിൽക്കെ അതിന് വിരുദ്ധമായി ചട്ടമുണ്ടാക്കാൻ സാധിക്കുമോ എന്നുള്ളത് ഗൗരവതരമായി നിയമജ്ഞരും മറ്റ് പ്രഗൽഭരായ ആളുകളും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാണ് ഫെഡറൽ സിസ്റ്റത്തെ കയറിപ്പിടിച്ചിരിക്കുന്നുവെന്ന് പറയാനുള്ള കാരണം. ഗോവധ നിരോധനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ്. ഇത് സ്റ്റേറ്റ് ലിസ്റ്റിൽ വരുന്നതാണ്. മൃഗങ്ങൾക്കെതിരായ ക്രൂവൽറ്റിയാണ് കൺകറന്റ് ലിസ്റ്റിൽ വരുന്നത്. പക്ഷെ, ക്രൂവൽറ്റിയിൽത്തന്നെ 11(ഇ)-ക്ക് വിരുദ്ധമായി ചട്ടമുണ്ടാക്കാൻ ഒരു ഗവൺമെന്റിന് അധികാരമില്ല. അതുകൊണ്ടുതന്നെ ഈ ചട്ടങ്ങൾ നിലനിൽക്കുന്നതല്ലെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. അതുകൊണ്ടുതന്നെയാണ് ഇങ്ങനെയൊരു പ്രമേയം കൊണ്ടു വന്നിരിക്കുന്നത്. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും താല്പര്യമെടുത്ത് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നതിൽ സന്തോഷിക്കുന്നു. നിയമസഭാ സാമാജികനായതിൽ ഞാൻ അഭിമാനം കൊള്ളുന്ന ഒരു മുഹൂർത്തം കൂടിയാണിത്. പല തരത്തിൽ ഈ വിഷയത്തെ നമുക്ക് കാണാം. ഇതിന്റെ സാമ്പത്തിക ഭാഗം നോക്കാം, അതുപോലെ ഇതിനെ മതപരമായി തിരിച്ചുവിടാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഒരു

കാരണവശാലും ഇതിനെ മതപരമായി തിരിച്ചുവിടാൻ പാടില്ലെന്നതാണ് നമ്മളെല്ലാം ഒരുമിച്ചെടുക്കേണ്ട തീരുമാനം. അതുകൊണ്ടുതന്നെ ബീഫ് ഫെസ്റ്റിവൽ ആയാലും ആളുകളുടെ നടുവിൽവച്ച് ഒരു മൃഗത്തെ അറുത്ത് ആഹ്ലാദം കൊള്ളുന്ന ചെറുപ്പക്കാരുടെ വിഷയമായാലും അതിനെ ഒരുപോലെ കാണാനും ഒരുപോലെ നേരിടാനും നമുക്ക് സാധിക്കണം. ഇതിനെ വോട്ട് ബാങ്കിനുവേണ്ടി കച്ചവടമാക്കുന്ന വിഷയമാക്കരുത്. പാവപ്പെട്ട കർഷകന്റെ ജീവിതവുമായി ബന്ധപ്പെട്ട വിഷയമാണിത്. ഒരു കർഷകൻ പശുവിനെയോ കന്നുകാലികളെയോ വളർത്തുന്നത് കേവലം പാൽ കിട്ടുന്നതിനോ ചുമട് ചുമക്കുന്നതിനോ വേണ്ടിയല്ല. മറിച്ച് മറ്റൊരു ഘട്ടത്തിൽ അതിനെ അറവിനുവേണ്ടി വിൽക്കുമ്പോൾ മാത്രമാണ് അവന് സാമ്പത്തിക ഭദ്രത വരുന്നത്. ഈ ചട്ടങ്ങൾ വരുന്നതോടുകൂടി പശുവളർത്തലും പാൽ കച്ചവടവും ആരും ഏറ്റെടുക്കില്ല. അതോടെ കോർപ്പറേറ്റുകൾക്ക് ഇതൊരു നല്ല അവസരമായി മാറും. ശ്രീ. മുല്ലക്കര രത്നാകരൻ സൂചിപ്പിച്ചതുപോലെ രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റ് ബീഫ് എക്സ്പോർട്ടിംഗ് കമ്പനി, സംഗീത് സോം എന്നയാളുടെ അൽ-ദുവ എന്ന കമ്പനിയാണ്. മുസാഫർ നഗറിലും അഖ്‌ലാക്കിനെ കൊലപ്പെടുത്തിയ സമയത്തും താണ്ഡവമാടിക്കൊണ്ട് വർഗ്ഗീയ വിഷം തുപ്പുന്ന രീതിയിലുള്ള പ്രസ്താവനകൾ ഇറക്കിയത് അദ്ദേഹമാണ്. രാജ്യത്തെ പ്രധാനപ്പെട്ട ബീഫ് എക്സ്പോർട്ടർ സംഗീത് സോം ആണെന്ന് പിന്നീടാണ് മനസ്സിലായത്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ പാർട്ണർ മോയിൻ ഖുറേഷി എന്നയാളാണ്. മോയിൻ ഖുറേഷിയോടൊപ്പം ചേർന്ന് ഇത് വിദേശത്തേയ്ക്ക് കയറ്റിയയച്ച് വിദേശ നാണ്യമുണ്ടാക്കുന്നതിന് വിഘാതമായി നിൽക്കുന്നത് ചെറിയ ചെറിയ അറവുശാലകളാണ്. ഇതെല്ലാം പരിശോധിച്ചാൽ ഇത് ബി.ജെ.പി.-യും ബി.ജെ.പി.-യുടെ എം.എൽ.എ.-മാരും എം.പി.-മാരുമൊക്കെയായി ബന്ധപ്പെട്ട് നിൽക്കുന്ന കച്ചവടമാണെന്ന് മനസ്സിലാകും. ഈയടുത്ത കാലത്ത് ഉത്തർപ്രദേശിൽ വച്ച് രാജ്യത്തെ പ്രധാനപ്പെട്ട ബീഫ് എക്സ്പോർട്ടറായ സിറാജുദ്ദീൻ ഖുറേഷി പറഞ്ഞത് മോദിയെപ്പോലെയൊരു നല്ല മനുഷ്യനില്ലെന്നും മോദി മുസ്ലീങ്ങളുടെ കാര്യം നോക്കിക്കൊള്ളും എന്നുമാണ്. കാരണമെന്താണ്; അദ്ദേഹത്തിന് ഉത്തർപ്രദേശിൽ വലിയൊരു ബീഫ് എക്സ്പോർട്ടിംഗ് കമ്പനിയുണ്ട്. സിറാജുദ്ദീൻ ഖുറേഷിയാണ് യു.പി.-യിലെ മുസ്ലീങ്ങളിൽ പ്രധാനപ്പെട്ട ചില വിഭാഗങ്ങളെ സംഘടിപ്പിച്ച് മോദിക്ക് പ്രസംഗിക്കാനുള്ള വേദിയൊരുക്കിക്കൊടുത്തത്. ആ സിറാജുദ്ദീൻ ഖുറേഷിയുടെ നോമിനിയാണ് ഇപ്പോൾ അവിടത്തെ മുഖ്യമന്ത്രിയായ യോഗി ആദിത്യനാഥ്. യോഗി ആദിത്യനാഥിന് എല്ലാ അറവുശാലകളും പൂട്ടിക്കൊടുക്കേണ്ടതായിട്ടുണ്ട്. എന്തിനുവേണ്ടിയെന്നാൽ സിറാജുദ്ദീൻ ഖുറേഷിയുടെ കോർപ്പറേറ്റ് സ്ഥാപനം വളരണമെങ്കിൽ പാവപ്പെട്ട കർഷകർ മുഴുവനും തെരുവിലേക്ക് പോകണം.

മഹാത്മാ ഗാന്ധി 'യങ് ഇന്ത്യ'യിലൂടെ ഗോശാലകളെക്കുറിച്ച് ഒരു അന്വേഷണം നടത്തുകയുണ്ടായി. ഗോശാലകളിൽ 'ഭ്രക്കാ', 'പൃൂരി' എന്നീ രണ്ട് പരിപാടികളുണ്ട്. 'ഭ്രക്കാ' എന്നുപറയുന്നത് പശുവിന്റെ അകിടിൽ പശുക്കുട്ടിക്കു വേണ്ടി സംഭരിച്ചിരിക്കുന്ന അവസാന പാലും എടുക്കുക എന്നുള്ളതാണ്. അങ്ങനെ ചെയ്യുമ്പോൾ പശുക്കൾ വേദനകൊണ്ട് പുളയുന്നത് അദ്ദേഹത്തിന്റെ 'യങ് ഇന്ത്യ'യിൽ വിശദീകരിച്ചിട്ടുണ്ട്. അതുപോലെ ഒരു ചായം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് 'പൃൂരി' എന്ന പരിപാടി. ഒരു മാവിന്റെ ഇല തിന്നാൻ കൊടുത്തശേഷം വെള്ളംപോലും നൽകാതെ മരണത്തിലേയ്ക്ക് കൊണ്ടുപോകുന്ന അവസ്ഥയാണ്. ഇപ്പോൾ വൃദ്ധസദനം പോലും നേരെ നോക്കാൻ സാധിക്കാത്ത നമ്മൾ ഗോശാലകളിൽ പശുക്കളെ സംരക്ഷിക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അത് മൗഢ്യമാണെന്ന് മഹാത്മാഗാന്ധി 1926-ൽ യങ് ഇന്ത്യയിലൂടെ പറഞ്ഞിട്ടുണ്ട്. തെരുവ് നായ്ക്കൾ എന്നുപറയുന്നത് ഒരു കാലത്ത് നമ്മുടെ വീടുകളിലെ വളർത്തുനായ്ക്കളായിരുന്നു. ഇന്നത് തെരുവിലേയ്ക്ക് ഇറങ്ങി. ഇനി വളർത്തുപശുക്കൾ തെരുവ് പശുക്കളായി പുറത്തേയ്ക്കിറങ്ങാൻ പോകുന്നു. കാരണം ഇതിനെ തീറ്റിപ്പോറ്റാൻ കഴിയാത്തപ്പോൾ രാത്രി പതുക്കെ പുറത്തേയ്ക്ക് വിടും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കറവ വറ്റിയ പശുക്കൾക്ക് അഗതി പെൻഷൻ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചാൽ അതിനോടുള്ള താങ്കളുടെ നിലപാട് എന്തായിരിക്കും?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പറഞ്ഞുവരുന്നത് അച്ഛനെയും അമ്മയേയും തന്നെ നോക്കുന്നില്ല, അവർക്കുള്ള പെൻഷൻ തന്നെ നേരേചൊവ്വേ കിട്ടുന്നില്ല. പിന്നെ പശുവിനെ നോക്കുമെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. ഉത്തരേന്ത്യയിൽ ഒരു പോലീസ് ജീപ്പ് പശുവിനെ രക്ഷിക്കുന്നതിനുവേണ്ടി വെട്ടിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ഒരു സ്ത്രീയെ തട്ടുകയും സ്ത്രീ മരിച്ചുപോകുകയും ചെയ്തുവെന്നുള്ള വാർത്ത ഞാൻ വായിച്ചു. പശുവിനുവേണ്ടി മനുഷ്യൻ മരിച്ചാലും ഇത്തരത്തിലുള്ള നിയമങ്ങൾ നിലനിൽക്കണമെന്ന വാശി ശരിയല്ല. ഒരു കാര്യം എനിക്ക് പറയാനുള്ളത്, ഇതൊരു മുസ്ലീം വിഷയമായി ആരും കാണരുത്. പോത്ത് തിന്നില്ലെങ്കിലും ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. എല്ലാവരും പറഞ്ഞുപറഞ്ഞ് രാവിലെയും ഉച്ചയ്ക്കും രാത്രിയിലും പോത്ത് തിന്നില്ലെങ്കിൽ ഉറങ്ങാൻ പറ്റാത്ത ആൾക്കാരാണ് ഞങ്ങൾ എന്ന രീതിയിൽ എത്തിയിരിക്കുകയാണ്. ഇതില്ലെങ്കിൽ ഞങ്ങൾ കോഴി തിന്നും, കോഴിയില്ലെങ്കിൽ പച്ചക്കറി തിന്നുകൊള്ളാം. ഇത് ഇന്ത്യയിലെ കർഷകരുമായി ബന്ധപ്പെട്ടുള്ള വിഷയമായതുകൊണ്ട് ......

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് കേരളത്തിലെ ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പ്രശ്നമല്ല. മലയാളിയുടെ ആഹാര പ്രശ്നമാണ്. മലയാളികളിൽ മഹാഭൂരിഭാഗവും മാംസാഹാരികളാണ്.

ഡോ. എം. കെ. മുനീർ: സർ, ഇത് അങ്ങനെ തന്നെ കൊണ്ടുപോകാൻ ശ്രദ്ധിക്കണം. അങ്ങയുടെ അണികളോടും ഇവിടെയുള്ള മറ്റെല്ലാ പാർട്ടിക്കാരുടെ അണികളോടും...... കോൺഗ്രസ്സിന്റെ നിലപാടിനെ ഞാൻ അഭിനന്ദിക്കുകയാണ്. കാരണം, അവരുടെ പേരിൽ നടപടി എടുത്തത് ശരിയാണ്. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ആരും ഇതിനെ ഉപയോഗിക്കാൻ പാടില്ലെന്ന് നമ്മൾ ഒരുമിച്ച് തീരുമാനമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 'അൽ' എന്നുകേട്ടാൽ, 'അൽ-ഉമ്മ', 'അൽ-വാപ്പ' എന്നെല്ലാം പറഞ്ഞുകഴിഞ്ഞാൽ ഇതിനെ ഒരു സമൂഹം ഏറ്റെടുക്കുമെന്നുള്ള തെറ്റായ ധാരണയൊന്നും ഇവിടെ ആവശ്യമില്ല. കോർപ്പറേറ്റ് കോർപ്പറേറ്റാണെന്നുള്ളത് തിരിച്ചറിയാനുള്ള സാമാന്യ ബുദ്ധി കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന് കാണിച്ചുകൊടുക്കാൻവേണ്ടി എടുത്തിട്ടുള്ള ഈ പ്രമേയത്തെ പരിപൂർണ്ണമായും പിന്തുണച്ചുകൊണ്ട്, മറ്റുള്ള ലക്ഷ്യങ്ങളിൽ നിന്നെല്ലാം മാറ്റി ഇതൊരു ജീവൻ മരണ പ്രശ്നമെന്ന നിലയ്ക്ക് എടുക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് പ്രമേയത്തെ അനുകൂലിക്കുന്നു.

10.00 AM]

ശ്രീ. എസ്. ശർമ്മ: സർ, സംസ്ഥാനങ്ങളുടെ അധികാരം കവർന്ന്, കന്നുകാലി കശാപ്പ് ഫലത്തിൽ വിലക്കിക്കൊണ്ട്, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം മൂലം സംസ്ഥാനത്തുളവാകുന്ന ഗുരുതരമായ സാഹചര്യത്തിന്റെ പ്രത്യേകത ചർച്ച ചെയ്യണമെന്ന മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ പൂർണ്ണമായും പിന്താങ്ങുകയാണ്. നിയമപ്രശ്നങ്ങളും സാമൂഹ്യ പ്രശ്നങ്ങളും തൊഴിൽപരമായ പ്രത്യേകതകളും സാമ്പത്തിക പ്രശ്നങ്ങളും തുടങ്ങി നാനാവിധത്തിലുള്ള പ്രശ്നങ്ങൾ അന്തർലീനമായിട്ടുള്ള ഗൗരവമുള്ള ഒരു സാമൂഹ്യപ്രശ്നമായിട്ടാണ് ഇതിപ്പോൾ ഉയർന്നുവന്നിരിക്കുന്നത്. 2017 മേയ് മാസം 23-ാം തീയതിയാണ് 1960-ലെ 'മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമ'ത്തെ അധികരിച്ചുകൊണ്ടുള്ള പ്രഖ്യാപനം വന്നത്. അടിസ്ഥാനപരമായ ഈ ചട്ടം ഭരണഘടനാപരമായി നിലനിൽക്കുന്ന ഒന്നല്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുടർന്ന് സംസാരിച്ച ചില അംഗങ്ങളും ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. നിയമത്തിന്റെ ലക്ഷ്യത്തെ സാധൂകരിക്കലാണ്, അതിന്റെ പ്രയോഗത്തിന്റെ ആയുധമാണ് ചട്ടം എന്ന് പറയുന്നത്. നിയമത്തിൽ വിവക്ഷിക്കാത്ത, കാര്യങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് ചട്ടം പ്രഖ്യാപിക്കുക യെന്ന് പറയുന്നതും ആ പ്രഖ്യാപിച്ച ചട്ടമാകട്ടെ ഭരണഘടനാപരമായി

സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന വ്യവസ്ഥയ്ക്കുള്ളിൽ വരുന്നതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളതുമാണ്. അതിന് കേന്ദ്രത്തിന് അവകാശമില്ല. യഥാർത്ഥത്തിൽ ചട്ടത്തിന് നിയമവുമായി ബന്ധമില്ലാത്തതിനാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ചട്ടം അസാധുവും അപ്രസക്തവുമാണ്. അസാധുവായ ചട്ടം കേന്ദ്ര ഗവൺമെന്റ് പിൻവലിക്കണം. ഭരണഘടനയുടെ 7-ാം പട്ടികയിൽ രണ്ടാം ലിസ്റ്റിൽ 28-ാം ഇനമാണ് ചന്തകളും മേളകളുമെന്നതിനാൽ ആർട്ടിക്കിൾ 246 (3) പ്രകാരം ഇത്തരം കാര്യങ്ങളിൽ നിയമനിർമ്മാണത്തിനുള്ള സമ്പൂർണ്ണാധികാരം സംസ്ഥാന നിയമസഭകൾക്കാണ്. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ ചട്ടം ഭരണഘടനാ വിരുദ്ധമാണ്. വളർത്തുമൃഗങ്ങളുടെ വിപണനം സംബന്ധിച്ച അധികാരം സംസ്ഥാനത്തിന് നൽകുന്നതായും ഭരണഘടനാ വിദഗ്ദ്ധർതന്നെ വിശേഷിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തുള്ള വ്യാപാരവും വാണിജ്യവും സംസ്ഥാനത്തിന്റെ മാത്രം അധികാര പരിധിയിൽ വരുന്നതാണ്. അതിനാൽ സംസ്ഥാനത്ത് കാലികളുടെ വിൽപ്പന നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിന് യാതൊരു അവകാശവുമില്ല. രാജ്യത്തെ ജനങ്ങളുടെ ആഹാരശീലവും തൊഴിൽ സംസ്കാരവും ഒരു വിജ്ഞാപനത്തിലൂടെ തിരുത്തിക്കുറിക്കാൻ കേന്ദ്ര സർക്കാരിന് ജനങ്ങൾ അധികാരം നൽകിയിട്ടില്ല. 1958-ൽ തന്നെ ഇന്ത്യയിലെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി ഇക്കാര്യം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 1960-ലെ നിയമവ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ലെന്നും സുപ്രീംകോടതി വിധിയിൽ വിശേഷിച്ച് എടുത്തുപറഞ്ഞിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഭരണഘടന രാജ്യത്തെ പൗരൻമാർ ഏതെങ്കിലും ഒരു ഭക്ഷണം കഴിക്കണമെന്ന് നിഷ്കർഷിക്കുന്നതോ ഏതെങ്കിലും ഭക്ഷണം കഴിക്കരുതെന്ന് നിഷ്കർഷിക്കുന്നതോ ആയ യാതൊന്നും വിവക്ഷിക്കാത്തിടത്തോളം കാലം ഭരണഘടനാ വിരുദ്ധമായിട്ടുള്ള നടപടിയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പുതിയ ചട്ടത്തിലെ 22-ാം വകുപ്പ് പ്രകാരം കശാപ്പിനായുള്ള വിൽപ്പന പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. അവർ പറയുന്നത് സാധന വിൽപ്പന മാത്രമാണ് നിരോധിച്ചിട്ടുള്ളത്, കട തുറക്കുന്നതിന് വിലക്കില്ലെന്നാണ്. സാധന വിൽപ്പനയെ നിരോധിക്കും കട തുറക്കുന്നതിന് വിലക്കില്ല. ഇത്തരത്തിൽ യുക്തിക്ക് നിരക്കാത്ത വാദഗതികളാണ് സംഘ്പരിവാർ ഇന്ത്യയിലുയർത്തുന്നത്. പുതിയ കാലിനിയമം മതേതര ജനാധിപത്യ സംസ്കാരത്തിന് മൂക്ക്കയറിടാനുള്ളതും ഇന്ത്യയിലെ ഹിന്ദുത്വ തീവ്രവാദ സൈദ്ധാന്തിക ഭീകരതയുടെ പ്രാകൃതവുമായ ഒരു മുഖത്തെയാണ് അനാവരണം ചെയ്യുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഈ നിയമം ഹിറ്റ്ലറിസത്തിന്റെ പ്രേതം ഏറ്റുവാങ്ങിയിട്ടുണ്ടെന്ന് നിസ്സംശയം പറയാൻ കഴിയും. 1930-കളിൽ ഫാസിസ്റ്റ് ഹിറ്റ്ലർ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന സന്ദർഭത്തിൽ രണ്ടു മൂന്ന് കാര്യങ്ങളാണ് അദ്ദേഹം ആദ്യം ചെയ്തത്. ഒന്നാമതായി, കറൻസി നിരോധിക്കുന്നതിനെ ന്യായീകരിക്കുന്ന പ്രസ്താവനയുമായി മുന്നോട്ടുവരികയും കറൻസി നിരോധനത്തെക്കുറിച്ച് പ്രസ്താവന പുറപ്പെടുവിക്കുകയുമുണ്ടായി. രണ്ടാമതായി, മൃഗങ്ങളെ സംരക്ഷിക്കുന്നതിന്റെ പേരിൽ നിയമനിർമ്മാണം കൊണ്ടുവരികയും അതിന്റെ ചെലവിൽ ജൂത വംശജരുടെ വേരറുക്കുകയും ചെയ്യുന്ന വിധത്തിലുള്ള നടപടികൾ ഹിറ്റ്ലർ സ്വീകരിച്ചു. അതിനുതൊട്ടുമുമ്പ് ഹിറ്റ്ലർ ഹിസ്റ്ററി കൗൺസിൽ പിരിച്ചു വിടുകയും പുതിയ കൗൺസിൽ രൂപീകരിക്കുകയും ചെയ്തു. ഇന്ത്യയിൽ മോദി ഗവൺമെന്റ് വന്നതിനുശേഷം ഹിസ്റ്ററി കൗൺസിൽ പിരിച്ചു വിട്ടു. അതിനുശേഷം ഡോ. സുദർശൻ ബാബുവിനെ ഹിസ്റ്ററി കൗൺസിലിന്റെ ചെയർമാനാക്കി. ചരിത്രപരമായ ഇന്ത്യയിലെ ശാസ്ത്രലോകത്തിന്റെയും ചരിത്രകാരൻമാരുടെയും പട്ടികയിൽ പ്രഥമസ്ഥാനീയ ഗണത്തിൽ വരുന്ന ഒരാളായിരുന്നില്ല ഡോ. സുദർശൻ ബാബു. ആർ.എസ്.എസ്.-മായി ബന്ധമുണ്ടായിരുന്നുവെന്ന ഒറ്റക്കാരണത്താൽ ഇന്ത്യൻ ചരിത്രത്തെ പുനരാഖ്യാനം ചെയ്യുന്നതിനും പുനർനിർമ്മിക്കുന്നതിനും ആത്മനിഷ്ഠ ഘടകത്തിനനുസരിച്ച് രൂപപ്പെടുത്തുന്നതിനുംവേണ്ടി സുദർശൻ ബാബുവിനെ നിയോഗിച്ചു. മൃഗ സംരക്ഷണവും ഹിറ്റ്ലർ ചെയ്ത കാര്യമാണ്. അങ്ങനെ നോക്കുമ്പോൾ ഹിറ്റ്ലറിസത്തിന്റെ പ്രേതം മോദി ഗവൺമെന്റിനെ ബാധിച്ചിരിക്കുന്നു. ഇത് കേവലമായ കാലിനിയമത്തെ അടിസ്ഥാനമാക്കുന്നതല്ല. മതേതര ജനാധിപത്യ സംസ്കാരത്തിനുനേരെ രാജ്യത്തിനകത്ത് വളർന്നുവരുന്ന കനത്ത വെല്ലുവിളിയുടെ ഒരു മുഖം മാത്രമായിട്ടാണ് നമുക്കിതിനെ കാണാൻ കഴിയുക. ഇത് എല്ലാ അർത്ഥത്തിലും എതിർക്കപ്പെടേണ്ടതാണ്. ഭരണകൂട ഭീകരതയുടെ മറ്റൊരു മുഖമാണ് ഇന്നലെ ഡൽഹിയിൽ സഖാവ് എ.കെ.ജി.യുടെ നാമധേയത്തിലുള്ള ആഫീസിനുനേരെ അരങ്ങേറിയിട്ടുള്ള ആക്രമണം. പാർട്ടി ജനറൽ സെക്രട്ടറിക്ക് നേരെയും പാർട്ടി ഓഫീസിനുനേരെയുമുള്ള ആക്രമണം ആദ്യത്തെ സംഭവമല്ല, മൂന്നാമത്തെ സംഭവമാണ് ഡൽഹിയിൽ അരങ്ങേറിയത്. നമ്മുടെ സംസ്ഥാന മുഖ്യമന്ത്രിയുടെ തലയ്ക്ക് ഒരു കോടി രൂപ വിലപറഞ്ഞുകൊണ്ട് ഒരു വർഗ്ഗീയ ഭ്രാന്തൻ വടക്കേ ഇന്ത്യയിൽ പരസ്യമായി പ്രസംഗിച്ചു. നമ്മുടെ രാജ്യത്തിനകത്ത് അരങ്ങേറുന്ന ഇത്തരം ഫാസിസ്റ്റ് പ്രവണതകളുടെ വ്യത്യസ്ത മുഖങ്ങളിൽ ഒരു മുഖമാണ് ഈ കാലിനിയമം. സൈദ്ധാന്തിക ഭീകരത അടിച്ചേൽപ്പിച്ച് ഒരു രാജ്യത്തിലെ ജനങ്ങളുടെ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും

അവകാശങ്ങൾക്കും നേരെയുള്ള കടന്നാക്രമണമാണ് യഥാർത്ഥത്തിൽ മോദി ഗവൺമെന്റ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഒരു ലക്ഷത്തിലധികം കോടി രൂപയുടെ ആട്ടിറച്ചി വിപണി ഇന്ത്യയിലൊട്ടാകെയുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. അത്രതന്നെ തുകയുടേതാണ് തുകൽ ഉത്പന്നങ്ങൾ. പശുവിന്റെ തോൽ ഉരിഞ്ഞതിന്റെ പേരിൽ ദളിതരായ നാല് ചെറുപ്പക്കാരെ പൂർണ്ണ നഗ്നരാക്കി ചുട്ടുപൊള്ളുന്ന വെയിലത്ത് കെട്ടിയിട്ട് ബൂട്ട്സിന് ചവിട്ടുന്ന രംഗം കണ്ടു. തുകൽ കൊണ്ടുണ്ടാക്കിയ ബൂട്ട്സ് ഉപയോഗിച്ചാണ് പ്രമാണിമാർ ചവിട്ടുന്നത്. ഇതിന്റെ വേറൊരു പതിപ്പാണ് രോഹിത് വെമൂല. കർണ്ണാടകയിൽ കുൽബർഗിയുടെ നേരെ വെടിയുതിർത്തതും അതുപോലെ മറ്റു സാഹിത്യകാരൻമാർക്ക് നേരെ വെടിയുണ്ട ഉതിർത്തതും അതിന്റെ ഭാഗമാണ്. വിശ്വമാനവികതയെ അടയാളപ്പെടുത്തുന്ന കേരളത്തിന്റെ സാംസ്കാരിക നേതൃസ്ഥാനീയനായ എം.ടി. വാസുദേവൻ നായരെ പ്പോലെയുള്ളവരുടെ നേരെ ഭീഷണി ഉയർത്തിയതും കമാലുദ്ദീൻ എന്ന പേര് ഉയർത്തി കമലിനെ ആക്രമണത്തിന്റെ പാതയിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തത്, നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക ലോകത്തും കലാ ലോകത്തും സാഹിത്യ മണ്ഡലങ്ങളിലും ജനാധിപത്യ മുഖങ്ങളിലും എല്ലാതലങ്ങളിലും ഉയർന്നു വന്നിരിക്കുന്ന സവിശേഷമായ ആക്രമണ മുഖമായി ഫാസിസ്റ്റ് ശക്തികൾ മണി പവറും മസിൽ പവറും ഉപയോഗിച്ചും ഭരണകൂട ഭീകരത ഉപയോഗിച്ചു കൊണ്ടും രാജ്യത്തെ ജനങ്ങൾക്കുനേരെ അഴിഞ്ഞാട്ടം നടത്തുന്നതിന്റെ ഒരു പതിപ്പ് മാത്രമാണ്. അതുകൊണ്ട് ഇതിന്റെ സവിശേഷതയും പ്രത്യേകതയും അകത്ത് നിന്നുകൊണ്ട് നാം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പുനഃപരിശോധനയും സ്വീകരിച്ച തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും അയയ്ക്കുന്ന പ്രമേയത്തോടൊപ്പം രാജ്യത്തിനകത്ത് വളർന്നുവരുന്ന ഫാസിസത്തിന്റെ ആപത്തിനെ തിരിച്ചറിയാനും ആ ആപത്തിനെതിരായിട്ടുള്ള മതേതര ജനാധിപത്യ ശക്തികളുടെ മുന്നേറ്റത്തിന് വഴിയൊരുക്കാനുമുള്ള നേതൃത്വപരമായ പങ്ക് വഹിക്കാനുമുള്ള സന്ദേശം കൂടി ഈ പ്രമേയത്തിന്റെ ചർച്ചയിലൂടെ ഉയർന്നുവരുന്നത് സന്തോഷകരമായി കണക്കാക്കാൻ കഴിയും. ഇന്നലെ ഡൽഹിയിലുണ്ടായ സംഭവത്തിൽ അതിശക്തിയായി അപലപി ക്കുകയാണ്. ഏതെങ്കിലുമൊരു ആഫീസിനുനേരെ ഫാസിസത്തിന്റെ മുഖം തിരിഞ്ഞാൽ സി.പി.എം.-നോ ഇടതുപക്ഷ രാഷ്ട്രീയത്തിനോ ജനാധിപത്യ ശക്തികൾക്കോ നേരെ മർദ്ദന സംവിധാനങ്ങളും ആക്രമണത്തിന്റെ മാർഗ്ഗവും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുവന്നാൽ മനുഷ്യനിൽ, കമ്മ്യൂണിസ്റ്റുകാരിൽ അവസാന ശ്വാസം ശേഷിക്കുന്നതു വരെ ജനാധിപത്യത്തിനും മതേതരത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടു മെന്ന് ഇത്തരം ഫാസിസ്റ്റ് ശക്തികൾ തിരിച്ചറിയണമെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഈ പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. നേരത്തെ ഞാൻ സൂചിപ്പിച്ച പോയിന്റ് ഓഫ് ഓർഡറിലെ ഒരു കാര്യം അനുസ്മരിപ്പിക്കട്ടെ. Prevention of Cruelty to Animals Act-ൽ 6 ചാപ്റ്ററാണുള്ളത്. 5 ചാപ്റ്റർ മാത്രമാണ് കേരളത്തിന് ബാധകമാക്കിയിട്ടുള്ളത്. ആറാമത്തെ ചാപ്റ്റർ കേരളത്തിന് ബാധകമാക്കിയിട്ടില്ല. കേരളത്തിന് ബാധകമാക്കാത്ത ഒരു കാര്യത്തെപ്പറ്റിയാണ് നമ്മൾ ചർച്ച നടത്തുന്നത്. എങ്കിലും ഈ ചർച്ചയിൽ ഞാൻ പങ്കുകൊള്ളുകയാണ്. കന്നുകാലികളെ കൊല്ലുന്നത് തടഞ്ഞുകൊണ്ട് 23-5-2017-ൽ കേന്ദ്രം കൊണ്ടുവന്നിട്ടുള്ള വിജ്ഞാപനം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. നമ്മുടെ ഭക്ഷണക്രമത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ആർട്ടിക്കിൾ 21-ൽ 'No person shall be deprived of his life' - ജീവിക്കാനുള്ള അവകാശം ആർട്ടിക്കിൾ 21-ലാണ്. ആ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്, നിഷേധമാണ് ഇത് എന്ന് ഞാൻ പ്രത്യേകം എടുത്തുപറയട്ടെ. ജീവിക്കാൻ എന്ത് ആഹാരം കഴിക്കണമെന്നത് ഓരോരുത്തരും നിശ്ചയിക്കേണ്ട കാര്യങ്ങളാണ്. മാംസഭുക്കുകളെ അങ്ങേയറ്റം ദ്രോഹിക്കുന്ന ഒരു നടപടിയാണ് കേന്ദ്രനയത്തിലൂടെ ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ആഹാര സ്വാതന്ത്ര്യത്തിന്മേലുള്ള ഒരു കടന്നുകയറ്റമാണ്. അതുകൊണ്ട് മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയം വളരെ വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. കന്നുകാലികളെ വളർത്തുന്നതും കൈമാറ്റം ചെയ്യുന്നതും വില്പന നടത്തുന്നതുമെല്ലാം നമുക്ക് അവകാശമുള്ള കാര്യമാണ്. ആളുകളുടെ സ്വാതന്ത്ര്യമാണ്. അതിന്മേൽ കൈവയ്ക്കുന്നത് ഒരിക്കലും അനുവദിക്കത്തക്കതല്ല. അനുവദിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇത്തരത്തിലൊരു വിജ്ഞാപനം വന്നപ്പോൾ ആദ്യം തന്നെ മുഖ്യമന്ത്രിമാരുടെ യോഗം ഉൾപ്പെടെ വിളിക്കുമെന്ന് പ്രഖ്യാപിക്കാൻ കേരളത്തിലെ മുഖ്യമന്ത്രി തയ്യാറായി എന്നുള്ളത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. അതിനെ കളിയാക്കിയ ആളുകളുണ്ട്. ആ ചർച്ചയിലേയ്ക്ക് പോകുന്നില്ല.

ഇവിടെ ചർച്ചയിൽ പങ്കെടുത്ത സാമാജികരൊക്കെ സൂചിപ്പിച്ചതുപോലെ ഏറ്റവും അപകടകരമായ ഒരു സ്ഥിതിവിശേഷം നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ലോകത്തെ ഒരു പരിഷ്കൃത ജനാധിപത്യ രാജ്യത്തിലും ഇത്തരത്തിലുള്ള നിരോധനങ്ങളില്ല. സ്വേച്ഛാധിപത്യ രാജ്യങ്ങളിലും അതോടൊപ്പം തന്നെ മതാധിഷ്ഠിത രാജ്യങ്ങളിലുമാണ് ഇതിന് വ്യത്യസ്തമായിട്ടുള്ള നിരോധനങ്ങൾ ഭാഗികമായിട്ടുള്ളത്. ഇന്ത്യയുടെ ചരിത്രത്തിലൊരിക്കലും ഒരിടത്തും മൃഗങ്ങളെ

കൊല്ലുന്നത് ആരും നിരോധിച്ചിട്ടില്ല. രാജാധികാരത്തിൽ ഇല്ലാതിരുന്ന നിരോധനമാണ് ഇപ്പോൾ ജനാധിപത്യത്തിൽ കൊണ്ടുവരാൻ ദൗർഭാഗ്യവശാൽ ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രി നേരിട്ട് നേതൃത്വം നൽകുന്നത്. നമ്മുടെ രാജ്യം എവിടേയ്ക്ക് പോകുന്നുവെന്നുള്ളതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. ഏത് ഭക്ഷണം കഴിക്കണമെന്നത് നമ്മുടെ മൗലികാവകാശമാണ്. ഇവിടെ വന്യമൃഗങ്ങളെ വെടിവയ്ക്കാനോ കൊല്ലാനോ അധികാരമില്ല. മനുഷ്യൻ ഈ ഭൂമിയിൽ ജീവിച്ച കാലഘട്ടം മുതൽ വളർത്തു മൃഗങ്ങളെ പരിപാലിക്കുന്നു, അവയെ ഭക്ഷിക്കുന്നു. അത് ലോകത്തിൽ എല്ലായിടത്തും നടക്കുന്ന കാര്യങ്ങളാണ്. പക്ഷേ ഇന്ത്യാ മഹാരാജ്യത്ത് എന്ത് ഭക്ഷണം കഴിക്കണം, ഏത് വസ്ത്രം ധരിക്കണം, ഏത് തൊഴിൽ ചെയ്യണം, എന്ത് എഴുതണം, എന്ത് പറയണം...., ഇത് ഏത് കാലഘട്ടത്തിലേയ്ക്കാണ് നമ്മുടെ രാജ്യത്തെ കൊണ്ടുപോകുന്നത്? അപകടകരമായ അവസ്ഥയിലേയ്ക്കല്ലേ നമ്മുടെ രാജ്യത്തെ കൊണ്ടുപോകുന്നത്; ഇവിടെ ദളിതരെ കൊല്ലാം, എഴുത്തുകാരെ കൊല്ലാം, സാഹിത്യകാരന്മാരെ കൊല്ലാം. സിനിമയ്ക്ക് പേരിടാൻ പോലുമുള്ള അവകാശം ഇവിടെയില്ല എന്നുള്ള സ്ഥിതി നമുക്കെങ്ങനെ ആലോചിക്കാൻ കഴിയും. അവിടേയ്ക്കാണ് ഫാസിസത്തിന്റെ ഏറ്റവും ഉയർന്ന മുഖമായി ഒരു പ്രധാനമന്ത്രിയുടെ മുഖം നമുക്ക് കാണാൻ കഴിയുന്നത്. ഗാന്ധിജിയെ വെടിവച്ചുകൊല്ലുന്നതിന് മുമ്പ് ഗോഡ്സെ അദ്ദേഹത്തിന്റെ പാദങ്ങളിൽ തൊട്ട് നമസ്കരിച്ചു. ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രി പാർലമെന്റിലേയ്ക്ക് കയറുമ്പോൾ അവിടത്തെ പടികളിൽ തൊട്ട് ഇതേപോലെ വന്ദിച്ചിട്ടാണ് അകത്ത് കയറിയത്. ആ പ്രധാനമന്ത്രിയുടെ കാലഘട്ടത്തിലാണ് പശുവിന്റെ പേരിൽ ഇതിനോടകം തന്നെ അമ്പതിലധികം ആളുകളെ കൊലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്, അതിനെതിരെ പ്രതികരിക്കുന്നവർക്ക് നേരെയുള്ള അതിക്രമം. സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസായിട്ടുള്ള എ.കെ.ജി. ഭവനുനേരെ ഇന്നലെ നടന്ന ആക്രമണം അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി ഓഫീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ ഇന്ത്യ പോലുള്ള ഒരു ജനാധിപത്യ രാജ്യത്തിൽ കഴിയില്ല എന്നുപറയുമ്പോൾ നമ്മുടെ രാജ്യം ഒരു സ്വേച്ഛാധിപത്യ ഭരണത്തിലേയ്ക്ക് മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പാർലമെന്റിനെ അഭിമുഖീകരിക്കാത്ത പ്രധാനമന്ത്രിയാണ് നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രി. അദ്ദേഹം വല്ലപ്പോഴുമാണ് പാർലമെന്റിൽ പോകുന്നതും മറുപടി പ്രസംഗം നടത്തുന്നതും. അദ്ദേഹം ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ടാണ് സംസ്ഥാന അധികാരങ്ങളുടെ മേലുള്ള കടന്നുകയറ്റത്തിന് പ്രോത്സാഹനവും നേതൃത്വവും നൽകുന്നത്. അതിന്റെ പിന്നണി കഥകളിലേയ്ക്ക് പോകുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ, കോടാനുകോടി രൂപയുടെ മാർക്കറ്റ് ഇവിടെ തുറന്നു കിടക്കുകയാണ്. കേരളത്തിൽ 40000 ലിറ്റർ പാലിന്റെ കുറവുണ്ട്.

ബഹു. മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഒരു കന്നുകാലിയെ പരിപാലിക്കണമെന്നുണ്ടെങ്കിൽ ഒരു വർഷം ഏറ്റവും കുറഞ്ഞത് 40,000 രൂപ വേണം. നാലോ അഞ്ചോ പ്രസവം കഴിഞ്ഞാൽ ആ കന്നുകാലി ഉപയോഗ ശൂന്യമായി മാറുകയാണ്. പിന്നെ 20-25 വർഷക്കാലം ആ കന്നുകാലിയെ പരിപാലിക്കാൻ ഇവിടത്തെ പാവപ്പെട്ട കൃഷിക്കാരന് എങ്ങനെ കഴിയും; കഴിയില്ല. അവിടെയാണ് ഈ കന്നുകാലികളെ മുഴുവൻ നിരത്തുകളിലേയ്ക്കിറക്കുന്നത്. മഹാരാഷ്ട്രയിൽ നിരോധനം വന്നതിനുശേഷം ഒരു വർഷക്കാലത്തിനിടയിൽ 75000-ത്തോളം കന്നുകാലികൾ നിരത്തിലാണ്. നമ്മുടെ രാജ്യത്തുള്ള 25 കോടിയോളം വരുന്ന കന്നുകാലികളും എരുമകളുമെല്ലാം ഉപയോഗ ശൂന്യമായി കഴിഞ്ഞാൽ നിരത്തിലേയ്ക്കിറങ്ങും. പേപ്പട്ടികളെയും നായ്ക്കളെയും കൊണ്ട് നടക്കാൻ പറ്റുന്നില്ലെന്ന് ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചു. അതോടൊപ്പം റോഡുകളിലേയ്ക്കിറങ്ങുന്ന ഇത്തരം കന്നുകാലികളെ പേപ്പട്ടി കടിച്ചാലുള്ള അവസ്ഥ എന്താണെന്ന് നമുക്ക് ആലോചിക്കാൻ കഴിയുമോ? അത്തരം ഗുരുതരമായ അവസ്ഥ ഒരു ഭാഗത്ത് നിൽക്കുന്നു. ഇവിടെ ശ്രീ. സംഗീത് സോമനെപ്പോലെയുള്ള കോടീശ്വരന്മാർ, കയറ്റുമതിക്കാർ, അവരെ നിയമം ബാധിക്കുന്നില്ല. ആസ്ട്രേലിയ അടക്കമുള്ള രാജ്യങ്ങളിലെ വൻകിട പാൽ, ഡെയറി ഉത്പന്ന കമ്പനികളെല്ലാം ലോകത്തിലെ ഏറ്റവും വലിയ മാർക്കറ്റായി രാജ്യത്തെ നോക്കുകയാണ്. അത്ര ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുമ്പോഴാണ്, മനുഷ്യനെ വർഗ്ഗീയമായി ചേരിതിരിക്കാൻ വേണ്ടിയുള്ള ഉപാധികളുമായി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ രംഗത്ത് വരുന്നത്. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിലേയ്ക്ക് പോകാനുള്ള ചവിട്ടുപടിയായിട്ടാണ് പശുവിന്റെ വിഷയം ബി.ജെ.പി. ഉയർത്തി കാണിക്കുന്നത്. അതാണ് ഇതിനകത്തെ രാഷ്ട്രീയം. ബാബറി മസ്ജിദ് ഇനിയൊരു കച്ചവടച്ചരക്കാക്കാൻ കഴിയില്ല, നിയമനടപടികൾ വന്നുകഴിഞ്ഞു. അവിടെയാണ് പശുവിന്റെ പേരിൽ.......... മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, എല്ലാ രംഗത്തും പരാജയപ്പെട്ടു. ആറ് കോടി ജനങ്ങൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞിട്ട് ഈ മൂന്ന് വർഷക്കാലയളവിനുള്ളിൽ രണ്ട് ലക്ഷം പേർക്കാണ് തൊഴിൽ കൊടുത്തത്. സമ്പൂർണ്ണമായി പരാജയപ്പെട്ട ഗവൺമെന്റ് അവസാനത്തെ ചവിട്ടുപടിയായി പശുവിനെ ഉയർത്തിക്കാണിക്കാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും എല്ലാ ജനാധിപത്യ പ്രക്രിയകളെയും തകർക്കുന്ന ഈ നടപടിക്കെതിരെ മാതൃകയായി കേരളം ഉയർന്നിരിക്കുന്നു. കേരളം എല്ലാ കാലഘട്ടത്തിലും രാജ്യത്തിന് മാതൃകയാണ്. രാജ്യത്തിന്റെ ജനാധിപത്യത്തെ ഉയർത്തിപ്പിടിക്കാൻ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയിരിക്കുന്ന ഉപക്ഷേപം ഏകപക്ഷീയമായി അംഗീകരിക്കുന്നു. അതിന് പ്രതിപക്ഷത്തിന്റെ എല്ലാ സഹായങ്ങളും ലഭിച്ചിരിക്കുന്നു. അഭിമാനകരമായ ഈ മുഹൂർത്തത്തിൽ ഒരിക്കൽ കൂടി ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുകയാണ്. ഇവിടെ പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്യപ്പെടുകയാണ്. അതുകൊണ്ട് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് കേന്ദ്ര സർക്കാർ ഈ ചട്ടങ്ങൾ വഴി ഇന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. നമ്മുടെ രാജ്യത്ത് ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ പറഞ്ഞതിൽ ഒരു കാര്യം വ്യക്തമാണ്, ബി.ജെ.പി.യുടെ നെറികെട്ട മുഖമാണ് പുറത്തുവരുന്നത്. രാജ്യത്തെ ജാതീയമായി തിരിച്ചുകൊണ്ട് അതിൽ നിന്ന് വോട്ട് ബാങ്ക് ലക്ഷ്യമാക്കിക്കൊണ്ടുള്ള, ഫെഡറൽ സംവിധാനത്തെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള തീരുമാനത്തെയാണ് നിയമസഭ ഇവിടെ എതിർക്കുന്നത്. സംസ്ഥാന സർക്കാരുകളെപ്പോലും വിശ്വാസത്തിലെടുക്കാത്ത തീരുമാനം അവകാശലംഘനം തന്നെയാണ്. നമ്മുടെ നാട്ടിൽ ഇത് ഏതൊക്കെ നിലയിൽ ബാധിക്കും; ഇതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടവും വരുമാന നഷ്ടവും എത്രയാണ്; ഇതിനെ സംബന്ധിച്ചൊന്നും ഗവൺമെന്റിന് യാതൊരു നിശ്ചയവുമില്ല എന്നത് ഒരു വസ്തുതയാണ്. ഇതിനകത്ത് തുകൽ, മാംസ വിപണികൾ, എല്ല് ഉത്പന്നങ്ങൾ, ഇവയോടനുബന്ധിച്ച് ഉണ്ടാകുന്ന വലിയ വിപണികൾ, അവിടെയുണ്ടാകുന്ന ലക്ഷക്കണക്കിന് തൊഴിൽ നഷ്ടം ഇതിനെ സംബന്ധിച്ചൊന്നും ഗവൺമെന്റിന് അഡ്രസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ദീർഘമായി ഒന്നും പറയുന്നില്ല. ഇവിടെ പറഞ്ഞതിനെയൊക്കെ അനുകൂലിക്കുകയാണ്.

എനിക്ക് രണ്ടു മൂന്ന് കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കേരളത്തിൽ കന്നുകാലി കശാപ്പ് നിരോധിക്കാത്ത സാഹചര്യത്തിലും അതിർത്തി കടന്ന് കന്നുകാലികൾ വരാനുള്ള സാഹചര്യങ്ങൾ കുറവാണ്. അപ്പോൾ നമുക്ക് ആവശ്യമായ കന്നുകാലികളെ ഇവിടെത്തന്നെ ബ്രീഡ് ചെയ്യാനുള്ള സാഹചര്യം ഒരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വായിക്കാനിടയായി. അത്തരത്തിലുള്ള ആലോചനയുണ്ടെങ്കിൽ അത് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് സൂചിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഒരു കാര്യംകൂടി പറയട്ടെ; ഒരു coincidence ആയിരിക്കാം, ഈ വിജ്ഞാപനം വന്നതിന്റെ തൊട്ടടുത്ത ദിവസമായിരുന്നു എന്റെ നിയോജകമണ്ഡലമായ കൂത്താട്ടുകുളത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി Bacon Factory-യുടെ ഉദ്ഘാടനം നടത്തിയത്. അത് ഏറ്റവും ആധുനികമായ Slaughter House-ആണ്. ഒരു ദിവസം 200 മാടുകളെ കശാപ്പ് ചെയ്യാനുള്ള സാഹചര്യം അവിടെയുണ്ട്. 31 കോടി രൂപയുടെ പദ്ധതി രണ്ടര വർഷം കൊണ്ടാണ്

പൂർത്തിയാക്കിയത്. ഈ വിജ്ഞാപനം വന്ന് തൊട്ടടുത്ത ദിവസം, ഞാനും മന്ത്രിയും അവിടെയുണ്ടായ സന്ദർഭത്തിൽ 12 പോത്തുകളെ ആ ദിവസം കശാപ്പ് ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.മാരെ കൂത്താട്ടുകുളത്തുള്ള Bacon Factory സന്ദർശിക്കാൻ ക്ഷണിക്കുകയാണ്. അവിടെ നിൽക്കുന്ന പോത്തിനെ കൊല്ലുകയാണെന്ന് നമുക്കുപോലും തോന്നുകയില്ല. വളരെ ആധുനിക നിലയിലുള്ള Slaughter ആണ് അവിടെയുള്ളത്. ശീതീകരിച്ച സംവിധാനം, മൃഗപീഡനമില്ല, മൃഗങ്ങളുടെ രോദനമില്ല, ദയനീയ കാഴ്ചകളില്ല, രക്തം തളംകെട്ടി കിടക്കുന്നില്ല, നാറ്റമില്ല, യാതൊരു പ്രശ്നവുമില്ലാത്ത നിലയിൽ ഏറ്റവും മോഡണൈസ് ചെയ്തുള്ള Slaughter സംവിധാനമാണ്. Slaughter-ന്റെ മറവിൽ മൃഗപീഡനം നടക്കുന്നു എന്നുള്ളത് വസ്തുതയാണ്. ഇത്തരത്തിൽ ആധുനികമായ Slaughter House ഓരോ പഞ്ചായത്തുകളിലും കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ അതിർത്തികളിൽ നിന്ന് ഇവിടേയ്ക്ക് പശുവിനെയും പോത്തിനെയും കൊണ്ടുവരാൻ പറ്റില്ല. കേരളത്തിലെ ആളുകൾക്ക് ബീഫ് കഴിക്കുന്നതിനും നിരോധനമില്ല. ഇന്ത്യ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മാംസം ഉത്പാദിപ്പിക്കുന്നത് ബ്രസീലാണ്. ബ്രസീലിൽ നിന്ന് നമ്മുടെ നാട്ടിലേയ്ക്ക് ബീഫ് ഇറക്കുമതി ചെയ്ത് കോടിക്കണക്കിന് രൂപ കൊള്ളയടിക്കാൻ ഇന്ത്യയിലെ വൻകിട കുത്തകകൾക്ക് ഒരവസരം നൽകുന്നു. മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരത്തിന്റെ അവസരത്തിൽ ഈ പ്രശ്നം പറഞ്ഞപ്പോൾ പ്രതികരിച്ചത്, 'ഞാൻ മത്സ്യാഹാരം കഴിക്കുന്നവനല്ല. പക്ഷെ, നമ്മുടെ നാട്ടിൽ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, വിവിധ മതക്കാർ, ഇവിടെ ഭൂരിപക്ഷ മതത്തിലെ ബഹുഭൂരിപക്ഷം ആളുകൾ മാംസം ഭക്ഷിക്കുന്നവരാണ്. അങ്ങനെയുള്ള രാജ്യത്ത് നിയമവിരുദ്ധമായ രൂപത്തിൽ നിലപാട് സ്വീകരിക്കുന്നതിനോട് എനിക്ക് യോജിക്കാൻ സാധിക്കുന്നില്ല' എന്നാണ്. നമ്മുടെ നാട്ടിൽ ഗോ പാലകന്മാരെന്ന് പറഞ്ഞ് പശുവിനെ വളർത്തി ജീവിച്ച കുറേയധികം ആളുകളുണ്ട്. അങ്ങനെയുള്ള ആളുകളുള്ള നമ്മുടെ നാട്ടിൽ ഇത് നിരോധിക്കേണ്ടതിന്റെ ആവശ്യം എന്താണ്? ഇന്ത്യയിലോ, സാർവ്വദേശീയ രംഗത്തോ ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് വർഗ്ഗീയമായ ആക്ഷേപമുണ്ടായിട്ടുണ്ടോ; ഇല്ലല്ലോ. ഇന്ത്യാ രാജ്യത്തെ വളരെ ചുരുക്കം വരുന്ന ജനങ്ങളുടെ താൽപ്പര്യ സംരക്ഷണത്തിനുവേണ്ടി, കേരളത്തിലടക്കം ലക്ഷക്കണക്കിന് ആളുകൾക്ക്

തൊഴിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മേഖലയെ തകർത്തിട്ട് ഗവൺമെന്റിന് എന്ത് കിട്ടാനാണ്? ഗവൺമെന്റും ഈ നിയമം കൊണ്ടുവന്ന ഭരണാധികാരികളും അക്കാര്യം വ്യക്തമാക്കാൻ ഇതുവരെ സന്നദ്ധമായിട്ടില്ല. സംസ്ഥാനത്തെ ജനതയുടെ അവകാശം നിഷേധിക്കപ്പെടുന്ന അവസരത്തിൽ ഒരു മുഖ്യമന്ത്രിയും ഗവൺമെന്റും ചെയ്യാനുള്ള ചുമതല നിർവ്വഹിക്കാൻ സന്നദ്ധനായ മുഖ്യമന്ത്രിയെ അഭിനന്ദിച്ചു കൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ നടന്ന ചർച്ചകളും ഈ പ്രമേയത്തിന്റെ ഉള്ളടക്കവും വ്യക്തമാക്കുന്ന കാര്യം, അഖിലേന്ത്യാടിസ്ഥാനത്തിൽ രൂപപ്പെടുത്താൻ ശ്രമിക്കുന്ന മഹാസഖ്യത്തിന്റെ തുടക്കം കേരളത്തിൽ കുറിച്ചിരിക്കുന്നു എന്നുള്ളതാണ്. ഈ നിലപാടിനെതിരായി സംസാരിക്കാൻ ഞാൻ ഒരാൾ മാത്രമേയുള്ളൂ. അതുകൊണ്ട് എനിക്ക് കുറച്ചുകൂടി സമയം അനുവദിക്കണ മെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: അത് പറയാൻവേണ്ടി അങ്ങ് സമയം കളയണ്ട. അങ്ങ് സംസാരിക്കൂ..

ശ്രീ. ഒ. രാജഗോപാൽ: സർ, പശ്ചാത്തലം പറയുകയായിരുന്നു. ഇന്ന് നിയമസഭയുടെ പ്രത്യേക സമ്മേളനം ചേരുന്നത് കേന്ദ്ര വിരുദ്ധ പ്രചരണത്തിനുവേണ്ടി മാത്രമാണെന്ന് കേരളത്തിലെ രാഷ്ട്രീയ ശിശുക്കൾക്ക് പോലും ബോധ്യമാണ്. ഇല്ലാത്ത ഒരു പ്രശ്നത്തിന്റെ പേരിൽ, അതൊരു അതിസങ്കീർണ്ണ വിഷയമാണെന്ന് വ്യാഖ്യാനിച്ച് ജനങ്ങളിൽ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ച് വിലകുറഞ്ഞ രാഷ്ട്രീയ മുതലെടുപ്പിനാണ് ഇന്നത്തെ സി.പി.എം.- കോൺഗ്രസ്സിന്റെ സംയുക്ത സംഘടിത ശ്രമം. സഭയുടെ ദുരുപയോഗമാണ്, അനുവദിക്കാൻ പാടില്ലാത്തതാണ്. ഒരുവശത്ത് കേന്ദ്രവിരുദ്ധ പ്രചരണത്തിനും മറുവശത്ത് വർഗ്ഗീയ വികാരം ഇളക്കിവിട്ട് സമൂഹത്തിൽ സംഘർഷം സൃഷ്ടിക്കാനുമുള്ള നീക്കത്തിനാണ് സഭയുടെ സമയം ദുർവിനിയോഗം ചെയ്യപ്പെടുന്നത്. കന്നുകാലി ചന്തകളിലെ വ്യാപാരം സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് മാംസ വിൽപ്പന നിരോധനമായി ചിത്രീകരിക്കപ്പെടുകയാണ്. പരമോന്നത നീതിപീഠത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ വേണ്ടിയാണ് ഈ റൂൾസ് ഉണ്ടാക്കിയത്. സ്റ്റേറ്റുകൾ റൂൾസ് ഉണ്ടാക്കിയിട്ടുണ്ട്, പിന്നെന്തുകൊണ്ട് കേന്ദ്രം റൂൾസ് ഉണ്ടാക്കിയില്ലെന്ന് സുപ്രീംകോടതി ചോദിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ റൂൾസ് ഉണ്ടാക്കിയിട്ടുള്ളത്. ആ റൂൾസ് പ്രസിദ്ധപ്പെടുത്തിയിട്ട് മൂന്നുനാല് മാസങ്ങളായി.

അതിനുള്ള ആക്ഷേപങ്ങളും വിരോധങ്ങളും ഉണ്ടെങ്കിൽ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടിട്ട് ആരും അഭിപ്രായം കൊടുത്തതായി കാണുന്നില്ല. ഇന്നും കൊടുക്കാൻ അവസരമുണ്ട്. ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിൽ അതുകൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്താമെന്ന് കേന്ദ്രമന്ത്രിതന്നെ പറഞ്ഞിരിക്കുന്നു. എന്നിരുന്നാലും സംയുക്തമായിട്ടുള്ള ഈ സമ്മേളനം രാഷ്ട്രീയ ലക്ഷ്യത്തോടെയാണെന്നുള്ള കാര്യം പകൽ പോലെ വ്യക്തമാണ്. വാസ്തവത്തിൽ കൃഷിക്കാരനെ സഹായിക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. ......(ബഹളം)......

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിക്കാരനെ എങ്ങനെ സഹായിച്ചുവെന്ന് പറയാമോ?

മി. സ്പീക്കർ: പ്ലീസ്..... നിങ്ങൾ ബഹളമുണ്ടാക്കാതിരിക്കൂ. ......(ബഹളം)...... അദ്ദേഹത്തിന് സംസാരിക്കാനുള്ള അവകാശമുണ്ട്. അദ്ദേഹം സംസാരിക്കട്ടെ. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. നിങ്ങളെല്ലാവരും ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നവരാണ്. ഒരു പ്രതിപക്ഷ ശബ്ദം മാത്രമാണുള്ളത്. അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ഒ. രാജഗോപാൽ: സർ, കൃഷിക്കാരന്റെ നിലനില്പിന് കന്നുകാലി സമ്പത്ത് ആവശ്യമാണ്. അത് കുറഞ്ഞുവരുന്നുവെന്ന ആശങ്കയുടെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതിയിൽ കേസ് വരികയും കോടതിയുടെ നിർദ്ദേശപ്രകാരം ഈ നിയമം കൊണ്ടുവന്നതും. ആ റൂൾ ഭേദഗതി ചെയ്ത് അമെന്റ് ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞതിനുശേഷവും ഇക്കാര്യം ഉന്നയിക്കുന്നത് രാഷ്ട്രീയ ലക്ഷ്യം കൊണ്ടുമാത്രമാണെന്നുള്ളത് വളരെ വ്യക്തമാണ്.

മി. സ്പീക്കർ: യെസ്.....യെസ്....ഇനി അങ്ങേയ്ക്ക് സമയം തരാൻ കഴിയില്ല. പ്ലീസ്..... പ്ലീസ്......

ശ്രീ. ഒ. രാജഗോപാൽ: സർ, മാത്രമല്ല, ഇക്കാര്യം നിയമപരമായി നിലനിൽക്കുന്നതല്ലെന്നും പറഞ്ഞിട്ടുണ്ട്. നിയമപരമായ കാര്യങ്ങൾ ലെജിസ്ലേച്ചർ അല്ല, കോടതിയാണ് തീരുമാനിക്കേണ്ടത്. .....(ബഹളം)....... സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഈ മാറ്റർ പെന്റിംഗാണ്. ഇക്കാര്യത്തിൽ അവർ തീരുമാനമെടുക്കും. .....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... കൺക്ലൂഡ്......

ശ്രീ. ഒ. രാജഗോപാൽ: സർ, പല കാര്യങ്ങളിലും നിയമോപദേശം തേടിയിട്ട് അത് തടസ്സപ്പെട്ട് അപമാനം നേരിടേണ്ടിവന്ന സാഹചര്യങ്ങൾ നമ്മൾ കണ്ടതാണ്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....കൺക്ലൂഡ്......അങ്ങ് ഒറ്റയ്ക്കാണ് എന്നുള്ളതു കൊണ്ട് ചെയർ അങ്ങേയ്ക്ക് ഒരു പ്രത്യേക പരിഗണന നൽകി. അതുകൊണ്ട് അതിരുവിട്ട് പോകരുത്. ......(ബഹളം)......... പ്ലീസ്.... പ്ലീസ്.....

ശ്രീ. ഒ. രാജഗോപാൽ: സർ, ഫാസിസത്തെയും പ്രതിപക്ഷത്തെയും കുറിച്ച് പറയുന്നു. തിരുവനന്തപുരത്തെ ബി.ജെ.പി.യുടെ നാല് ഓഫീസുകൾ ഇന്നലെ അറ്റാക്ക് ചെയ്തിരിക്കുന്നു. ഇതാണോ ഫാസിസത്തിന്റെ പ്രവർത്തന ശൈലിയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ..... (മൈക്ക് ഓഫ്)....... (ബഹളം).......

മി. സ്പീക്കർ: പ്ലീസ്......കൺക്ലൂഡ്........അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് മൂന്നര മിനിട്ട് അധികമെടുത്തു. .......(ബഹളം)....... നിങ്ങളിരിക്കു. പ്ലീസ്....പ്ലീസ്......നിങ്ങളിരിക്കു..... പ്ലീസ്.....പ്ലീസ്......

ശ്രീ. ഒ. രാജഗോപാൽ: സർ, രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി നടത്തുന്ന ഈ പ്രമേയത്തെ അതിശക്തമായി ഞാൻ എതിർക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാലം ആവശ്യപ്പെടുന്ന ഒരു പ്രമേയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ നിയമസഭയുടെ പ്രതികരണ മെന്താണെന്ന് മതേതര ഭാരതം ഇന്ന് കാതോർക്കുകയാണ്. മതേതര ഇന്ത്യയെ നിലനിർത്തുക എന്നുള്ളതാണ് ഈ പ്രമേയത്തിന്റെ അന്തസ്സത്ത. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ, മനുഷ്യന്റെ ആഹാര രീതിയെ ദുരുപയോഗപ്പെടുത്തി, വർഗ്ഗീയത ആളിക്കത്തിച്ച്, സവർണ്ണ ഫാസിസത്തിന്റെ തേരോട്ടം നടത്തുന്നതിന് സഹായകമായ നിലപാടുകളും നയങ്ങളും തീരുമാനങ്ങളുമാണ് ദൗർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയെ ഛിന്നഭിന്നമാക്കാനും മനുഷ്യനെ തമ്മിലടിപ്പിക്കാനും പര്യാപ്തമായ തീരുമാനങ്ങളിൽ നിന്ന് കേന്ദ്രസർക്കാർ പിൻവാങ്ങണമെന്നാണ് ജനങ്ങൾക്കുവേണ്ടി നാം ഈ ഘട്ടത്തിൽ ആവശ്യപ്പെടുന്നത്. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാനും നടപ്പിലാക്കാനുമുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് നമ്മുടെ ഭരണഘടനയിലെ 73, 74 ഭേദഗതികളിലൂടെ നിർണ്ണയിച്ചിട്ടുണ്ട്. അവിടെ തന്നെ ആവശ്യമായ ചട്ടങ്ങളും റൂളുകളും ഉണ്ടാക്കിയിട്ടുണ്ട്. ഭരണഘടനാപരമായി അങ്ങനെയൊരു സാഹചര്യം ഇന്ത്യയിൽ നിലനിൽക്കുമ്പോൾ ആ ഭരണഘടനാ തത്വങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പുതിയ നിയന്ത്രണങ്ങളും വിജ്ഞാപനങ്ങളും ഇറക്കുന്നത് ഭരണഘടനയോടുള്ള അവഗണനയും അവഹേളനവുമാണ്. ഇതെല്ലാം അരാജകത്വത്തിലേയ്ക്കാണ് നമ്മുടെ രാജ്യത്തെ നയിക്കുക. ആ യാഥാർത്ഥ്യ ബോധത്തോടെ ഇത്തരം സവർണ്ണ ഫാസിസ്റ്റ് പ്രവണതയ്ക്കെതിരെ ഒറ്റക്കെട്ടായി നിന്ന് പോരാടാനുള്ള കരുത്ത് നിയമസഭ പാസ്സാക്കുന്ന ഈ പ്രമേയത്തിലൂടെ ലഭിക്കുമെന്നാണ് ഞാൻ കരുതുന്നത്. അതിന് മുൻകയ്യെടുത്ത മുഖ്യമന്ത്രിയേയും പ്രതിപക്ഷത്തേയും ഇതിന് സാഹചര്യമൊരുക്കിയ ബഹുമാനപ്പെട്ട സ്പീക്കറേയും അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഭരണഘടനയേയും അതിന്റെ ഫെഡറൽ മൂല്യങ്ങളേയും ചിവിട്ടിയരച്ച് സംസ്ഥാനത്തിന്റെ അധികാരത്തിന്മേൽ കടന്നുകയറി മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കാനെന്ന പേരിൽ തങ്ങളുടെ വർഗ്ഗീയ അജണ്ട നടപ്പാക്കാൻ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 'കന്നുകാലികളെ ചന്തകളിൽ കശാപ്പിന് ഉപയോഗിക്കാൻ പാടില്ല' എന്ന വിജ്ഞാപനം ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും സിക്കും പാഴ്സിയും ജൈനനുമെല്ലാം ഒരു മുത്തുമാലയിൽ കോർത്തിട്ട മുത്തുമണികളെപ്പോലെ ഒന്നിച്ചുകഴിയുന്ന നമ്മുടെ രാജ്യത്ത് എത്രത്തോളം ദുരുപയോഗം ചെയ്യാൻ ഇടവരുമെന്ന് ദാദ്രിയിലെ മുഹമ്മദ് അഖ്‌ലാക്ക് മുതൽ ഡൽഹിയിലെ കേരള ഹൗസിൽ അടുക്കളയിൽക്കയറി സി.ആർ.പി.എഫ്.-കാർ കറിച്ചട്ടി തുറന്നുനോക്കിയതുപോലെയുള്ള നൂറ് നൂറ് അനുഭവങ്ങൾ മനസ്സിലാക്കി നമ്മുടെ നാടിന്റെ മതേതരത്വവും മതസൗഹാർദ്ദവും ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശവും ഇഷ്ടമുള്ള ഭക്ഷണം കഴിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരള നിയമസഭയിലെ എല്ലാ അംഗങ്ങളേയും ഒരുമിപ്പിച്ച് നിർത്തി ജനങ്ങളുടെ ആശങ്ക അറിയിക്കുന്നതിന് ഇപ്രകാരം ഒരു യോഗം വിളിച്ചുചേർത്ത സഭാ നേതാവ് ശ്രീ. പിണറായി വിജയനും കക്ഷി നേതാക്കൾക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്.

ഇത്തരമൊരു യോഗം സംഘടിപ്പിക്കാൻ കേരളം നേതൃത്വം നൽകുന്നതുകൊണ്ട് നാളെ കേരളത്തെ പാകിസ്ഥാനെന്ന് വിളിച്ച് ആക്ഷേപിക്കുവാൻ രാജീവ് ചന്ദ്രശേഖറെപ്പോലെയുള്ള മാധ്യമ ഭീമന്മാർ ചിലപ്പോൾ ശ്രമിച്ചെന്നിരിക്കും. സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ കമ്മിറ്റി ഓഫീസിൽ കയറി വെല്ലുവിളിക്കുകയും പാർട്ടി സെക്രട്ടറിയെ ആക്രമിക്കാൻ ശ്രമിച്ചെന്നുമിരിക്കും. സഖാവ് പിണറായി വിജയനെ കേരളത്തിന് പുറത്ത് പ്രസംഗിക്കാൻ അനുവദിക്കില്ലെന്ന് കൊലവിളി നടത്തുന്ന സംഘികളുടെ തീവ്രവാദ ഭീഷണികളും കേന്ദ്രസർക്കാരിന്റെ ഇടപെടൽകൊണ്ട് സംസ്ഥാനത്തിന്റെ ഭരണത്തെ ഇല്ലാതാക്കിക്കളയുമെന്ന ഉള്ളിസുരമാരുടെയും വിഷകല ടീച്ചർമാരുടെയും ഭീഷണിയുമെല്ലാം തൃണമായി കരുതി, വർഗ്ഗീയതയ്ക്കെതിരായിട്ടുള്ള പോരാട്ടത്തിന്റെ പ്രതിജ്ഞാബദ്ധതയാണ് ഈ സർക്കാർ അടിവരയിട്ട് ഇവിടെ തെളിയിക്കുന്നത്. യഥാർത്ഥത്തിൽ പശുക്കളോടുള്ള സ്നേഹമോ കന്നുകാലികളോടുള്ള പ്രേമമോ ഗോ മാംസം കഴിക്കുന്നത് വഴിയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളോ ഒന്നുമല്ല ഈ നിയന്ത്രണത്തിന്റെ പിന്നിലെന്ന് സാമാന്യ യുക്തിയുള്ളവർക്കെല്ലാം മനസ്സിലാകും. മോദി സർക്കാരിന്റെ മൂന്നുവർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചാൽ പറയാൻ കൊള്ളാവുന്ന ഒന്നുമില്ലെന്ന് മാത്രമല്ല അപമാനകരമാണ് ഏറെയുള്ളത്. നോട്ട്

അസാധുവാക്കലിന്റെ ഫലമായി യു.എസ്., ചൈന തുടങ്ങിയ രാജ്യങ്ങളെ കടത്തിവെട്ടുമെന്ന് പ്രവചിച്ച എല്ലാ പ്രവാചകന്മാരും പറയുന്നത്, ഇന്ത്യയെ തകർച്ചയുടെ പടുകുഴിയിലേയ്ക്ക് തള്ളിവിടുകയാണെന്നാണ്. വാഗ്ദാനം ചെയ്ത 25 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ 25 കൊല്ലം കാത്തിരിക്കണമെന്നാണ് അമിത് ഷാ പറയുന്നത്. ജീവിക്കാൻ മാർഗ്ഗമില്ലാതെ ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് ആത്മഹത്യ ചെയ്യുന്ന കർഷകർ, പോലീസുകാരുടെ വെടിയേറ്റ് മരണപ്പെടുന്ന കൃഷിക്കാർ...... ഈ രേഖാ ചിത്രവുമായി ഇലക്ഷനെ അഭിമുഖീകരിക്കേണ്ടിവന്നാൽ ഇന്ത്യയിലെ പ്രതിപക്ഷം പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ രൂപപ്പെടുത്തുന്ന ഐക്യം, വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽക്കൂടി നിലനിർത്തിയാൽ തങ്ങളുടെ കാര്യം കട്ടപ്പൊകയാകുമെന്ന് മനസ്സിലാക്കിയ ആർ.എസ്.എസ്. നേതൃത്വത്തിന്റെ മൂശയിലുദിച്ച ബുദ്ധിപരമായ ഒന്നാണ് തീവ്രചേരുവ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ ഹിന്ദു ധ്രുവീകരണമുണ്ടാക്കുന്നതിനായി ഇപ്പോൾ വിശുദ്ധ പശുവിന്റെ രാഷ്ട്രീയമെടുത്ത് കളിക്കുന്നത്. ബാബറി മസ്ജിദ് ഊതിക്കാച്ചിയും ആളിക്കത്തിച്ചും ഇനി മുന്നോട്ട് പോകാനാവില്ലെന്ന് മനസ്സിലാക്കിയ ഘട്ടത്തിലാണ് ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ നേതൃത്വം ഇപ്രകാരമൊരു തീരുമാനമെടുത്തത്. മുഹമ്മദ് അഖ്‌ലാക്കിനെ കൊന്ന് തുടങ്ങിവച്ച പശുവിന്റെ രാഷ്ട്രീയം, 14 വർഷം മുമ്പ് കല്യാൺസിംഗ് നഷ്ടപ്പെടുത്തിയ യു.പി.എ.യിലെ ബി.ജെ.പി. ഭരണം, 14 വർഷത്തെ വനവാസത്തിനുശേഷം തിരിച്ചുപിടിക്കാൻ ഉപയോഗിച്ചുവെന്ന തിരിച്ചറിവുകൂടി ഇവർക്ക് പ്രയോജനം സിദ്ധിച്ചിട്ടുണ്ടാകും. പശുവിന്റെ പേരിലുള്ള വർഗ്ഗീയ ധ്രുവീകരണം ഇന്ത്യയുടെ ചരിത്രത്തിൽ 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ദയാനന്ദ സരസ്വതി രൂപം കൊടുത്ത ഗോ സംരക്ഷണ പ്രസ്ഥാനം ഇവിടത്തെ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളേയും ബ്രാഹ്മണരൊഴികെയുള്ള താഴ്ന്ന ജാതിക്കാരായ ഹിന്ദുക്കളേയും എതിരാക്കിയാണ് വലിയൊരു ധ്രുവീകരണമുണ്ടാക്കിയത്. അതിൽനിന്നും ഊർജ്ജം സംഭരിച്ചാണ് 1925-ൽ നാഗ്പൂരിൽ Dr. Keshava Baliram Hedgewar ആർ.എസ്.എസ്.-ന് ബീജാവാപം നൽകിയത്. അന്നുമുതലേ പശുവിനെ വർഗ്ഗീയ ധ്രുവീകരണത്തിന് ആയുധമാക്കി ഉപയോഗിച്ചുപോന്നിരുന്നു. വാസ്തവത്തിൽ പൗരാണിക കാലഘട്ടത്തിൽ ഗോ മാംസം ഒരു നിഷിദ്ധ വസ്തുവായിരുന്നില്ലെന്ന് തെളിയിക്കുന്ന നിരവധി രേഖകളുണ്ട്. അതെല്ലാം ഞാൻ വായിക്കുന്നില്ല. വിവേകാനന്ദ സ്വാമികളുടെ 'സമ്പൂർണ്ണ സാഹിത്യ പർവ്വം' എന്ന പുസ്തകത്തിലെ ഒരു വാചകം ഞാൻ ക്വാട്ട് ചെയ്യാം. "ഈ ഭാരതത്തിൽത്തന്നെ ഗോ മാംസം കഴിക്കാതെ ആർക്കും

ബ്രാഹ്മണനാകാൻ പാടില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. ഒരു സന്യാസിയോ രാജാവോ പ്രമാണിയോ വിരുന്നുവന്നാൽ ഒന്നാന്തരം കാളയെയാണ് കൊന്നിരുന്നത്. കൃഷീവലന്മാരായ നമ്മുടെ വംശജർക്ക് നല്ല കാളകൾ നഷ്ടപ്പെട്ടാൽ നാശമാണുണ്ടാവുകയെന്ന് ക്രമേണ അവർ ധരിച്ചു. ഇപ്പോൾ ഗോ ഹത്യയ്ക്കെതിരായി ശബ്ദമുയരുന്നു". ചരിത്രത്തിൽ ഇങ്ങനെ ധാരാളം സന്ദർഭങ്ങൾ പറയുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പശു, പോത്ത്, കാളക്കുട്ടി, കുതിര എന്നിവയെ ഇന്ദ്രൻ ഭക്ഷിച്ചിരുന്നു - ഋഗ്വേദം 6(17). ബ്രഹ്മാവ് മൃഗങ്ങളെ സൃഷ്ടിച്ചത് മനുഷ്യർക്ക് വേണ്ടിയാണ്. ഭക്ഷിക്കാവുന്ന ഏത് മൃഗത്തിന്റെയും മാംസം മനുഷ്യന് ഭക്ഷിക്കാവുന്നതാണ്. മനുസ്മൃതിയിൽ ബ്രാഹ്മണൻ മാംസം കഴിക്കാൻ പാടില്ലെന്ന് പറയുന്നുണ്ടെങ്കിലും ഒരു ഭാഗത്ത് ജീവൻ നിലനിർത്താൻവേണ്ടി കഴിക്കാമെന്ന് പറയുന്നുണ്ട്. അതുപോലെ വേദകാലത്ത് ഗോമാംസം ഭക്ഷിക്കാത്ത ബ്രാഹ്മണനെ ബ്രാഹ്മണനായി കണക്കാക്കില്ലായിരുന്നുവെന്ന് വിവേകാനന്ദ സ്വാമികളുടെ മറ്റൊരു കൃതിയിൽ പറയുന്നുണ്ട്. ഇന്ത്യാ ചരിത്രത്തിൽ പശുവിന്റെ പേരിലുള്ള വർഗ്ഗീയ ധ്രുവീകരണം പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് രൂപപ്പെടുത്തിയെടുത്തത്. ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ദയാനന്ദ സരസ്വതി രൂപം കൊടുത്ത 'ഗോ സംരക്ഷണ പ്രസ്ഥാനം' ഇവിടത്തെ മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ബ്രാഹ്മണർ ഒഴികെയുള്ള താഴ്ന്ന ജാതിക്കാരായ ഹിന്ദുക്കൾക്കുമെതിരായി വലിയ ധ്രുവീകരണ മുണ്ടാക്കി. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. 1966-ൽ ഗോവധം നിരോധിക്കണമെന്നാവശ്യപ്പെട്ട് ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് വിധാൻ സഭയിലേക്ക് ഹിന്ദു സംഘടനകൾ നടത്തിയ മാർച്ച് അക്രമാസക്തമാകുകയും അതിനെ നേരിടുകയും ചെയ്തിരുന്നു. അതിനെ നേരിട്ട സന്ദർഭത്തിൽ അന്ന് എ.ഐ.സി.സി.യുടെ പ്രസിഡന്റായിരുന്ന കാമരാജിന്റെ വീട് അഗ്നിക്കിരയാക്കി. അന്ന് അവർ കോൺഗ്രസ് നേതാവിനെയാണ് ആക്രമിച്ചതെങ്കിൽ ഇന്ന് സി.പി.ഐ.(എം)-ന്റെ കേന്ദ്രകമ്മിറ്റി ഓഫീസിൽ കയറി പാർട്ടി സെക്രട്ടറിയെയാണ് ആക്രമിച്ചത്. ഇന്നത്തെ മാതൃഭൂമി ദിനപ്പത്രത്തിൽ മഹാത്മാഗാന്ധിയെപ്പോലും ബി.ജെ.പി.യുടെ നേതാക്കന്മാർ തെറ്റായി ഉദ്ധരിക്കുന്നുണ്ട്. ഗോവധവുമായി ബന്ധപ്പെട്ട് മഹാത്മജിയോട് ചോദിച്ച ചോദ്യത്തിന്, 'How can I force anyone not to slaughter cows unless he is himself so dispose. It is not as if there were no Hindus in the Indian Union. There are Muslims, Parsees, Christians and other religious groups here.' എന്ന് അദ്ദേഹം പറഞ്ഞ മറുപടി വളരെ പ്രസക്തമാണ്. 130 കോടി ഇന്ത്യാക്കാരിൽ 100 കോടിയോളം വരുന്ന

ജനങ്ങൾ രണ്ടുനേരം തികച്ച് ഭക്ഷണം കഴിക്കാൻ ഗതിയില്ലാത്തവരാണെന്നാണ് പ്രമുഖ സാമ്പത്തിക വിദഗ്ദ്ധൻ അർജ്ജുൻ സെൻഗുപ്തയുടെ നേതൃത്വത്തിലുള്ള പാർലമെന്ററി കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ട് തെളിയിക്കുന്നത്. ഇങ്ങനെ ഇന്ത്യക്കാരൻ പുഴവരിച്ച് കഴിക്കുന്ന അവസരത്തിൽ നമ്മുടെ അടുക്കളയിൽ വരെ കടന്നുകയറുന്ന ഫാസിസം. നാളെ പാലും പാലുല്പന്നങ്ങളും ബീഫും തുകലുല്പന്നങ്ങളും പൂർണ്ണമായി നിരോധിച്ചതിനുശേഷം വിദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാനും ഇവിടെ നേരത്തെ പരാമർശിച്ചതുപോലെ, വൻകിട കുത്തകകൾക്ക് അതിന്റെ വ്യാപാരം കുത്തകവൽക്കരിക്കാനും ശ്രമിക്കുകയാണ്. നാളെ ലെതർ ചെരിപ്പിടുന്നവന്റെ കാൽ വെട്ടാനും ഇവർ മടിക്കില്ല. ഇവരോട് എനിക്ക് പറയാനുള്ളത്, കറവ വറ്റിയ ഗോമാതാക്കളെ സംരക്ഷിക്കാൻ 'Old age Cow Homes' ഉണ്ടാക്കണമെന്നാണ്. 'The King' എന്ന സിനിമയ്ക്കകത്ത് മമ്മൂട്ടി പറയുന്ന ഒരു ഡയലോഗുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 'ഇന്ത്യൻ ഭരണ സർവ്വീസ്- ആ പദവിയുടെ അർത്ഥം അറിയുമോ; അതറിയണമെങ്കിൽ ഇന്ത്യ എന്താണെന്ന് അറിയണം. അക്ഷരങ്ങൾ അച്ചടിച്ചുകൂട്ടിയ പുസ്തകത്താളുകളിൽ നിന്ന് പഠിച്ച ഇന്ത്യയല്ല; അനുഭവങ്ങളുടെ ഇന്ത്യ. കൂട്ടിക്കൊടുപ്പുകാരുടെയും വേശ്യകളുടെയും തോട്ടികളുടെയും കുഷ്ഠരോഗികളുടെയും ഇന്ത്യ, ഖുഡ്ക വലിച്ചുവലിച്ച് ചോര തുപ്പുന്നവന്റെ ഇന്ത്യ, വളർത്തുനായ്ക്കൾക്ക് കൊടുക്കുന്ന ബേബി ഫുഡിൽ കൊഴുപ്പിന്റെ അളവ് കൂടിപ്പോയതിന് ഭർത്താവിനെ ശാസിച്ച് അത്താഴപ്പട്ടിണിക്കിടുന്ന കൊച്ചമ്മമാരുടെ ഇന്ത്യയല്ല മറിച്ച്, മക്കൾക്ക് ഒരു നേരം വയറുനിറച്ച് വാരിയുണ്ണാൻ വകതേടി സ്വന്തം ഗർഭപാത്രം വിൽക്കുന്ന അമ്മമാരുടെ ഇന്ത്യയാണ്; കൃഷ്ണേട്ടനെപ്പോലെയുള്ള പാവം മനുഷ്യരുടെ ത്യാഗങ്ങളുടെയും നൊമ്പരങ്ങളുടെയും ഇന്ത്യ. ആ ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ ആത്മാവ് തൊട്ടറിയാനുള്ള സെൻസുണ്ടാകണം, സെൻസിബിലിറ്റി യുണ്ടാകണം, സെൻസിറ്റിവിറ്റിയുണ്ടാകണം.' ഇവർക്ക് അതുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> .......പ്ലീസ് കൺക്ലൂഡ്........ .....പ്ലീസ് കൺക്ലൂഡ്............

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, വൈകിട്ട് ആർ.എസ്.എസ്. ശാഖയിൽപ്പോയി കസർത്തുകഴിഞ്ഞ് തിരിച്ചുവരുമ്പോൾ പെറോട്ടയും ബീഫും കഴിക്കാൻ സംഘികൾ വന്നാൽ അത് കൊടുക്കാൻ ശ്രീ. പിണറായി വിജയൻ കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുന്നിടത്തോളം കാലം കഴിയുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ജനവിരുദ്ധമായ ഈ വിജ്ഞാപനം പിൻവലിക്കാനുള്ള നടപടി സ്വീകരിക്കണ മെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. കാരണം 'കേരളം' എന്ന സംസ്ഥാനം ഇവിടെ മാതൃകയാകുകയാണ്. സംഘ് പരിവാറിന്റെ അജണ്ടകൾക്കെതിരെ ശബ്ദമുയർത്താൻ ആന്ധ്രാപ്രദേശും തെലുങ്കാനയും തമിഴ്നാടുമെല്ലാം യജമാനന്റെ മുമ്പിൽ മുട്ടുമടക്കി നടുകുനിച്ചുനിൽക്കുമ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി ഇത്തരത്തിലൊരു പ്രമേയവുമായി നിയമസഭ വിളിച്ചുചേർത്ത് നമുക്കെല്ലാവർക്കും ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാൻ അവസരമുണ്ടാക്കിത്തന്നതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ നിരോധനങ്ങളെ നാം ഗൗരവം കുറച്ച് കാണരുത്. ഇവിടെ നോട്ടു നിരോധിച്ചപ്പോൾ ഇതുപോലൊരു പ്രമേയം പാസ്സാക്കി പ്രതിഷേധം അറിയിച്ചു. നോട്ടുനിരോധനം സംബന്ധിച്ച് ഇന്ത്യയിൽ മറ്റുള്ളവർ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി ഞാൻ ചിന്തിക്കുകയാണ്; അങ്ങനെ ചിന്തിക്കണമെന്ന് ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുകയാണ്. കാരണം നോട്ടുനിരോധനം എന്നുപറയുന്നത് ഒരു സാമ്പത്തിക പരിഷ്കരണമാണെന്നും സൈനികരെ രക്ഷിക്കാൻ തീവ്രവാദത്തിനെതിരെയുള്ള നീക്കമാണെന്നും പ്രചരിപ്പിച്ചതിനു ശേഷം ഇന്നും നമ്മുടെ അതിർത്തികളിൽ അനേകം സൈനികർ മരിച്ചു കൊണ്ടിരിക്കുകയാണ്. ആകാശത്തുകൂടി പറന്നുപോയ നരേന്ദ്ര മോദി നവാസ് ഷെരീഫിന്റെ വീട്ടിൽ കല്യാണത്തിന് ചാടിയിറങ്ങിയിട്ടും 'ഭയ്യാ ഭയ്യാ റിലേഷൻ' കൊണ്ട് ഒരു പ്രയോജനവും നമുക്കുണ്ടായില്ല. നമ്മുടെ സേനയിലെ ധീര ജവാന്മാർ മരിച്ചുകൊണ്ടിരിക്കുന്നു. നോട്ടുനിരോധനം ഒരു പരീക്ഷണമാണെന്ന് എല്ലാവരും മനസ്സിലാക്കണം. പാവപ്പെട്ടവരെയും പണക്കാരെയും പട്ടികജാതിക്കാരെയും ആദിവാസികളെയും ക്രിസ്ത്യാനിയെയും മുസ്ലീമിനെയും ഹിന്ദുവിനെയുമെല്ലാം ഒരുപോലെ ബാധിക്കുന്ന ഒരു വിഷയം ഇന്ത്യയുടെ മുന്നിൽ അവതരിപ്പിച്ചു. ഇവിടെ ശർമ്മാജി പറഞ്ഞതുപോലെ, നാസികൾ തുടങ്ങിവച്ച നോട്ടുനിരോധന പ്രസ്താവനയ്ക്കുപ്പുറം നോട്ട് നിരോധിച്ചുകൊണ്ട് പരീക്ഷണം നടത്തിയപ്പോൾ അതിനോട് പ്രതികരിച്ചത് വളരെ കുറച്ച് സംസ്ഥാനങ്ങൾ മാത്രമാണ്. കേരളത്തിൽ ഇടതു-വലതു വ്യത്യാസമില്ലാതെ അതിനോട് പ്രതിഷേധിച്ചു. എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ വലിയ മനുഷ്യച്ചങ്ങലയുണ്ടാക്കി. അതിന്റെ ഫലമായിരിക്കാം, അതിന്റെ അസഹിഷ്ണുതയായിരിക്കാം ഇന്നലെ സി.പി.ഐ.(എം)-ന്റെ ആസ്ഥാനത്ത് മൂന്നാമതും ആക്രമിച്ച് കയറുകയും ജനറൽ സെക്രട്ടറിയെ തന്നെ ആക്രമിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ പോകുകയും ചെയ്തത്. ഇതിനുമുമ്പ് ഡൽഹിയിൽ കോൺഗ്രസ്സിന്റെ പാർട്ടി ആഫീസിലേക്ക് പലതവണ ആക്രമണമുണ്ടായി. ഇതെല്ലാം ഒരുതരം അസഹിഷ്ണുതയാണ്; ഇതൊരു പരീക്ഷണമാണ്. പലതരം സേനകളെ ഉണ്ടാക്കുക എന്നത് നാസികൾ ചെയ്തിരുന്ന കാര്യമാണ്. വംശീയ കലാപങ്ങൾ തുടങ്ങുന്നതിനുമുമ്പ്, വംശീയ ഹത്യയ്ക്കുമുമ്പ്, രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് നാസികൾ ജർമ്മനിയിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ നരേന്ദ്ര മോദി ഇന്ത്യയിൽ പരീക്ഷിക്കുകയാണ്. കാരണം 'ഗുജറാത്ത്' ആവർത്തിക്കുക എന്ന ലക്ഷ്യം ഇതിന്റെ പിറകിലുണ്ടെന്ന് മനസ്സിലാക്കാം.

നോട്ട് നിരോധിച്ചതിന്റെ പേരിൽ കേരളത്തിലും പശ്ചിമ ബംഗാളിലും ത്രിപുരയിലും പ്രതികരണമുണ്ടായി; എന്നാൽ തമിഴ്നാട്ടിൽ പ്രതികരണം ഉണ്ടായില്ല. ഈ വിഷയത്തിൽ കേരളത്തിന്റെ പ്രതിഷേധം അളന്നതിനുശേഷം അടുത്ത നടപടികളിലേക്ക് കടക്കാനുള്ള ശ്രമമാണ്. അതിനുശേഷം മുസ്ലീം വ്യക്തിഗത നിയമത്തിലേക്ക് കടക്കും. ഞങ്ങൾ ഇറച്ചി കഴിക്കുന്നവരല്ലെന്ന് ഡോ. എം. കെ. മുനീർ പറഞ്ഞു. ഇത് ഇറച്ചിയുടെ വിഷയമല്ല, അടുത്തതായി സംഘ് പരിവാറിന്റെ അജണ്ടകൾ നടപ്പിലാക്കാൻ വേണ്ടി ഏകീകൃത സിവിൽ കോഡിൽ കൈവയ്ക്കും. അതുപോലെ സ്കോളർഷിപ്പുകളിലും ന്യൂനപക്ഷ സംവരണങ്ങളിലുമെല്ലാം കുറേശ്ശേ കൈവയ്ക്കുന്നതിന്റെ ഭാഗമാണിത്. ഇതൊന്നും ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് കെ. എം. മാണി സാർ തുടക്കത്തിൽ എഴുന്നേറ്റുനിന്ന് പറഞ്ഞു; എന്താണ് ഉദ്ദേശ്യമെന്ന് മനസ്സിലായില്ല; ഭാവിയെ കണ്ടുകൊണ്ടായിരിക്കാം. മാണിസാറിന്റെ ലക്ഷ്യമെന്താണെന്ന് എനിക്കറിയില്ല. എന്നാൽ ഒരു കാര്യം പറയാം, ശ്രീമതി മേനകാ ഗാന്ധി പരിസ്ഥിതി മന്ത്രിയായിരിക്കുമ്പോൾ നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചുകൊണ്ടുള്ള ഒരു തീരുമാനമെടുത്തിരുന്നു. അന്ന് നായ്ക്കളല്ലേ; സാരമില്ലെന്ന് നാം വിചാരിച്ചു. അതിന്റെ ഫലമായി കേരളത്തിൽ മനുഷ്യനെ നായ്ക്കൾ കടിച്ചുകൊല്ലുന്ന അനേകം സംഭവങ്ങൾക്ക് നാം സാക്ഷികളാകേണ്ടി വന്നു. അതുകൊണ്ട് ഇതൊന്നും അത്ര നിസ്സാരമായി കാണരുത്. കേരളത്തിൽ നിയമസഭ വിളിച്ചുകൂട്ടിയത് പശുവിനെ കൊല്ലുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു വേണ്ടിയാണെന്ന് പറഞ്ഞ് ആരും കുറച്ച് കാണരുത്. ഇന്ത്യയിൽ നടപ്പിലാക്കാൻ പോകുന്ന സംഘ് പരിവാർ അജണ്ടയിൽ വംശീയ ഹത്യയ്ക്ക് തുടക്കം കുറിക്കുന്നതിനെതിരെയുള്ള ഒരു പ്രതിഷേധമായി ഇതിനെ കാണണം. ബി.ജെ.പി.-ക്കെതിരായുള്ള ഒരു മഹാസഖ്യമെന്ന് ശ്രീ. ഒ. രാജഗോപാൽ ഇവിടെ പറഞ്ഞു. ബി.ജെ.പിക്കെതിരെ രാജ്യത്ത് മതേതര വിശ്വാസികളുടെ മഹാസഖ്യം അടിയന്തരമായി ഉണ്ടാകുകയെന്നുള്ളത് ഭാരതീയന്റെ ആവശ്യമാണ്; അതിൽ ഒരു തെറ്റുമില്ല; അദ്ദേഹം പറഞ്ഞത് ഞാൻ അംഗീകരിക്കുകയാണ്. അങ്ങനെയൊരു സഖ്യമുണ്ടാകണം; ആ സഖ്യത്തിൽ നാമെല്ലാം ഉണ്ടാകണം.

നാം പലപ്പോഴും മറന്നുപോകുന്ന ചില കാര്യങ്ങളുണ്ട്. ബി.ജെ.പി. ഈ രാജ്യത്ത് ഹിറ്റ്ലറുടെ ഭരണം അടിച്ചേല്പിക്കുകയാണ്. നരേന്ദ്ര മോദിക്ക് ഇന്ത്യയിൽ ഉണ്ണാനും ഉറങ്ങാനും സമയമില്ല. എന്നാൽ നമുക്ക് ഈ രാജ്യത്ത് ഉണ്ടും ഉറങ്ങിയും ജീവിച്ചേ മതിയാകൂ. ഈ രാജ്യത്ത് ഉണ്ണാനും ഉറങ്ങാനുമുള്ള നമ്മുടെ അവകാശത്തിൽ ആർക്കും കൈകടത്താൻ കഴിയില്ല. എന്നാൽ ഒരു കാര്യം ഓർക്കണം, മഹാത്മാഗാന്ധി നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നു; അദ്ദേഹത്തിന്റെ അന്തസ്സും ബുദ്ധിശക്തിയുമാണ് നമുക്കത് നേടിത്തന്നത്. അദ്ദേഹത്തിന്റെ

അന്തസ്സിനെ എതിരാളികൾപോലും ബഹുമാനിച്ചിരുന്നു. സ്വതന്ത്ര ഭാരതത്തിൽ അദ്ദേഹത്തോട് 'ഗോവധം നിരോധിച്ചുകൂടേ' എന്ന് ചോദിച്ചു. 'ഞാൻ മത്സ്യമാംസം കഴിക്കുന്ന ആളല്ല. പക്ഷെ, ഈ രാജ്യത്ത് മറ്റുള്ളവർ എന്തു ഭക്ഷണം കഴിക്കണമെന്ന് നിർദ്ദേശിക്കാൻ എനിക്ക് അധികാരമില്ല; അതെന്റെ അന്തസ്സിന്റെ പ്രശ്നമാണ് -എന്ന് അദ്ദേഹം പറഞ്ഞു. ആ അന്തസ്സ് കാണിക്കണമെന്ന് മാത്രമാണ് ഇന്ത്യ ഭരിക്കുന്ന നരേന്ദ്ര മോദിയോടും രാജേട്ടന്റെ പാർട്ടിക്കാരോടുമൊക്കെ ഞങ്ങൾ ആവശ്യപ്പെടുന്നത്. ആ അന്തസ്സോടെ പെരുമാറണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ.

രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് നരഹത്യ ചെയ്തതുപോലുള്ള അക്രമങ്ങൾ, മൃഗസ്നേഹമായിരുന്ന അന്നത്തെ മുദ്രാവാക്യം. ശർമ്മാജി പറഞ്ഞതുപോലെ നോട്ടുനിരോധനം, മൃഗസ്നേഹം ഇങ്ങനെയുള്ള കാര്യങ്ങളിൽ തുടങ്ങിയ ചരിത്രമാണുള്ളത്; ചരിത്രം ഇവിടെ ആവർത്തിക്കാൻ പോകുകയാണ്. രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് ജനിച്ചുവീണ നരഭോജിയായ രാക്ഷസക്കുഞ്ഞിന്റെ മുഖച്ഛായ, മൂന്നുകൊല്ലം മുമ്പ് ഇന്ത്യയിൽ അധികാരത്തിലെത്തിയ ബി.ജെ.പി. ഗവൺമെന്റിനുണ്ടെന്ന് തോന്നുന്നെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ഇത്തരം അടിച്ചേല്പിക്കലിനെതിരെ ശക്തമായ പ്രതിഷേധമുണ്ടാകണം. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന, ഒരു സംസ്ഥാനത്തിന്റെ അധികാരത്തിൽ കയ്യേറി, അവിടത്തെ ജനങ്ങളുടെ ഭക്ഷണക്രമത്തിൽ കയ്യേറി പാവപ്പെട്ടവന്റെ ആഹാരപാത്രത്തിൽ കയ്യിട്ടുവാരുന്ന ഈ നെറികെട്ട കേന്ദ്ര ഭരണത്തിനും അതിന്റെ അധികാര ദുർവിനിയോഗത്തിനും അഹങ്കാരത്തിനുമെതിരെ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ നൂറുശതമാനവും അനുകൂലിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി ബി.ജെ.പി.-യുടെ നേതാക്കൾ വളരെ ആത്മാർത്ഥമായി ഇങ്ങനെയൊരു ഉത്തരവ് ഇല്ലെന്നാണ് പറയുന്നത്. പശുവിനെയും കാളയെയും എന്തിനെ കൊന്നാലും അവർക്ക് എതിർപ്പില്ല. ഏതിനെ വേണമെങ്കിലും കൊന്നോ നിങ്ങൾ പ്രമേയവുമായിട്ട് വരേണ്ടാ എന്നാണ് ഈ സഭയിലുള്ള ഏക ബി.ജെ.പി. അംഗമായ ബഹുമാനപ്പെട്ട ഒ. രാജഗോപാൽ പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഇതിന്റെ ആവശ്യമുണ്ടോ എന്നാണെന്റെ സംശയം. അതായത് ഇങ്ങനെയൊരു നിയമം ഉണ്ടാക്കിയിട്ടില്ലെന്ന് പറയാനായി ബി.ജെ.പി.യുടെ നേതാക്കൾ കുറേ ദിവസങ്ങളായി കയ്യും കാലുമിട്ടടിക്കുകയാണ്. ഇവിടത്തെ ഏറ്റവും പ്രമുഖ ന്യൂനപക്ഷമായ മുസ്ലീം സമൂഹത്തിന്റെ പരിശുദ്ധ റംസാൻ മാസത്തിന്റെ തലേദിവസം തന്നെ ഈ ഉത്തരവിറക്കണമെന്ന് നരേന്ദ്ര മോദിക്ക് എന്താണ് ഇത്ര നിർബന്ധം? റംസാൻ മാസത്തിൽ നോമ്പുതുറയുമായി ബന്ധപ്പെട്ട് ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്നത് മാംസമാണെന്ന് ആർക്കാണ് അറിയാത്തത്? അപ്പോൾ മാംസനിരോധനം മാത്രമല്ല, മറ്റു പല ലക്ഷ്യങ്ങളും അദ്ദേഹത്തിന് ഇതിനകത്തുണ്ടെന്നുള്ളതിൽ യാതൊരു സംശയവും വേണ്ട.

ഒരു കാര്യം കൂടി പറയട്ടെ, ഇവിടെ ബഹുമാനപ്പെട്ട കെ. എം. മാണി ഇന്ന് ക്രമപ്രശ്നം ഉന്നയിച്ചു. ഞാൻ ഈ സഭയിൽ ഒരു സംശയം ഉന്നയിക്കുകയാണ്. നരേന്ദ്ര മോദിയുടെ പോക്ക് എങ്ങോട്ടാണ്? അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിനു ശേഷം പ്രസിഡൻഷ്യൽ ഭരണമുണ്ടാക്കിക്കൊണ്ട് ഇന്ത്യാ രാജ്യത്തെ മുഴുവൻ കാൽക്കീഴിലാക്കാനുള്ള ശക്തമായ നീക്കം നടത്തുകയാണ് നരേന്ദ്ര മോദി എന്നാണ് എന്റെ വിശ്വാസം. മാത്രമല്ല, ബഹുമാനപ്പെട്ട കെ. എം. മാണിക്ക് ഇന്ന് സഭയിൽ എഴുന്നേറ്റുനിന്ന് സംസാരിക്കാൻ സാധിച്ചു. നമുക്ക് ഈ സഭയിൽ ഇരിക്കാൻ കഴിഞ്ഞു. എന്നാൽ അടുത്ത പാർലമെന്ററി തെരഞ്ഞെടുപ്പിനുശേഷം ഇന്ത്യാരാജ്യത്ത് പ്രസിഡൻഷ്യൽ ഭരണമുണ്ടാക്കിക്കൊണ്ട് ഇന്ത്യയിലെ നിയമസഭകളെപ്പോലും നോക്കുകുത്തിയാക്കി മിണ്ടാൻ കഴിയാത്ത നിലയിലേക്ക് കൊണ്ടുവരാനുള്ള സാധ്യത ഒഴിവാക്കാൻ എന്തുചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി ചർച്ച ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നമ്മളൊക്കെ ഈ കാര്യങ്ങൾ ചർച്ച ചെയ്ത് പോകുകയാണ്. ഇതിനിടയിൽ എന്താണ് നടക്കുന്നത്? നരേന്ദ്ര മോദി സർക്കാരിന്റെ കോർപ്പറേറ്റ് താല്പര്യങ്ങൾ, ഭരണപരാജയം ഇതൊക്കെ ആരുമറിയാതെ സംരക്ഷിക്കപ്പെടുകയല്ലേ? നമുക്ക് ഇതൊക്കെ ചോദ്യം ചെയ്യാൻ പറ്റുന്നുണ്ടോ? ഇതൊക്കെ ചോദ്യം ചെയ്യാനുള്ള അവസരംപോലും നൽകാതെ നരേന്ദ്ര മോദി ഭരണവുമായി മുന്നോട്ട് പോകുകയാണ്. നാം ഒരു വശത്ത് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നു; നരേന്ദ്ര മോദി ഭരണവുമായി മുന്നോട്ട് പോകുകയും ചെയ്യുന്നു. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച കണക്ക് ഞാൻ ശ്രദ്ധിച്ചു. നമ്മുടെ രാജ്യം 46 കോടി ലിറ്റർ പാലാണ് ഒരു ദിവസം ഉൽപ്പാദിപ്പിക്കുന്നത്. അതായത് ഒരു ദിവസത്തെ ഉൽപ്പാദനത്തിന്റെ മൂല്യം 1840 കോടിയാണ്. അത് ഇല്ലാതാക്കാൻ ശ്രമിക്കുകയെന്ന് പറഞ്ഞാൽ നമ്മുടെ രാജ്യത്തെ കർഷകന്റെ നിലയെന്താണ്? ഞാൻ ഒരു ചെറിയ കാര്യം കൂടി സൂചിപ്പിക്കാം. അധിക സമയമൊന്നും എടുക്കുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങയുടെ സമയത്തിന്റെ ഇരട്ടി കഴിഞ്ഞു. പ്ലീസ്....

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങ് മറ്റുപലർക്കും സമയം കൊടുത്തതുകൊണ്ട് എനിക്കും നൽകണമെന്ന അപേക്ഷയൊന്നും ഞാൻ സമർപ്പിക്കുന്നില്ല. അങ്ങനെ ചീപ്പാകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ മറ്റുള്ളവർ എങ്ങനെയാണെന്ന് അങ്ങ് ഓർക്കണം.

<u>മി. സ്പീക്കർ</u>: അങ്ങ് അതിനുവേണ്ടി സമയം കളയേണ്ട.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, മാംസ വിപണിയിൽ സഹകരണ അടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ സ്ഥാപിച്ച് ഈ മേഖലയിൽ തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുകയാണ് ഈ സാഹചര്യത്തിൽ ചെയ്യാവുന്ന ചെറുത്തുനിൽപ്പെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. നവീന അറവുശാലകൾ, പാക്കേജിംഗ്, ശീതീകരണ സംവിധാനങ്ങൾ എന്നിവയ്ക്കുള്ള സാങ്കേതിക വിദ്യയും ഇവ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് നൽകാനുള്ള പദ്ധതി തയ്യാറാക്കാൻ കേരള സർക്കാർ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. ലോകത്തുള്ള സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ചതിനുശേഷമാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നാണ് എല്ലാ മതങ്ങളുടെയും (ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം) വിശ്വാസം. ലോകത്തുള്ള സർവ്വ ചരാചരങ്ങളെയും മനുഷ്യനുവേണ്ടി സൃഷ്ടിച്ചതാണെന്നാണ് പരിശുദ്ധ ഖുറാനും വിശുദ്ധ ബൈബിളും ഹൈന്ദവ സംസ്കാരവും പറയുന്നത്. അപ്പോൾ പശു, ആട്, പോത്ത്, ഒട്ടകം മുതലായവയൊക്കെ നമുക്ക് ഭക്ഷിക്കാനുള്ളതാണ്. അതിനെ തകർക്കാൻ ആര് ശ്രമിച്ചാലും കൂട്ടുനിൽക്കാൻ പാടില്ലെന്നുമാത്രം സൂചിപ്പിക്കുന്നു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും അനുകൂലിക്കുകയാണെന്ന് മാത്രമല്ല അത് കേരള സമൂഹത്തിനും ഇന്ത്യൻ സമൂഹത്തിനും ഒരു സന്ദേശമായി ഉയർന്നുവരാൻ ഈ സഭാസമ്മേളനവും ചർച്ചയും ഉപകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം ഉദ്ധരിച്ചുകൊണ്ട് മേയ് 23-ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമാണ് ഇവിടെ ഇത്തരത്തിലൊരു ചർച്ചയ്ക്ക് വഴിയൊരുക്കിയത്. ആ വിജ്ഞാപനം നിയമപരമായും സാംസ്കാരികമായും സാമ്പത്തികമായും നമ്മുടെ രാജ്യത്തെ ജനങ്ങളോട് ചെയ്യുന്നൊരു അനീതിയാണ്. പിന്നീട് ആ നിയമത്തിൽ ചില ഭേദഗതികൾ വരുത്തിയെങ്കിലും, പ്രത്യേകിച്ച് 2001-ൽ വരുത്തിയ ഭേദഗതിയിലും ഭക്ഷണത്തിനായി മൃഗങ്ങളെ കൊല്ലുന്നത് തടഞ്ഞിരുന്നില്ല. അതിന് പൊതു അംഗീകാരം നൽകുന്ന സമീപനമാണ് സ്വീകരിച്ചത്. ഇന്ത്യൻ ജനതയ്ക്കിടയിൽ മത ധ്രുവീകരണം സൃഷ്ടിച്ചെടുക്കാനും ധ്രുവീകരണത്തെ വർഗ്ഗീയ കലാപമായി വളർത്തി വികസിപ്പിച്ചെടുത്ത് രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവും മതനിരപേക്ഷതയും തകർത്തുകൊണ്ടുള്ള ഫാസിസ്റ്റ് ഭീകര ഭരണം സ്ഥാപിച്ചെടുക്കാനുമുള്ള നരേന്ദ്ര മോദി ഗവൺമെന്റിന്റെ ഹീനമായ നീക്കത്തിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇന്ത്യൻ ഭരണഘടന നിർമ്മിക്കുന്ന ഘട്ടത്തിൽ നിയമനിർമ്മാണ സഭയിൽ ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിവച്ച വിഷയമാണ് ഗോവധ നിരോധനം. Constituent Assembly-യിൽ നിരവധി അംഗങ്ങൾ മൗലികാവകാശത്തിൽ ഗോവധ നിരോധനം ഉൾപ്പെടുത്തണമെന്ന് വാദിച്ചപ്പോൾ

അതേ Constituent Assembly-യിലെ മഹാഭൂരിപക്ഷം വരുന്ന അംഗങ്ങൾ ആ നിലപാടിനോട് യോജിച്ചില്ല. മൗലികാവകാശം മനുഷ്യനുള്ളതാണ്. ഭരണഘടനയുടെ മതേതരത്വ സ്വഭാവം ഉയർത്തിപ്പിടിക്കണമെന്ന വാദം കൂടുതൽ ശക്തമായി വന്നു. അതിന്റെ അടിസ്ഥാനത്തിൽ മൗലികവാദ അവകാശങ്ങൾ ശക്തിപ്പെട്ടു വന്നപ്പോൾ ഗോവധ നിരോധനം മൗലികാവകാശ വകുപ്പിൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടു. അങ്ങനെയാണ് പിന്നീട് ചില കാര്യങ്ങളും കൂട്ടിച്ചേർത്തത്. ഭരണഘടനയിലെ ഈ വ്യവസ്ഥയെ മതപരമായ പിഴവായി മാറ്റാൻ പിന്നീട് ചിലർ ശ്രമിച്ചിട്ടുണ്ട്. 1958-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഖുറൈഷി എന്നയാൾ ഗോവധ നിരോധനം നടപ്പാക്കണമെന്നാവശ്യപ്പെട്ട് കേസ് ഫയൽ ചെയ്തു. ആ കേസിനെത്തുടർന്നാണ് ബഹുമാനപ്പെട്ട കെ. എം. മാണി ചൂണ്ടിക്കാണിച്ചതുപോലെ 1960-ൽ Prevention of Cruelty to Animals എന്ന നിയമം പാസ്സാക്കിയത്. ആ നിയമം മൃഗങ്ങൾക്കെതിരായിട്ടുള്ള ക്രൂരത തടയൽ നിയമമാണെന്ന് വ്യക്തമാണ്. അതിലെ 38-ാം വകുപ്പിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് കേന്ദ്ര പരിസ്ഥിതി വകുപ്പ് മേയ് 23-ന് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇത്തരമൊരു വിജ്ഞാപനം പുറപ്പെടുവിക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമില്ല. കാരണം ഇത് കേന്ദ്ര ഗവൺമെന്റിന്റെ വകുപ്പിൽപ്പെടുന്നതല്ല. സംസ്ഥാനങ്ങൾക്കുള്ള അവകാശങ്ങളും കേന്ദ്രങ്ങൾക്കുള്ള അവകാശങ്ങളും പ്രത്യേകമായി തന്നെ വിഭജിക്കപ്പെട്ടിട്ടുണ്ട്. കന്നുകാലികളെ സംബന്ധിച്ചും അവയുടെ കശാപ്പ് സംബന്ധിച്ചുമുള്ള കാര്യങ്ങൾ നിയമസഭകളുടെ അധികാര പരിധിക്കകത്ത് ഉൾപ്പെടുന്നതാണ്. അതിന് നിയമനിർമ്മാണം നടത്താനുള്ള അധികാരം നിയമസഭകൾക്കും സംസ്ഥാനങ്ങൾ ക്കുമുള്ളതാണ്. ഇന്ത്യയിലെ ഒട്ടനവധി സംസ്ഥാനങ്ങളിൽ ഗോവധ നിരോധനമില്ല. ചില സംസ്ഥാനങ്ങൾ ഗോവധ നിരോധന നിയമം പാസ്സാക്കിയിട്ടുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങൾ അധിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. വ്യത്യസ്തമായ വേഷവിധാനങ്ങൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, ഭാഷകൾ, മതങ്ങൾ ഇതെല്ലാം കെട്ടുപിണഞ്ഞുകിടക്കുന്നതാണ് ഇന്ത്യൻ സമൂഹം. അത്തരമൊരു രാഷ്ട്രത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി, ജനതാൽപ്പര്യ പ്രശ്നങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങളാണ് ഉണ്ടാകേണ്ടിയിരുന്നത്. എന്നാൽ ബി.ജെ.പി. ഗവൺമെന്റ് ഇങ്ങനെയൊരു വിജ്ഞാപനം ഇപ്പോൾ പുറപ്പെടുവിച്ചത് ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ്; എന്തിനുവേണ്ടിയാണ്; എന്ത് സങ്കീർണ്ണമായ വിഷയമാണ് ഇപ്പോൾ ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്? ഇന്ത്യയിൽ ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ ഈയടുത്ത സമയത്ത് നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് മുൻഗണന ലഭിച്ചു. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ അവർ മണി പവറും മസിൽ പവറും ഉപയോഗിച്ച് അധികാരം പിടിച്ചെടുത്തു. മണിപ്പൂരിലും ഗോവയിലും ബി.ജെ.പി. എങ്ങനെയാണ് അധികാരത്തിൽ വന്നത്? മണി പവറും മസിൽ പവറും ഉപയോഗിച്ച് അധികാരം പിടിച്ചു. ഇന്ത്യൻ പാർലമെന്റിൽ ഇപ്പോൾ ഭൂരിപക്ഷമുണ്ട്. ഇന്ത്യയിൽ ഉടൻതന്നെ

രാഷ്ട്രപതി തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇന്ത്യാരാജ്യത്ത് തീവ്രമായ ഭീകരത സൃഷ്ടിച്ചെടുക്കാനുള്ള നടപടിയുടെ ഭാഗമായ അധികാരത്തിന്റെ അഹന്തയും ധാർഷ്ട്യവുമാണ് ആർ.എസ്.എസ്.ന്റെ അജണ്ട. ഇത് ഇന്ത്യയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് നരേന്ദ്ര മോദി ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. കുറെക്കാലമായി ഇന്ത്യയിലെ സ്ഥിതിഗതികൾ പരിശോധിച്ചാൽ അത് മനസ്സിലാകും. മൃഗങ്ങളെ കൊണ്ടു വരുന്നതിന്റെ പേരിലും ബീഫ് പാകം ചെയ്തുവെന്നതിന്റെ പേരിലും ഗോ മാംസം ഭക്ഷിച്ചുവെന്നതിന്റെ പേരിലും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷങ്ങൾക്കുനേരെ ധാരാളം അക്രമങ്ങളുണ്ടായി. ഇന്ത്യയിൽ ബി.ജെ.പി.-ആർ.എസ്.എസ്. മുൻകയ്യെടുത്ത് ആസൂത്രിതമായി ഗോ സംരക്ഷണ സേനയും ഹിന്ദു സേനയും ഉണ്ടാക്കി. ഇന്ത്യയിലെ പല ഭാഗങ്ങളിലും ഗോസംരക്ഷണ സേനയുടെ പേരിൽ നിയമം കയ്യിലെടുത്ത് അഴിഞ്ഞാടുകയല്ലേ; എത്ര ഭീകരമാണിത്?

11.00 AM]

ഇന്ത്യയുടെ മുഖം എത്ര വികൃതമാണെന്ന് ചില അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഇന്ത്യൻ പ്രധാനമന്ത്രിയും ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി.-യും അറിയാതെ ഇന്നലെ ഡൽഹിയിൽ സി.പി.ഐ.(എം)-ന്റെ കേന്ദ്രകമ്മിറ്റി ഓഫീസിനും ജനറൽ സെക്രട്ടറിക്കും നേരെ ആക്രമണമുണ്ടാകുമായിരുന്നോ? ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ തലയെടുക്കുന്നതിന് ഒരു കോടി രൂപ വാഗ്ദാനം ചെയ്തതിനെതിരെ ഇന്ത്യൻ പ്രധാനമന്ത്രി പ്രതികരിച്ചോ? അത് ഇവിടത്തെ എല്ലാ വാർത്താ മാധ്യമങ്ങളിലും ടെലിവിഷൻ ചാനലുകളിലും പ്രത്യക്ഷപ്പെട്ടു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് ചുമതലയില്ലേ? അദ്ദേഹം ഈ രാജ്യത്തിന്റെ പ്രധാനമന്ത്രിയല്ലേ? എന്തുകൊണ്ട് അദ്ദേഹം പ്രതികരിച്ചില്ല. രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഫാസിസ്റ്റ് അജണ്ടയുടെ വ്യത്യസ്ത രൂപഭാവങ്ങളാണ് ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമാണ് ഇന്ത്യയിൽ ന്യൂനപക്ഷങ്ങളെ ആക്രമിച്ച് കീഴ്പ്പെടുത്തുന്നതും ദളിത് ജനവിഭാഗങ്ങളെ ഭയപ്പെടുത്തി അടിമകളാക്കുന്നതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ അടിമകളെപ്പോലെ ജീവിപ്പിക്കുന്നതും. അതിനുവേണ്ടിയുള്ള സമ്പന്ന സുവർണ്ണാധിപത്യത്തിന്റെ മേൽകയ്യാണ് ഇവിടെ ആർ.എസ്.എസ്. സംഘ് പരിവാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് കലാപമുണ്ടാക്കി ന്യൂനപക്ഷങ്ങളെ നേരിട്ട് ആക്രമിക്കാൻ കഴിയാതെ വന്നപ്പോൾ മറ്റുതരത്തിൽ അവരെ ആക്രമിക്കുന്നതിനുള്ള നീക്കമാണ് നടക്കുന്നത്. ഇന്ത്യയിലെ കാർഷിക വരുമാനത്തിന്റെ 25.6 ശതമാനവും കന്നുകാലി വളർത്തലിൽ നിന്നുമാണ് ലഭിക്കുന്നത്. പാലും പാലുൽപ്പന്നങ്ങളും മാംസവും ഈ വ്യാപാരത്തിലുൾപ്പെട്ടതാണ്. രാജ്യത്ത് നിലവിലുള്ള കന്നുകാലി സമ്പത്ത് അൻപത്തിരണ്ട് കോടിയാണ്. പശു, എരുമ, ആട്, ചെമ്മരിയാട്, ഒട്ടകം, കാള, പോത്ത്, പന്നി എന്നിവയെല്ലാം കന്നുകാലി

വിഭാഗത്തിൽപ്പെടുന്നതാണ്. ആകെ കന്നുകാലികളുടെ മുപ്പത്തിയെട്ട് ശതമാനം പശുവും കാളയുമാണ്. 52 കോടി കന്നുകാലികളിൽ 12-14 കോടി കന്നുകാലികളെ മാത്രമാണ് കറവയ്ക്കായി ഉപയോഗപ്പെടുത്തുന്നത്. രാജ്യത്തെ 20 കോടിയോളം ജനങ്ങൾ, തൊഴിലാളികളുടെ 8 ശതമാനം കന്നുകാലി തൊഴിലാളികളാണ്. ഒരു വർഷം ഏകദേശം 50 ലക്ഷം ടൺ ഇറച്ചി ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നു. ഇറച്ചി ഉല്പാദനത്തിൽ ലോകത്തിൽ എട്ടാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. മാംസക്കയറ്റുമതിയിൽ ബ്രസീലിനെ പിൻതള്ളി ഇന്ത്യ ഇപ്പോൾ ഒന്നാം സ്ഥാനത്തേയ്ക്ക് വന്നു. രാജ്യത്തെ മാംസ വിപണിയിൽനിന്നും ഏകദേശം ഒരു ലക്ഷം കോടി രൂപയാണ് വരുമാനമായി ലഭിക്കുന്നത്. കാലിച്ചന്തയില്ലെങ്കിൽ മാംസവിപണി ഉണ്ടാകുമോ? ഒരു സംസ്ഥാനത്തുനിന്നും കാലികളെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകാതെ കാലിച്ചന്തയും കാലി അറവുകളുമുണ്ടാകുമോ? കഴിഞ്ഞ സാമ്പത്തിക വർഷം 21,316 കോടി രൂപയുടെ വരുമാനം ഇറച്ചി കയറ്റുമതിയിലൂടെ ഇന്ത്യയ്ക്ക് ലഭിച്ചിട്ടുണ്ട്. കർഷകന്റെ ഒന്നാമത്തെ ആസ്തി കൈവശഭൂമിയും രണ്ടാമത്തേത് ബാങ്ക് നിക്ഷേപവും മൂന്നാമത്തേത് കന്നുകാലി നിക്ഷേപവുമാണ്. കന്നുകാലികളുടെ കറവ 3 മുതൽ 10 വർഷം വരെയാണ്, എന്നാൽ അവയുടെ ആയുസ്സ് 25 വർഷമാണ്. കറവ കഴിഞ്ഞുള്ള പതിനഞ്ച് വർഷം ഈ പശുക്കളെ ശ്രീ. ഒ. രാജഗോപാലോ അദ്ദേഹത്തിന്റെ പാർട്ടിയോ പോറ്റുമോ? കറവയില്ലാത്ത പശുക്കളെ എന്തുചെയ്യാനാണ്? ഈ രാജ്യത്ത് കൂടുതലും മാംസാഹാരം കഴിക്കുന്ന ജനങ്ങളാണുള്ളത്. ഏറ്റവും നല്ല പ്രോട്ടീനുള്ളത് മാംസാഹാരത്തിലാണ്. ബീഫിലാണ് ഏറ്റവും കൂടുതൽ പ്രോട്ടീനുള്ളത്. ബി.ജെ.പി.-യിലോ ആർ.എസ്.എസ്.-ലോ മാംസം കഴിക്കാത്തവരുണ്ടോ? നല്ലവണ്ണം അടിച്ച് പൂസ്സായി രാജ്യത്ത് കലാപമുണ്ടാക്കാൻ എന്തും വിളിച്ചു പറയുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന വൃത്തികെട്ട ആർ.എസ്.എസ്., സംഘ് പരിവാറിന്റെ രാഷ്ട്രീയം ഈ നാടിനെ നശിപ്പിക്കാനുള്ളതാണ്, ഈ രാജ്യത്തിന്റെ ഭാവി തകർക്കാനുള്ളതാണ്. ഇതൊരു ഫാസിസ്റ്റ് മനോഭാവത്തിന്റെ പ്രവർത്തനത്തിന് തുടക്കമാണ്. എല്ലാവരും ചേർന്ന് ഈ ഫാസിസ്റ്റ് നീക്കത്തെ ചെറുത്തുതോൽപ്പിക്കണം. രാജ്യത്തെ മതേതര ശക്തികളും ജനാധിപത്യ ശക്തികളും യോജിക്കുന്നത് കണ്ട് ഭയപ്പെട്ടിട്ട് കാര്യമില്ല. നിങ്ങളുടെ കൃത്യം രാജ്യത്തെ നശിപ്പിക്കാനും ഞങ്ങളുടെ കൃത്യം രാജ്യത്തെ നന്നാക്കാനും രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടിയുമാണ്. ഇത്തരത്തിലൊരു നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് ചർച്ച ചെയ്യുമ്പോൾ ഇന്ത്യയിലെ ജനങ്ങൾ കാണട്ടെ, കേരളത്തിലെ ജനങ്ങൾ ഇത് മനസ്സിലാക്കട്ടെ, ഇത്തരത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ വൃത്തികെട്ട നയങ്ങൾക്കെതിരെ ജനങ്ങൾ പ്രതികരിക്കട്ടെ. ഈ വിഷയം ചർച്ചചെയ്യുന്നതിനായി ഈ സഭ വിളിച്ചുചേർത്ത ബഹുമാന്യനായ മുഖ്യമന്ത്രിയേയും അതിന് മുൻകയ്യെടുത്ത് പ്രവർത്തിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനേയും ബഹുമാനപ്പെട്ട സ്പീക്കറേയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒന്നുകൂടി അനുകൂലിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. മുഖ്യമന്ത്രിയും സഭാദ്ധ്യക്ഷനായ അങ്ങും ഇങ്ങനെയൊരു നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടാനുള്ള തീരുമാനമെടുത്തത് ഏറ്റവും നന്നായി എന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ ജനങ്ങളുടെ വികാരം സുപ്രീംകോടതിയേയും കേന്ദ്ര ഭരണകൂടത്തേയും അറിയിക്കാൻ ഇത് സഹായിക്കുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുകയാണ്. ഇന്ന് ഇന്ത്യയൊട്ടാകെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് നമ്മൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഭഗവത്ഗീതയിൽ 6-ാം അദ്ധ്യായത്തിൽ 17-ാം ശ്ലോകത്തിൽ,

"യുക്താഹാരവിഹാരസ്യ

യുക്തചേഷ്ടസ്യ കർമ്മസു" എന്നാണ് പറയുന്നത്. യുക്തമായ ആഹാരം കഴിക്കാൻ ആർക്കും അവകാശമുണ്ടന്നാണ് ഇതിൽ പറയുന്നത്. യുക്തമെന്ന് ഞാൻ വിചാരിക്കുന്നത് എനിക്ക് അനുയോജ്യമായ ആഹാരമാണ്. അതുപോലെതന്നെ യുക്തമായ കർമ്മം ചെയ്യാനുള്ള അവകാശവും നമുക്കുണ്ട്. യുക്തവും അനുയോജ്യവുമായ കർമ്മം ചെയ്യാനും യുക്തവും അനുയോജ്യവുമായ ഭക്ഷണം കഴിക്കാനുമുള്ള മനുഷ്യന്റെ അവകാശത്തെ ആർക്കും നിഷേധിക്കാൻ സാധിക്കില്ലെന്നാണ് ഭഗവത്ഗീത പറയുന്നത്. ഭഗവത്ഗീതയിൽ വിധിക്കുന്ന യുക്താഹാരത്തെ നിഷേധിക്കുന്നതാണ് കേന്ദ്രഗവൺമെന്റിന്റെ പുതിയ വിജ്ഞാപനം. ഞാനൊരു സസ്യഭുക്കാണ്. ചായയും കാപ്പിയും പോലും കഴിക്കാറില്ല. ഞാൻ സസ്യഭുക്കായതുകൊണ്ട് മറ്റുള്ളവരും സസ്യഭുക്കാകണമെന്ന് വാശിപിടിക്കാൻ പാടില്ലാത്തതല്ലേ? നമ്മുടെ ഭക്ഷണം ഏതാണെന്നും വേഷം ഏതാണെന്നും തീരുമാനിക്കുന്നത് നമ്മളാണ്. ഇതിനെതിരെയുള്ള കടന്നുകയറ്റം ഒരു പൗരന്റെ സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നാക്രമണമാണ്. അത് വ്യക്തി സ്വാതന്ത്ര്യത്തെ നിഷേധിക്കലാണ്. ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് നോട്ട് നിരോധനം നടപ്പാക്കിയതുപോലെ മറ്റൊരു സർജിക്കൽ സ്ട്രൈക്കാണ് ഈ വിജ്ഞാപനത്തിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഒറ്റനോട്ടത്തിൽ ഈ വിജ്ഞാപനം നിരുപദ്രവമാണെന്ന് തോന്നാം. മൃഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയാൻ 1960-ൽ കൊണ്ടുവന്ന നിയമമാണിത്. അതിൽ നിയമാനുസൃതമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുക മാത്രമേ ചെയ്തുള്ളൂവെന്നാണ് ബഹുമാന്യനായ നേമം മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇത് നിരുപദ്രവപരമാണെന്ന് തോന്നുമെങ്കിലും മേയ് 23-ന് പുറപ്പെടുവിച്ച വിജ്ഞാപനം ഇന്ത്യയുടെ കാർഷിക-സാമ്പത്തിക-തൊഴിൽ മേഖലകളെയാകമാനം ഗുരുതരമായി ബാധിക്കുന്ന ഒന്നാണെന്ന് നമുക്ക് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്റെ

കൈവശമുള്ളത് കേന്ദ്രഗവൺമെന്റ് ഇറക്കിയ നോട്ടിഫിക്കേഷനാണ്. ഈ നോട്ടിഫിക്കേഷനിലെ റൂൾ 22, "Restrictions on Sale of Cattle" , ഗുരുതരമായ പ്രശ്നമുണ്ടാക്കിയിട്ടുള്ളത് ഈ വകുപ്പാണ്. ഈ വകുപ്പിന്റെ (a)-ൽ പറയുന്നത്, "no person shall bring an animal market a young animal;" എന്നും (b)(iii)-ൽ പറയുന്നത് "stating that the cattle has not been brought to the market for sale for slaughter;" എന്നുമാണ്. കശാപ്പിനുവേണ്ടി കന്നുകാലികളെ മാർക്കറ്റിൽ കൊണ്ടുവരാൻ പാടില്ല. ഇതിന്റെ (d)(ii)-ൽ പറയുന്നത്, "take an undertaking that the animals are bought for agriculture purposes and not for slaughter;" എന്നാണ്. കന്നുകാലികളെ ചന്തയിലേയ്ക്ക് കൊണ്ടുവരുന്ന കാർഷിക ആവശ്യങ്ങൾക്കുവേണ്ടി മാത്രമാണെന്ന് എഴുതിക്കൊടുക്കണം. അവയെ കശാപ്പ് ചെയ്യാൻ പാടില്ല. ഇതിന്റെ (d)(vi)-ൽ പറയുന്നത്, "retain such records for a period of six months from the date of sale;" അതായത് വിറ്റതിനുശേഷം 6 മാസം റിക്കാർഡുകൾ സൂക്ഷിക്കണമെന്നാണ്. ഇതിന്റെ (d)(i)-ൽ പറയുന്നത്, "not sell an animal for the purpose of slaughter;" എന്നാണ്. വളരെ വ്യക്തമായിത്തന്നെ കശാപ്പ് നിരോധിച്ചുകൊണ്ടുള്ള ഒരു നോട്ടിഫിക്കേഷനാണ് പുറത്തിറക്കിയിരിക്കുന്നത്. ഇത് പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണമാണ്. മൃഗങ്ങളോടുള്ള ക്രൂരതയ്ക്കെതിരായി എല്ലാവരും ഒറ്റക്കെട്ടായി അണിനിരക്കും, പക്ഷേ പരമ്പരാഗതമായുള്ള മനുഷ്യന്റെ ജീവിതശൈലി, ആഹാരരീതി എന്നിവയെല്ലാം ചോദ്യം ചെയ്യത്തക്ക നിലയിലാണ് ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത് എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. നോട്ട് നിരോധനംമൂലം നമ്മുടെ ജി.ഡി.പി. ഗ്രോത്ത് റേറ്റ് ഒരു ശതമാനം കുറഞ്ഞു. അതുണ്ടാക്കിയ ആഘാതം ചെറുതായിരുന്നില്ല. ഇപ്പോൾ കന്നുകാലി നിരോധനത്തിനുള്ള നോട്ടിഫിക്കേഷൻ സാമൂഹ്യമായ വലിയ വിപത്തും സമൂഹത്തിൽ ആഴത്തിലുള്ള മുറിവുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ഒരു അജണ്ടയാണ് ഈ നോട്ടിഫിക്കേഷനിലൂടെ നടപ്പാക്കാനായി കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നത്. നോട്ട് നിരോധനം ഭ്രാന്തൻ നടപടിയാണെങ്കിൽ കശാപ്പ് നിയന്ത്രണം ദുഷ്ടലാക്കോടുകൂടിയുള്ള ഒരു ഹീനകൃത്യമായി മാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളൂ. യു.പി.-യിൽ യോഗി ആദിത്യനാഥ് മാർച്ച് 19-ന് അധികാരത്തിൽ വന്ന് മൂന്നാം ദിവസം ഒരുത്തരവ് പുറപ്പെടുവിച്ചു. അനധികൃത അറവുശാലകളെല്ലാം അടച്ചുപൂട്ടിക്കൊണ്ടായിരുന്നു ആ ഉത്തരവ്. അന്ന് യു.പി.-യിലെ അറവുശാലകൾ ഒന്നാകെ അടച്ചുപൂട്ടി. അതിന് മുൻപന്തിയിൽ നിന്നത് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഗോ സംരക്ഷണ സേനയാണ്. ബീഫ് സ്റ്റാളുകൾ ഇടിച്ചു നിരത്തപ്പെട്ടു. കന്നുകാലികളെ കടത്തിയെന്ന് ആരോപിച്ച് ദളിതരായ ആളുകൾ വ്യാപകമായി ആക്രമിക്കപ്പെട്ടു.

പരസ്യമായി ദളിതരെയും മാംസ വ്യാപാരികളെയും മർദ്ദിക്കുന്ന രംഗങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിച്ചു. ഇതിനിടയിലാണ് രാജസ്ഥാനിൽ ക്ഷീരകർഷകനെ പശുക്കടത്ത് ആരോപിച്ച് തല്ലിക്കൊന്നത്. നേരത്തേ യു.പി.-യിലെ ഗോധ്രയിൽ ഫ്രിഡ്ജിൽ ഗോ മാംസം സൂക്ഷിച്ചുവെന്ന് പറഞ്ഞുകൊണ്ട് ഒരാളെ അടിച്ചു കൊല്ലുകയുണ്ടായി. ഇതിനിടയിലാണ് പശുക്കളെ അറുക്കുന്നവർക്ക് വധശിക്ഷ നൽകുമെന്ന് ഛത്തീസ്ഗഡ് മുഖ്യമന്ത്രി ശ്രീ. രമൺ സിംഗ് പ്രഖ്യാപിച്ചത്. 2017 ഏപ്രിലിൽ യു.പി. സർക്കാരിന്റെ ഈ ഉത്തരവ് അലഹബാദ് ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. എന്ത് കഴിക്കണമെന്നും ഏത് ഭക്ഷ്യവസ്തു വിതരണം ചെയ്യണമെന്നും തീരുമാനിക്കാനുള്ള പൗരന്റെ അവകാശം ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്നാണ് അലഹബാദ് ഹൈക്കോടതിയുടെ സുപ്രധാന വിധി പ്രഖ്യാപനത്തിലൂടെ പുറത്തുവന്നത്. ഗോ രക്ഷകരെ നിരോധിക്കാതിരിക്കാൻ ഏതെങ്കിലും കാരണമുണ്ടോ എന്ന് ചോദിച്ചുകൊണ്ട് രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾക്ക് സുപ്രീം കോടതി നോട്ടീസ് അയയ്ക്കുകയുണ്ടായി. കശാപ്പിനെ നേരിട്ട് നിരോധിക്കാനുള്ള യു.പി.-യുടെ പരീക്ഷണം പരാജയ പ്പെട്ടതോടുകൂടിയാണ് വളഞ്ഞവഴിയിലൂടെ, ഒരു നോട്ടിഫിക്കേഷനിലൂടെ ആർ.എസ്.എസ്.-ന്റെയും സംഘ് പരിവാറിന്റെയും അജണ്ട നടപ്പാക്കാനുള്ള തീരുമാനവുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ടുവന്നിട്ടുള്ളത്. മൃഗങ്ങളോടുള്ള ക്രൂരത തടയാനെന്ന പേരിൽ കൊണ്ടുവന്നിരിക്കുന്ന ഈ നോട്ടിഫിക്കേഷൻ ഇന്ന് സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയമായും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് കേന്ദ്രഗവൺമെന്റ് മനസ്സിലാക്കുന്നില്ല എന്നുള്ളതാണ് എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം. ഇത് ഫെഡറൽ സംവിധാനത്തിന് എതിരായ ഒരു നിലപാടാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം വിശദീകരിക്കുന്നുണ്ട്. ഇതിലെ രണ്ടാം ലിസ്റ്റിൽ 28-ാം ഇനത്തിൽ ചന്തകളും കമ്പോളങ്ങളുമാണ്. ഇനം 26-ൽ സംസ്ഥാന വ്യാപാര-വാണിജ്യത്തെപ്പറ്റി പറയുന്നു. ഇനം 15-ൽ കന്നുകാലി സമ്പത്തിന്റെ സംഭരണം, സംരക്ഷണം തുടങ്ങിയവയെപ്പറ്റി പറയുന്നുണ്ട്. ഇതിന്റെ അർത്ഥമെന്താണ്; ഇക്കാര്യങ്ങളിലെല്ലാം സംസ്ഥാനങ്ങൾക്ക് മാത്രമാണ് പൂർണ്ണമായ അധികാരമുള്ളത് ആ നിലയ്ക്ക് കന്നുകാലിച്ചന്തയിലെ വ്യാപാരത്തിൽ കേന്ദ്ര ഗവൺമെന്റ് ഇത്തരമൊരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് സംസ്ഥാനങ്ങളുടെ അധികാര ത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്. More over Article 246(3) of the Constitution gives States' exclusive power to legislate on preservation of cattle. ഭരണഘടനയുടെ 246(3)-ൽ വളരെ വ്യക്തമായി സംസ്ഥാന അധികാരങ്ങൾ നിർവ്വചിക്കുന്നുണ്ട്. മൃഗങ്ങളോടുള്ള ക്രൂരത തടയൽ കൺകറന്റ് ലിസ്റ്റിലാണ്

എന്നുപറഞ്ഞുകൊണ്ടും അതിന്റെ മറ ഉപയോഗിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ അധികാരത്തെ കവർന്നെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടന്നു കൊണ്ടിരിക്കുന്നത്. കൺകറന്റ് ലിസ്റ്റിലാണെങ്കിലും സംസ്ഥാനത്തിന്റെ അധികാരങ്ങൾ preserve ചെയ്യാനും സംസ്ഥാനങ്ങളോട് ആലോചിക്കാനുമുള്ള ഉത്തരവാദിത്വം കൂടി ഗവൺമെന്റിനുണ്ട്. ഇന്നിവിടെ വ്യാപകമായി ഇത് ദുരുപയോഗപ്പെടുത്താനുള്ള സാധ്യതയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പ്രായംചെന്ന കന്നുകാലികളെ എന്തുചെയ്യും എന്നത് വലിയ പ്രശ്നമാണ്. കറവ വറ്റിയ പശുക്കളുടെ കാര്യത്തിൽ എന്തുചെയ്യും; യു.പി.-യിൽ ഇപ്പോൾ 10 ലക്ഷം പശുക്കൾ തെരുവിൽ അലഞ്ഞ് നടക്കുകയാണ്. ബാന്ദ ഡിവിഷനിൽ മാത്രം മൂന്നര ലക്ഷം കന്നുകാലികൾ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. ഉത്തർപ്രദേശിൽ കർഷകരുടെ കൃഷിയുൽപ്പന്നങ്ങളെല്ലാം കന്നുകാലികൾ തിന്ന് നശിപ്പിക്കുകയാണ്. റോഡിലൂടെ അലഞ്ഞുതിരിഞ്ഞ് നടക്കുന്നു. യാത്ര ചെയ്യാൻ കഴിയുന്നില്ല. കാർഷിക മേഖലയിൽ ഇതുമൂലം വലിയ പ്രതിസന്ധിയുണ്ടായിരിക്കുന്നു. എഴുന്നേറ്റ് നടക്കാനാകാത്ത കാലികൾ നരകിച്ച് ചാകുന്ന സ്ഥിതിയാണ് കണ്ടു കൊണ്ടിരിക്കുന്നത്. ഇതല്ലേ മൃഗങ്ങളോടുള്ള ഏറ്റവും വലിയ ക്രൂരത; പ്രായം ചെന്ന ഈ മൃഗങ്ങളെ എന്തു ചെയ്യണമെന്നുകൂടി കേന്ദ്ര ഗവൺമെന്റ് പറയേണ്ടതാണ്. കണ്ണുള്ളപ്പോൾ കണ്ണിന്റെ മഹത്വം അറിയില്ല. കോൺഗ്രസ് ഭരണം കേന്ദ്രത്തിലുണ്ടായിരുന്നപ്പോൾ പലരും അതിന്റെ മഹത്വം അറിഞ്ഞിരുന്നില്ല. അന്ന് ആര് എന്ത് ഭക്ഷിക്കണമെന്നോ എന്ത് എഴുതണമെന്നോ ആളുകൾ എന്ത് ചിന്തിക്കണമെന്നോ ആരൊക്കെ എന്തൊക്കെ തൊഴിലെടുക്കണമെന്നോ ആരും നിർദ്ദേശിച്ചിരുന്നില്ല. ഇന്ന് കേന്ദ്രത്തിൽ അധികാരത്തിൽ വന്നിരിക്കുന്ന ഗവൺമെന്റ് മനുഷ്യന്റെ മൗലികമായ അധികാരത്തെ ചോദ്യം ചെയ്യുന്നുവെന്നുള്ള കാര്യം നമ്മൾ മറക്കരുത്. രാജഭരണകാലത്തും കൊളോണിയൽ ഭരണകാലത്തു പോലും ഇത്തരമൊരു നിയമം ഉണ്ടായിട്ടില്ല. ജനങ്ങളുടെ ഭക്ഷണത്തിൽ ഇടപെടുക എന്നുള്ളത് ഒരു സർക്കാരും ചെയ്യുന്ന കാര്യമല്ല. ഭരണഘടനയിൽ ജനങ്ങളുടെ ആഹാര ശീലങ്ങളെപ്പറ്റി പറയുന്നില്ല. കശാപ്പ് നിരോധനം നമ്മുടെ രാജ്യത്തെ മാംസ വ്യാപാരത്തെ വലിയ തോതിൽ ബാധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. ബീഫ് കയറ്റുമതിയിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. ലോക ബീഫ് വിപണിയുടെ 19.60 ശതമാനം ഇന്ത്യയിൽ നിന്നുമാണ്. ഒരു കോടി 85 ലക്ഷം ടൺ ബീഫാണ് ഇന്ത്യയിൽ 2016-ൽ കയറ്റുമതി ചെയ്തിട്ടുള്ളത്. ഇന്ന് ലക്ഷക്കണക്കിനാളുകളാണ് ഈ മേഖലയിൽ വ്യാപാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. ഇതെല്ലാം ഇന്ത്യയുടെ സാമ്പത്തിക മേഖലയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്. 5 ലക്ഷം പേരാണ് കേരളത്തിൽ കന്നുകാലി മാംസ വ്യാപാരവുമായി

ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. അവരെയെല്ലാം ഇത് ഗുരുതരമായി ബാധിക്കുകയാണ്. കേന്ദ്ര വിജ്ഞാപനം രാജ്യത്ത് ഫാസിസത്തിന്റെ വരവിന്റെ മുന്നറിയിപ്പാണ്. ഇവിടെ ശ്രീ. എസ്. ശർമ്മ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ജർമ്മനിയിൽ ഹിറ്റ്ലറും ഈ വഴിയിലൂടെയാണ് മുന്നോട്ട് പോയിട്ടുള്ളത്. 1930-കളിൽ ജർമ്മനിയിൽ ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ നിരവധി മൃഗസംരക്ഷണ നിയമങ്ങൾ നടപ്പാക്കിയത് ഇവിടെ ഓർക്കേണ്ട ഒരു കാര്യമാണ്. ഹിറ്റ്ലർ സസ്യാഹാരം മാത്രമേ കഴിക്കുമായിരുന്നുള്ളൂ. ലോകത്തെ ആദ്യത്തെ മൃഗസംരക്ഷണ സമ്മേളനം സംഘടിപ്പിച്ചതുപോലും ഹിറ്റ്ലറാണ്. മാംസഭക്ഷണം മനുഷ്യന്റെ അടിസ്ഥാന സ്വഭാവമല്ല എന്നാണ് ഹിറ്റ്ലർ വാദിച്ചത്. സംഘ് പരിവാറിന്റെ വാദങ്ങളും ആർ.എസ്.എസ്.-ന്റെ വാദങ്ങളും ശ്രീ. നരേന്ദ്ര മോദിയുടെ നയങ്ങളും ഹിറ്റ്ലറിന്റെ നയങ്ങളും തമ്മിൽ സാമ്യമുണ്ട് എന്നുള്ള കാര്യം നമ്മൾ കാണാതിരിക്കരുത്. അഭിനവ ഹിറ്റ്ലറായി ശ്രീ. നരേന്ദ്ര മോദി മാറിയിരിക്കുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൽ ഇന്ന് ശ്രീ. നരേന്ദ്ര മോദി ഹിറ്റ്ലറുടെ വഴിയിലൂടെ സഞ്ചരിക്കുന്നുവെന്നുള്ള ആശങ്ക ജനങ്ങളിൽ ശക്തിപ്പെട്ടുവരികയാണ്. യാഗങ്ങളിൽ മൃഗബലി പതിവുണ്ടായിരുന്നു. അങ്ങ് പുരാണങ്ങളൊക്കെ വായിക്കുന്ന ഒരാളാണ്. പരിശോധിച്ചാലറിയാം. അനുഷ്ഠാനങ്ങളിൽ ഗോമാംസം ആകാമെന്ന് മനു വിധിച്ചിട്ടുണ്ട്. D.N. Jha-യെപ്പോലുള്ള പ്രശസ്ത ചരിത്രകാരന്മാർ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. വേദകാല ഗ്രന്ഥങ്ങളിൽ മൃഗങ്ങളെ ബലിയർപ്പിക്കുന്നതിനുള്ള വിശദമായ വിവരണങ്ങളുണ്ട്. ഇന്ദ്രന് കാളക്കുറ്റൻ, മരുത് ഭഗവാന് പുള്ളിപ്പശു, അശ്വനീദേവന് ചെമ്പ് നിറമുള്ള പശു, മിത്ര വരുണന്മാർക്ക് പശുക്കളെയും ബലിനൽകിയതായി പുരാണങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. അശ്വമേധം, രാജസൂയം തുടങ്ങിയ യജ്ഞങ്ങളിൽ മൃഗബലി നടന്നതായി സൂചിപ്പിക്കുന്നുണ്ട്. ഇതെല്ലാം പുരാണങ്ങളിൽ വ്യക്തമായി സൂചിപ്പി ച്ചിട്ടുള്ളതാണ്. ഇവരാണോ ഹിന്ദുമതത്തെ സംരക്ഷിക്കാൻ ഇറങ്ങിയിരിക്കുന്നത്; ഹിന്ദുമതത്തെ സംരക്ഷിക്കാൻ ഇറങ്ങിയിരിക്കുന്ന ആളുകൾ ഹിന്ദു പുരാണങ്ങളൊക്കെ വായിക്കണമെന്നാണ് എനിക്ക് ബി.ജെ.പി.-ക്കാരോടും ആർ.എസ്.എസ്.-കാരോടും പറയാനുള്ളത്. നാളെ ബി.ജെ.പി.-ക്കെതിരായി ഉയർന്നുവരാൻ പോകുന്ന ഒരു ദേശീയ മതേതര ബദലിനെപ്പറ്റിയാണ് ഈ സഭയിൽ മുഴങ്ങിക്കേട്ടതെന്ന് ഇവിടെ ബഹുമാന്യനായ മെമ്പർ ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു. ശ്രീ. നരേന്ദ്ര മോദിയുടെ തെറ്റായ ഫാസിസ്റ്റ് നയങ്ങൾക്കെതിരായി ഈ രാജ്യത്ത് ഒരു മതേതര ശക്തി, ഒരു മതേതര മുന്നേറ്റം വിദൂരമല്ലാത്ത ഭാവിയിൽ ഉയർന്നുവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ നോട്ടിഫിക്കേഷൻ പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. ഇത് വീണ്ടും കേൾക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി തയ്യാറാണെന്ന് ഹിന്ദു പത്രത്തിൽ വ്യക്തമായി

സൂചിപ്പിച്ചിട്ടുണ്ട്. രാജ്യത്ത് ഉയർന്നുവരുന്ന പ്രതിഷേധങ്ങൾ കണക്കിലെടുത്ത്, ജനങ്ങളുടെ ബഹുസ്വരതയ്ക്കെതിരായി ഉയർന്നുവന്ന നീക്കത്തിനെതിരായി പ്രതിഷേധമുയർന്നപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വീണ്ടും ഈ കേസ് കേൾക്കാൻ തയ്യാറായി എന്നുള്ളത് ഈ രംഗത്ത് നമ്മൾ ഉയർത്തുന്ന ശബ്ദത്തിന് ഒരു വലിയ അംഗീകാരമാണെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സുപ്രീംകോടതിപോലും വീണ്ടും ഈ കേസ് കേൾക്കാൻ തയ്യാറാണെന്ന് പറയുമ്പോൾ അത് കേൾക്കാനുള്ള മനോഭാവം എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് കാണിക്കുന്നില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഗവൺമെന്റ് പരിശോധിക്കണം, ഒരു നിയമ നിർമ്മാണം ആവശ്യമാണെങ്കിൽ അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് സഭാ നേതാവായ മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തിന് അനുകൂലമായാണ് പൊതുവായി അഭിപ്രായഗതികളെല്ലാംതന്നെ ഉയർന്നുവന്നത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ശ്രീ. ഒ. രാജഗോപാൽ മാത്രമാണ് ഇവിടെ സംസാരിച്ചത്. അദ്ദേഹവും ഞാനുംകൂടി പങ്കെടുത്ത ഒരു യോഗത്തിൽവച്ച് പ്രായമായി കറവ വറ്റിയ പശുക്കളെയും പ്രസവിക്കാത്ത പശുക്കളെയും മൃഗങ്ങളെയും കർഷകർ എന്തുചെയ്യുമെന്ന് ചോദിച്ചപ്പോൾ അതിന് പരിഹാരമുണ്ടെന്നും സന്യാസിമാരെല്ലാം കൂടിചേർന്ന് ആശ്രമങ്ങൾ നടത്തുന്നുണ്ടെന്നും പശുക്കളെ അവിടെ കൊണ്ടുവന്ന് തന്നാൽ മതിയെന്നുമാണ് അദ്ദേഹത്തിന്റെ ഊഴം വന്നപ്പോൾ പറഞ്ഞത്. ശ്രീ. കടകംപള്ളി സുരേന്ദ്രനും ആ യോഗത്തിൽ പങ്കെടുത്തതാണ്. അതാണ് ഇക്കാര്യത്തിൽ അദ്ദേഹത്തിന് നിർദ്ദേശിക്കാനുള്ള പരിഹാരം. നമ്മുടെ സംസ്ഥാനത്തെ കന്നുകാലി മേഖലയെയും ക്ഷീരമേഖലയെയും ഇതെങ്ങനെ ബാധിക്കുമെന്നുള്ളതിനെ സംബന്ധിച്ചാണ് പ്രധാനമായും പറയാൻ ഞാൻ ഉദ്ദേശിക്കുന്നത്. ഈ വിജ്ഞാപനത്തിന്റെ വകുപ്പ് 22 ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിക്കുകയുണ്ടായി. പ്രായമാകാത്ത മൃഗത്തെ ചന്തയിൽ കൊണ്ടുവരരുതെന്നാണ് ആ വകുപ്പിൽ പറയുന്നത്. അതിന്റെയർത്ഥം പശുവിനെയും കുട്ടിയെയും ചേർത്ത് വിൽക്കാൻ ചന്തയിൽ കൊണ്ടുവരാൻ പാടില്ലെന്നല്ലേ; പശുവിനോടൊപ്പം കുട്ടിയെയും ചേർത്ത് വിൽക്കേണ്ട ഒരത്യാവശ്യം വന്നുവെന്ന് കരുതുക. കേരളത്തിലെ സാധാരണക്കാരായ കന്നുകാലി കർഷകർ/ ക്ഷീര കർഷകർ കന്നുകാലികളെ വിൽക്കുന്നതെല്ലാം കശാപ്പിനുവേണ്ടിയാണെന്ന് ധരിക്കുന്നത് ശരിയല്ല. കേരളത്തിൽ ലക്ഷക്കണക്കിന് ആളുകളാണ് കന്നുകാലികളെ

വളർത്തി ജീവിക്കുന്നത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഇതിനേക്കാൾ കൂടുതലുണ്ട്. തമിഴ്നാട്ടിൽ ലക്ഷക്കണക്കിന് ആളുകളാണ് കന്നുകാലികളെ വളർത്തുന്നത് ഉപജീവനമാർഗ്ഗമായി കരുതി മുന്നോട്ടുപോകുന്നത്. പാൽ ഉത്പാദിപ്പിച്ച് അതിന്റെ ആദായംകൊണ്ട് ജീവിക്കുന്ന എത്രയോ ആളുകളാണുള്ളത്. നമ്മുടെ രാജ്യത്ത് 80 ശതമാനത്തോളം കൃഷിക്കാരാണെന്ന് പറയുമ്പോൾ അവരിൽ പകുതിയിലധികവും കന്നുകാലികളെ വളർത്തുന്നവരാണ്, ക്ഷീരകർഷകരാണ്. 1-2 പശുക്കളെ വളർത്തി ജീവിക്കുന്ന പാവപ്പെട്ടവരടങ്ങുന്ന ഒരു രാജ്യമല്ലേ നമ്മുടേത്; ആ രാജ്യത്ത് കശാപ്പിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലെന്ന് പറയുമ്പോഴും ഈ വകുപ്പുകളനുസരിച്ച് കശാപ്പിനായി മൃഗങ്ങളെ മാർക്കറ്റിലേയ്ക്ക് കൊണ്ടുവരുന്നത് തടയുകയാണ് ചെയ്യുന്നത്. അതുവഴി കർഷകന് യഥാർത്ഥത്തിൽ കന്നുകാലികളെ വളർത്താനും പാൽ ഉത്പാദിപ്പിക്കാനും അതുപയോഗിച്ച് ജീവിക്കാനുമുള്ള അവകാശംപോലും തടയുകയാണ്. ഓരോ ചന്തയോടും അനുബന്ധിച്ച് ഓരോ കമ്മിറ്റി രൂപീകരിക്കണം. പ്രായമാകാത്ത കന്നുകാലികളെ മാർക്കറ്റിൽ കൊണ്ടുവരാൻ പാടില്ലെന്നും കന്നുകാലികളെ ചന്തയിൽ കൊണ്ടുവരുന്ന കർഷകൻ ഒപ്പിട്ട ഡിക്ലറേഷൻ അവിടത്തെ കമ്മിറ്റിക്ക് കൊടുക്കണമെന്നുമാണ് പറയുന്നത്. ആ ഡിക്ലറേഷനിൽ കന്നുകാലിയുടെ ഉടമസ്ഥന്റെ പേരും മേൽവിലാസവും ഫോട്ടോയുമുള്ള ഐ.ഡി. പ്രൂഫ് കൊടുക്കണം. കന്നുകാലിയെ തിരിച്ചറിയാനുള്ള വിവരങ്ങൾ, ഉടമസ്ഥന്റെ ഐ.ഡി. പ്രൂഫ് പോലെ കന്നുകാലിയുടെ ഐ.ഡി. പ്രൂഫും കൊണ്ടുചെല്ലണമെന്നാണ് ഈ പറയുന്നതിന്റെ അർത്ഥം. കന്നുകാലികളെ തിരിച്ചറിയാനുള്ള വിശദവിവരങ്ങൾ, കന്നുകാലികളെ ചന്തയിൽ കൊണ്ടുവരുന്നത് കശാപ്പിന് വിൽക്കാൻ വേണ്ടിയല്ലെന്നുള്ള ഡിക്ലറേഷൻ, ഇത്തരം ഡിക്ലറേഷനുകൾ ആനിമൽ മാർക്കറ്റ് കമ്മിറ്റി 6 മാസത്തേയ്ക്ക് അവയെ വിൽക്കുന്നുവോ ഇല്ലയോയെന്ന പരിശോധനയ്ക്കുവേണ്ടി അവിടെ സൂക്ഷിക്കുകയും വേണം. മൃഗങ്ങൾക്കും മനുഷ്യർക്കും അടിസ്ഥാന സൗകര്യമൊരുക്കാൻ വേണ്ടി ഡിസ്ട്രിക്ട് ആനിമൽ മാർക്കറ്റ് മോണിറ്ററിംഗ് കമ്മിറ്റി ഓരോ മൃഗത്തിനുംവേണ്ടി കൽപ്പിച്ച തുക കൈപ്പറ്റുക. സാധാരണ ലോക്കൽ മാർക്കറ്റിന് ഒരു കമ്മിറ്റിയും ജില്ലാതലത്തിൽ ഒരു കമ്മിറ്റിയും വേണം. ജില്ലാതലത്തിലുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ജില്ലാ കളക്ടറാണ്. ചന്തയിലെ സൗകര്യങ്ങൾ ഒരുക്കുന്നതിന് കന്നുകാലികളെ കൊണ്ടുവരുന്ന ഉടമസ്ഥൻ എന്ത് തുക അവിടെ കൊടുക്കണമെന്ന് അവർ തീരുമാനിച്ച് അറിയിക്കും. അത് കൊടുക്കണം. ഈ നിലയിൽ......

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> സർ, കന്നുകാലികളുടെ ഐ.ഡി. പ്രൂഫിൽ രക്ഷകർത്താവിന്റെ പേര് വേണോ?

<u>ശ്രീ. കെ. രാജു:</u> സർ, ഐ.ഡി. പ്രൂഫാകുമ്പോൾ അതും വേണ്ടിവരുമല്ലോ; കന്നുകാലികളെ കൊണ്ടുവരുമ്പോൾ കശാപ്പിനല്ല, കാർഷികാവശ്യത്തിനാണെന്ന ഒരു അണ്ടർടേക്കിംഗ് വേണം. കന്നുകാലികളെ വാങ്ങുന്നയാളുടെ പേരും മേൽവിലാസവും വേണം. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതാണ്. ഒരു അത്യാവശ്യത്തിനുവേണ്ടി, മകളുടെ കല്യാണത്തിനു വേണ്ടി പശുവിനെ വിൽക്കാമെന്ന് കരുതി കൊണ്ടുവരുന്ന ആൾ, ഇതിനെ വാങ്ങിക്കുന്ന ആൾ ആരാണെന്ന് മുൻകൂട്ടി കണ്ട് അയാൾക്കുള്ള വിവരങ്ങളും ഇവിടെ ഹാജരാക്കണം. വാങ്ങുന്ന ആൾ 6 മാസത്തേയ്ക്ക് അതിനെ വിൽക്കരുതെന്നും നിയമപ്രകാരം കൊണ്ടുപോകുന്നതിനുള്ള ചെലവുകൾ വഹിച്ചുകൊള്ളാമെന്നുമുള്ള ഒരു സമ്മതപത്രവും ഒരു കർഷകനാണെന്ന് തെളിയിക്കുന്ന റവന്യൂ രേഖയും വേണം. നമ്മുടെ വില്ലേജാഫീസിൽനിന്നും ഒരു സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള പ്രയാസം നമുക്കറിയാം. അക്കൂട്ടത്തിലാണ് ഒരു ആടിനെയോ പശുവിനെയോ എരുമയെയോ വിൽക്കാൻ ചന്തയിൽ പോകുന്നയാൾ റവന്യൂ രേഖയുമായി ചെല്ലണമെന്ന് പറയുന്നത്. വാങ്ങുന്ന ആൾ കർഷകനാണെന്ന് തെളിയിക്കുന്ന റവന്യൂ രേഖയും വേണം. മേൽപ്പറഞ്ഞ രേഖകളെല്ലാം കമ്മിറ്റിക്കാർ 6 മാസക്കാലം സൂക്ഷിച്ചുവയ്ക്കണം. വേണ്ടിവന്നാൽ കന്നുകാലികളെ വാങ്ങുന്ന ആൾ എല്ലാ രേഖകളും ഒരു ഇൻസ്പെക്ടറുടെ മുമ്പിൽ ഹാജരാക്കണം. കശാപ്പിനുവേണ്ടി വിൽക്കാൻ പാടില്ല. സംസ്ഥാനത്ത് കന്നുകാലി സംരക്ഷണ നിയമങ്ങൾ അനുസരിക്കണം. മതപരമായ ആവശ്യങ്ങൾക്ക് അതിനെ ബലികൊടുക്കാൻ പാടില്ല. മതപരമായ ആവശ്യങ്ങൾക്ക് ബലികൊടുക്കാമെന്നാണ് ഇവിടെ ഭരണഘടന ഉദ്ധരിച്ചുകൊണ്ട് നമ്മുടെ മെമ്പർമാർ സൂചിപ്പിച്ചത്.

<u>ശ്രീ. കെ. രാജൻ:</u> സർ, മേഘാലയയുടെയും ഗോവയുടെയും ബി.ജെ.പി. മുഖ്യമന്ത്രിമാരാണ് ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ രേഖപ്പെടുത്തിയത്. ചില എം.എൽ.എ.-മാർ രാജിവച്ചതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരെ രാജിയിൽനിന്നും പിന്തിരിപ്പിക്കുന്നതിന് ശ്രീ. ഒ. രാജഗോപാലിനെ അങ്ങോട്ട് വിടാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുമോ;

<u>ശ്രീ. കെ. രാജു:</u> സർ, കശാപ്പ് നിയന്ത്രണത്തിനെതിരെ കേന്ദ്ര സാമ്പത്തിക ഉപദേഷ്ടാവിന്റെതന്നെ അഭിപ്രായം പത്രങ്ങളിൽ വന്നുകഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ; കാലി വളർത്തൽ ലാഭകരമല്ലാതാകുമെന്നും കന്നുകാലികൾ സാമൂഹിക പ്രശ്നമാകുമെന്നുമുള്ള, കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികകാര്യ ഉപദേശകനായ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ മുന്നറിയിപ്പുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പശുക്കളെ തിരിച്ചറിയാൻ പാസ്പോർട്ട് കൊടുക്കുമ്പോൾ അതിന്റെ കാതിൽ കമ്മലിടും. കമ്മലിട്ടാൽ പിടിക്കുമെന്ന് കരുതി അറവുകാർ അതിന്റെ കാത് മുറിച്ചുകളയും. ഇനി കാതില്ലാത്ത പശുവിനെയും നാട്ടിൽ കാണാൻ സാധിക്കുമെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അത് മുറിച്ചുകളയുന്നത് ഒരു ക്രൂരതയാണല്ലോ;

ശ്രീ. കെ. രാജു: സർ, സംസ്ഥാനത്തിന് പുറത്തുള്ളവർക്ക് കന്നുകാലികളെ വിൽക്കാൻ പാടില്ലെന്നുള്ളതാണ് നമ്മുടെ കന്നുകാലി കർഷകരെ, ക്ഷീരമേഖലയെ ബാധിക്കുന്ന അടുത്ത വ്യവസ്ഥ. ഇത് ഇന്ത്യയൊട്ടാകെ ബാധകമാണ്. പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് നമ്മൾ മുന്നോട്ടുപോകുകയാണ്. പാൽ ഉത്പാദനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 17 ശതമാനം വർദ്ധനവ് നേടാൻ കേരളത്തിന് കഴിഞ്ഞു. എം.എസ്.ഡി.പി. പദ്ധതിയടക്കമുള്ള വളരെ പ്രധാനപ്പെട്ട പദ്ധതികളിൽ പശുക്കളെയും മറ്റ് ഉരുക്കളെയും വാങ്ങിക്കൊണ്ടുവരുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. ഇത് അന്യസംസ്ഥാനങ്ങളിൽനിന്ന് കന്നുകാലികളെ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണമല്ലേ; പിന്നെങ്ങനെ നമുക്ക് പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിയും; പാൽ ഉത്പാദനം എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബി.ജെ.പി.-യുടെ ഒരു പ്രചരണമുണ്ട്. 23-5-2017-ൽ ഗസറ്റ് നോട്ടിഫിക്കേഷൻ ഇറങ്ങിയതിനുശേഷം ഒബ്ജക്ഷൻസ് ഉണ്ടെങ്കിൽ കൊടുക്കുന്നതിനായി 30 ദിവസത്തെ സമയം അനുവദിച്ചിരുന്നു. കേരളത്തിൽ നിന്നും ഒബ്ജക്ഷൻസ് കൊടുത്തിട്ടില്ലെന്ന് പറയുന്നുണ്ട്. നമ്മൾ ഒബ്ജക്ഷൻ കൊടുത്തിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, ഈ കാര്യങ്ങൾ സംബന്ധിച്ച് പ്രാദേശിക ഭാഷയിൽ ഗസറ്റ് വിജ്ഞാപനം വന്നിട്ടില്ല. പ്രാദേശിക ഭാഷയിൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വിജ്ഞാപനം കൊടുക്കുന്നതിനാവശ്യമായ നിർദ്ദേശം യഥാർത്ഥത്തിൽ ആരുടെയും ശ്രദ്ധയിൽ വന്നിരുന്നില്ല. ഗസറ്റ് വിജ്ഞാപനം വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടുള്ള കത്ത് അയച്ചിട്ടുള്ളതല്ലാതെ, അതിനുമുമ്പ് ചെയ്തിട്ടില്ല. കാരണം ഇത് ആരുടെയും ശ്രദ്ധയിൽ വന്നിട്ടുള്ള വിഷയമല്ല. നമുക്ക് രേഖാമൂലം ഒരു അറിയിപ്പും വന്നിട്ടില്ല. യഥാർത്ഥത്തിൽ എല്ലാ സംസ്ഥാനങ്ങളെയും ബാധിക്കുന്ന വിഷയമായതിനാൽ മതിയായ ചർച്ച നമ്മുടെ രാജ്യത്ത് നടത്തുന്നതിനും അതിനുശേഷം ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ആവശ്യമായ സമയവും സാഹചര്യവും ഒരുക്കേണ്ടതാണ്. അത്തരമൊരു സംഗതി ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല എന്നാണ് പറയാനുള്ളത്.

ശ്രീ. ഒ. രാജഗോപാൽ : സർ, ഇക്കാര്യത്തിൽ ഡ്രാഫ്റ്റ് റൂൾസ് വന്നതിനു ശേഷം എല്ലാ ഭാഗത്തുനിന്നും ഒബ്ജക്ഷൻസ് ക്ഷണിച്ചിരുന്നു. അതിനെപ്പറ്റി കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അഭിപ്രായങ്ങളൊന്നും കൊടുത്തില്ല, കാരണം അത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നാണ് ഇപ്പോൾ പറയുന്നത്. എനിക്ക് പറയാനുള്ള കാര്യം, ഇതിനുശേഷം ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി പത്രസമ്മേളനം വിളിച്ച് പരസ്യമായി ആവശ്യപ്പെട്ടിരുന്നത്, ഇനിയും എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അയച്ചാൽ അത് പരിഗണിക്കാമെന്നാണ്. അത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ അങ്ങ് പറയുന്ന കാര്യത്തെപ്പറ്റിയല്ല ഇവിടെ ചർച്ച ചെയ്യേണ്ടത്. കാരണം ഭരണഘടനയുടെ ആർട്ടിക്കിൾ 300 അനുസരിച്ച് ഇന്റർസ്റ്റേറ്റ് ട്രാൻസ്പോർട്ട് ഫോർ സെയിൽ എന്ന അവകാശം സ്റ്റേറ്റുകൾക്കുള്ളതാണ്. ആ ഒരു പ്രശ്നം അന്തർലീനമായിരിക്കുന്ന ഒരു നോട്ടിഫിക്കേഷൻ ഇറക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളെ വിളിച്ച് ഒരു ചർച്ചപോലും നടത്താൻ മര്യാദ കാണിക്കാത്ത ബി.ജെ.പി. ഗവൺമെന്റിന് ഇത് പറയാൻ എന്ത് അധികാരമാണുള്ളത്? ഒരു പത്രസമ്മേളനം വിളിച്ചാണോ ഒരു കേന്ദ്രമന്ത്രി സ്റ്റേറ്റുകളോട് ആവശ്യപ്പെടേണ്ടത്? ഇതൊരു ജനാധിപത്യ മര്യാദയാണോ; ഇത് ഭരണഘടനാ പ്രകാരമാണോ നിങ്ങൾ ചെയ്യുന്നത്?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, രാജ്യത്തെയാകെ ബാധിക്കുന്ന ഈ പ്രശ്നം ഒരു പ്രസ്താവനയായി എങ്കിലും പാർലമെന്റിൽ ഉന്നയിച്ചിരുന്നെങ്കിൽ രാജ്യം അറിയുമായിരുന്നു. ഇത് പാർലമെന്റിൽ ഉന്നയിച്ചിട്ടില്ല. അവിടെനിന്നും ഏതോ ഒരു കടലാസ് അയച്ചു. ഞങ്ങൾ എങ്ങനെയാണ് അറിയുന്നത്, നിങ്ങളുടെ കടലാസ്?

ശ്രീ. കെ. രാജു : സർ, ഇത്തരമൊരു വിഷയം ഇന്ത്യൻ പാർലമെന്റിൽ ചർച്ച ചെയ്തിട്ടില്ല. ഈ ഉത്തരവ് ഇന്റർ സ്റ്റേറ്റ് സെയിലിനെ എങ്ങനെ ബാധിച്ചുവെന്നുള്ളതിന് ഒരു ഉദാഹരണം പറയാം. 16-5-2017 മുതൽ 23-5-2017 വരെ; അതായത് ഉത്തരവ് ഇറങ്ങുന്നത് 23-ാം തീയതിയാണ്. അതിനുമുമ്പുള്ള ഒരാഴ്ചക്കാലം അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവന്ന മൃഗങ്ങളുടെ എണ്ണം എന്റെ കയ്യിലുണ്ട്. 23864 മൃഗങ്ങളെയാണ് ആ ഒരാഴ്ചക്കാലം കേരളത്തിലേയ്ക്ക് കൊണ്ടുവന്നത്. എന്നാൽ 24-5-2017 മുതൽ 31-5-2017 വരെയുള്ള ഒരാഴ്ച, അതായത് ഈ ഉത്തരവ് വന്നതിന്റെ തൊട്ടടുത്ത ഒരാഴ്ച; 23864 മൃഗങ്ങളെ കൊണ്ടുവന്ന സ്ഥാനത്ത് 1007 ആയി ചുരുങ്ങി. 1007 മൃഗങ്ങളെയാണ് ആ ഒരാഴ്ച കേരളത്തിലേയ്ക്ക് കൊണ്ടുവന്നത്. സത്യത്തിൽ നമ്മുടെ കന്നുകാലി മേഖലയെയും ക്ഷീരമേഖലയെയും ഇത് വളരെയധികം ബാധിച്ചിരിക്കുകയാണ്.

ഇത്തരത്തിലുള്ള ഒരു ഉത്തരവ് നമ്മുടെ കൃഷിക്കാരെ (പ്രത്യേകിച്ച് ക്ഷീര കർഷകരെയും കന്നുകാലി കർഷകരെയും) ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയാണ്. ഈ ഉത്തരവ് അടിയന്തരമായി പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുകയാണ് വേണ്ടത്. സമ്പൂർണ്ണമായി കന്നുകാലികളുടെ കച്ചവടവുമായി ബന്ധപ്പെട്ട ഈ നിയന്ത്രണം ചെന്ന് ഭവിക്കുന്നത് കശാപ്പിന്റെ നിയന്ത്രണത്തിലാണെന്ന കാര്യത്തിൽ സംശയമില്ല. കേരളമുൾപ്പെടുന്ന സംസ്ഥാനങ്ങളുടെ ജനജീവിതത്തിൽ വലിയ ആഘാതമാണ് ഇത് ഏൽപ്പിക്കാൻ പോകുന്നതെന്ന കാര്യത്തിലും സംശയമില്ല. ഭരണപരമായും വാണിജ്യപരമായും ആഹാരപരമായും തൊഴിൽപരമായും മതപരമായും രാഷ്ട്രീയപരമായുമൊക്കെ പ്രത്യാഘാതങ്ങളുള്ള ഒരു ഉത്തരവാണ് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അധികാരമുള്ള മേഖലയിലല്ല കേന്ദ്ര ഗവൺമെന്റ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ ആനിമൽ ഹസ്ബന്ററിയും ക്ഷീര വികസനവും കശാപ്പ് നിയന്ത്രണവുമെല്ലാം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ (സ്റ്റേറ്റ് ലിസ്റ്റിൽ) വരുന്ന വിഷയങ്ങളാണ്. പേരന്റ് ആക്ട് എന്ന് പറയുന്നത് 1960-ലെ കന്നുകാലികൾക്കെതിരായ ക്രൂരത തടയുന്നതിനുള്ള നിയമമാണ്. ഭക്ഷ്യ ആവശ്യങ്ങൾക്കും ആചാരപരമായ കാര്യങ്ങൾക്കുംവേണ്ടി മൃഗങ്ങളെ കൊല്ലാമെന്ന് പേരന്റ് ആക്ടിൽതന്നെ പറയുന്നുണ്ട്. പേരന്റ് ആക്ടിന് വിരുദ്ധമായി ചട്ടമുണ്ടാക്കാൻ പാടില്ല; അത് നിലനിൽക്കില്ല. പേരന്റ് ആക്ടിന് വിരുദ്ധമായ ചട്ടമാണ് ഇവിടെ ഉണ്ടാക്കിയിരിക്കുന്നത്. അതു കൊണ്ടുതന്നെ അത് നിയമവിരുദ്ധമാണ്. കേന്ദ്രഗവൺമെന്റ് പേരന്റ് ആക്ടിന് വിരുദ്ധമായ ചട്ടം കൊണ്ടുവന്നത് നിയമത്തോടും കീഴ്വഴക്കത്തോടും കാണിച്ചിട്ടുള്ള ഏറ്റവും വലിയ ലംഘനമാണ്. അത് നിലനിൽക്കുന്ന കാര്യമല്ല. ഒന്നോ രണ്ടോ കന്നുകാലികളെ വളർത്തി ജീവിക്കുന്ന രാജ്യത്തെ മുഴുവൻ കർഷകരെയും ആത്മഹത്യയിലെത്തിക്കുന്ന വ്യവസ്ഥകളാണ് ഈ വിജ്ഞാപനത്തിലുള്ളത്. ഈ നോട്ടിഫിക്കേഷൻ ഇറങ്ങിയതിനുശേഷം കോഴി, ആട്, മത്സ്യം, പച്ചക്കറി തുടങ്ങിയവയുടെ വില ഉയരുന്ന സ്ഥിതിയാണുള്ളത്. ഇന്ത്യയുടെ തുകൽ വ്യവസായം അൻപത്തി അയ്യായിരം കോടി രൂപയുടേതാണ്. അതിലധികവും ചെറുകിട കച്ചവടക്കാരുടെ സംഭാവനയാണ്. തുകൽ വ്യവസായ മേഖല അപ്പാടെ ഈ ഉത്തരവുവഴി തകരും. സംസ്ഥാനങ്ങളെ മുഴുവൻ ബാധിക്കുന്ന ഒരു ചട്ടത്തിന്റെ കരട് കേവലം ഹിന്ദിയിലും ഇംഗ്ലീഷിലും ഗസറ്റ് വിജ്ഞാപനം ചെയ്തുകൊണ്ട്, മറ്റ് 21 അംഗീകൃത ഭാഷകൾ ഉപയോഗിക്കുന്നവരെല്ലാം ചട്ടം മനസ്സിലാക്കി

സമയബന്ധിതമായി അഭിപ്രായം അറിയിച്ചുകൊള്ളണമെന്ന് പറഞ്ഞാൽ, അത് മറ്റ് ഭാഷകൾ മാത്രം അറിയാവുന്നവരെ അപമാനിക്കലാണ്. കരട് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു എന്നത് ചട്ടങ്ങളിലെ നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ വ്യവസ്ഥകൾക്ക് സാധൂകരണമാകില്ല. 1960-ലാണ് ഇന്ത്യൻ പാർലമെന്റ് ' The Prevention of Cruelty to Animals Act' എന്ന നിയമം ഉണ്ടാക്കിയത്. മനുഷ്യന് സഹജീവികളോടുള്ള ആർദ്രത ഉൾക്കൊള്ളുന്ന വളരെ നല്ല ഒരു നിയമമാണത്. മൃഗം എന്ന വാക്കിന്റെ അർത്ഥം ഈ നിയമത്തിൽ നിർവ്വചിക്കുന്നതുതന്നെ 'മനുഷ്യനല്ലാത്ത എല്ലാ ജീവികളും' എന്നാണ്. എല്ലാ മൃഗങ്ങളെയും അതിന്റെ ഉടമസ്ഥന് പരിചരിക്കാമെന്നും ആയത് ഉറപ്പുവരുത്തുന്നതിന് മൃഗസംരക്ഷണ ബോർഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനുമാണ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആക്ടിലെ 11-ാം വകുപ്പനുസരിച്ച് മൃഗങ്ങളോട് ചെയ്യുന്ന മാനസികവും ശാരീരികവുമായ ക്രൂരത ജയിൽ ശിക്ഷയടക്കമുള്ള ശിക്ഷ കിട്ടാവുന്ന കുറ്റകൃത്യമായി വ്യവസ്ഥ ചെയ്യുമ്പോഴും വകുപ്പ് 11(3) പ്രകാരം മനുഷ്യന്റെ ഭക്ഷണത്തിനായി മൃഗങ്ങളെ കൊല്ലാമെന്നും കന്നുകാലികൾക്ക് മൂക്ക് കയർ ഇടാമെന്നും കൊമ്പുകൾ മുറിക്കാമെന്നും ചാപ്പകുത്താമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ആക്ടിന്റെ 28-ാം വകുപ്പ് പ്രകാരം മതപരമായ ചടങ്ങുകൾക്കുവേണ്ടി മൃഗങ്ങളെ കൊല്ലുന്നതിനും അനുവദിക്കുന്നുണ്ട്. നിയമത്തിന്റെ 38-ാം വകുപ്പുപ്രകാരം നിയമം നടപ്പിലാക്കാനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് മാത്രമാണ് കേന്ദ്ര സർക്കാരിന് അധികാരമുള്ളത്. എന്നാൽ മേൽപ്പറഞ്ഞ അധികാരം ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇപ്പോഴത്തെ ചട്ടങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. അതായത് നിയമത്തിലെ വ്യവസ്ഥകളെ ലംഘിക്കുന്ന വ്യവസ്ഥകളാണ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2017-ലെ വിജ്ഞാപന പ്രകാരം ചന്തയിൽ കൊണ്ടുവരുന്ന ഒരു കന്നുകാലിയെ കാർഷിക ആവശ്യത്തിനല്ലാതെ വാങ്ങാനോ വിൽക്കാനോ പാടില്ല. കാലിക്കച്ചവടം കൃഷി ആവശ്യത്തിനാണെന്ന് രേഖകൾ സഹിതം തെളിയിക്കണം; പ്രായമാകാത്ത മൃഗങ്ങളെ ചന്തയിൽ കൊണ്ടുവരരുത്. ബഹുഭൂരിപക്ഷം വരുന്ന കേരളീയരെയും ഇന്ത്യാക്കാരെ ഒന്നാകെയും ഈ നിയമപ്രകാരം ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. കശാപ്പ് നിരോധിക്കണോ വേണ്ടയോ എന്നത് സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാര പരിധിയിലുള്ള വിഷയമായതിനാൽ വളഞ്ഞവഴിയിലൂടെ, മൃഗങ്ങൾക്കെതിരായ ക്രൂരത തടയാനെന്ന മറപിടിച്ച്, കശാപ്പ് നിരോധനം നടപ്പിലാക്കാനുള്ള ഈ കുടിലശ്രമം സംസ്ഥാനത്ത് മാംസാവശ്യത്തിന് വേണ്ടത്ര അറവുമാടുകളെ കിട്ടാനില്ലാതാക്കുന്ന നില സംജാതമാക്കും. കേരളത്തിലും തമിഴ്നാട്

പോലുള്ള ഇതര സംസ്ഥാനങ്ങളിലും ഇത്തരത്തിൽ മാട്ടുവളർത്തൽ കൊണ്ടുമാത്രം ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിന് ആളുകളാണുള്ളത്. അവരുടെ മാട്ടുകളെ കുറഞ്ഞ വിലയ്ക്ക് വൻകിട ഫാമുകൾക്ക് വിറ്റഴിക്കേണ്ട സ്ഥിതി സംജാതമാകുയാണ്. ഈ വിജ്ഞാപനത്തിന്റെ മറ്റൊരു ദോഷം അതാണ്. തങ്ങൾക്ക് വരാൻ പോകുന്ന വറുതിയെപ്പറ്റി മനസ്സിലാക്കിക്കൊണ്ടാണ് ഇക്കാര്യത്തിലുള്ള കേരള സർക്കാരിന്റെ ശക്തവും ധീരവുമായ തീരുമാനങ്ങളെ ഇതര സംസ്ഥാനങ്ങളിലുള്ളവർ നെഞ്ചിലേറ്റുന്നത്. ഈ വിജ്ഞാപനത്തിനുശേഷം അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ഉരുക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. പുതിയ ചട്ടങ്ങൾപ്രകാരം കന്നുകാലികളുടെ സംസ്ഥാന അതിർത്തി കടന്നുള്ള വ്യാപനം ഇല്ലാതാക്കും. ഈ നടപടി തീർച്ചയായും നമ്മുടെ ക്ഷീരമേഖലയേയും കന്നുകാലി കാർഷിക മേഖലയേയും നല്ലതുപോലെ ബാധിക്കും.

പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കറവമാട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഈ ഉത്തരവ് വഴി ആവശ്യത്തിന് കറവമാട്ടുകളെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നത് തടയപ്പെട്ടിരിക്കുകയാണ്. നമ്മുടെ ഈ മേഖലയെ തളർത്താൻ മാത്രമേ ഇത് ഉപകരിക്കു എന്നുള്ളതും നാം കാണേണ്ടതാണ്.

ചർച്ചയ്ക്കിടയിൽ ഇവിടെ പല നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ആ നല്ല നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട്, ഈ പ്രമേയം നമ്മൾ ഐകകണ്ഠ്യേന പാസ്സാക്കി കഴിഞ്ഞാൽ തുടർന്ന് എന്ത് നടപടികൾ സ്വീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് സർക്കാർ ആലോചിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളരെ ഹ്രസ്വമായി, ഇവിടെ ഉയർന്ന ഒരു വ്യത്യസ്ത സ്വരമായ, ശ്രീ. ഒ. രാജഗോപാലിന്റെ ചില വാദങ്ങളോട് പ്രതികരിക്കാൻ മാത്രമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം രൂപം നൽകിയ റൂൾസാണ് ഇതെന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വാദം. സുപ്രീംകോടതിയിലെ കേസ്സിനെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കണം. ഡെറാഡൂണിലെ ഒരാൾ നേപ്പാളിലേയ്ക്ക് കന്നുകാലികളെ കടത്തുന്നതിനെതിരെ കേസ്സിന് പോയി. അവിടത്തെ അതിർത്തി ഗ്രാമത്തിൽ അഞ്ച് വർഷം കൂടുമ്പോൾ (2008-ൽ) അഞ്ച് ലക്ഷം മൃഗങ്ങളെ ബലി കൊടുക്കുകയാണ്. അടുത്ത ഫെസ്റ്റിവലിന് 34,000. അങ്ങനെ വരാൻ പോകുന്ന ഫെസ്റ്റിവൽ വച്ചിട്ടാണ് കേസ്സിന് പോയത്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുസംബന്ധിച്ച്, 'rules should be framed to regulate cattle markets and ensuring that unhealthy

cattle are being sold only for legally authorized purposes' എന്ന് പറയുകയുണ്ടായി. ഈ Legally authorized purposes എന്നാൽ എന്താണ്? കേരളത്തിൽ കശാപ്പെന്നത് legally authorized purpose അല്ലേ; The Prevention of Cruelty to Animals Act-ലെ 11(e)-ൽ ഇത് legally authorize ചെയ്തിട്ടില്ലേ; അപ്പോൾ നിങ്ങളുടെ മനസ്സിൽ ഇരിക്കുന്നത് illegal ആക്കാൻ പറ്റില്ല. ഈ നാട്ടിൽ legally authorized purpose-ന് അല്ലാതെ മൃഗങ്ങളെ ഉപയോഗിക്കുന്നതിന്, മൃഗബലിക്കും മറ്റും കടത്തുന്നതിനെതിരെ റൂൾ ഉണ്ടാക്കണമെന്ന് പറയുമ്പോൾ ആ അവസരം ഉപയോഗിച്ച് നിങ്ങൾ നിയമലംഘനം നടത്തുകയാണ്. എന്നിട്ടത് സുപ്രീംകോടതിയുടെ ചുമലിൽ വയ്ക്കേണ്ട. സുപ്രീംകോടതി അത് രണ്ടാമത് പരിശോധിക്കാൻ പോകുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നേപ്പാളിലുള്ളത് ഗതിമയി എന്ന ഉത്സവമാണ്. അവിടെ അഞ്ച് വർഷം കൂടുമ്പോൾ 34000 അല്ല, അഞ്ച് ലക്ഷം മൃഗങ്ങളെയാണ് കൊല്ലുക.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. ഒ. രാജഗോപാൽ സാറിന് ഇതുസംബന്ധിച്ച് എന്തെങ്കിലും വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ പറയാം. എന്റെ ചോദ്യം വളരെ സ്ട്രെയിറ്റ് ഫോർവേഡാണ്. കേരളത്തിൽ ഇത് legally authorized purpose ആണോ?

ശ്രീ. ഒ. രാജഗോപാൽ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞതനുസരിച്ച് ഡ്രാഫ്റ്റ് റൂൾസിൽ എന്തെങ്കിലും rectifications വേണമെങ്കിൽ, അത് തയ്യാറാക്കിയിരുന്നു, അത് പബ്ലിഷ് ചെയ്ത് മാസങ്ങൾ കഴിഞ്ഞു. ഇനി അതിന്റെ സമയം ഏതാണ്ട് കഴിഞ്ഞു. പക്ഷേ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി, 'ഇനിയും നിങ്ങൾക്ക് നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ തരാം' എന്നുപറഞ്ഞു. It is open. അത് പരിഗണിക്കാൻ തയ്യാറാണ്. എന്തുകൊണ്ട് ആ മാർഗ്ഗം സ്വീകരിച്ചുകൂടാ. അതിനുപകരം ഇത്തരത്തിലുള്ള പ്രചരണങ്ങളുടെ വഴിയേ പോകുന്നത് എന്തിനാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗത്തിനോട് നേരിട്ട് ചോദിച്ച ചോദ്യത്തിന് ഇപ്പോഴും മറുപടിയില്ല. ഇത് legally authorized purpose ആണോ എന്നത്. അദ്ദേഹം പറയുന്നത് ഇത് ഇനിയും ചർച്ച ചെയ്യാമല്ലോ എന്നാണ്. ഇനിയും നിർദ്ദേശം കൊടുക്കാമല്ലോ, അക്കാര്യം ഞങ്ങൾ പരിശോധിക്കാമെന്ന്. എങ്ങനെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ പ്രശ്നത്തെ കൈകാര്യം ചെയ്തത്, എങ്ങനെയാണ് ബി.ജെ.പി. സർക്കാർ കൈകാര്യം ചെയ്തത്? സുപ്രീംകോടതി നമ്മുടെ ബോർഡർ എസ്.എസ്.ബി.

എന്നുപറയുന്ന സംവിധാനത്തിന്റെ ഒരു കമ്മിറ്റി ഉണ്ടാക്കി. ആ കമ്മിറ്റിയോട് ബന്ധപ്പെട്ട കക്ഷികളുടെ മീറ്റിംഗ് കൂടാൻ പറഞ്ഞു. ബോർഡർ സ്റ്റേറ്റ്സിന്റെ മീറ്റിംഗ് കൂടി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി അത് പോരെന്ന് പറഞ്ഞു. അതിനുശേഷം ഒരു വട്ടവും കൂടി ചർച്ച ചെയ്തിട്ടാണ് ഈ ഉത്തരവ് ഇറക്കുന്നത്. നിങ്ങൾ എന്തു ചെയ്യുന്നു. ഒരു മാസം മുൻപ് ലീഗലി ചെയ്തോ... ചെയ്തു, പറഞ്ഞോ.... പറഞ്ഞു. നോട്ടിഫിക്കേഷൻ കൊടുക്കുന്നു. ഒരു പത്രക്കുറിപ്പ് ഇറക്കിയിട്ടില്ല. നാട്ടുകാർ അറിഞ്ഞിട്ടില്ല. ഇപ്പോൾ 23-ാം തീയതി മേയ് മാസത്തിൽ നിങ്ങൾ നോട്ടിഫൈ ചെയ്തു. എന്നാണ് പത്രക്കുറിപ്പ് ഇറക്കിയത്; 27-ാം തീയതി പത്രക്കുറിപ്പ് ഇറക്കുന്നതുവരെ ഇന്ത്യയിൽ ഏതെങ്കിലും മാധ്യമമോ എവിടെയെങ്കിലും ഇത് അറിഞ്ഞിരുന്നോ; ഒരാളോടും പറയാതെ ഗോപ്യമായി, എന്നാൽ നിയമപരമായി നോട്ടിഫൈ ചെയ്ത് അഭിപ്രായം ചോദിച്ചോ; ചോദിച്ചു എന്നു വരുത്തിയിട്ട് ഒരു റൂൾ നിങ്ങൾ ഉണ്ടാക്കുകയാണ്. ഇതിന്റെ പേരിൽ രാജ്യം മുഴുവൻ നിങ്ങൾ രാഷ്ട്രീയ സംഘർഷമുണ്ടാക്കുകയാണ്; വർഗ്ഗീയ സംഘർഷം.

ബഹുമാനപ്പെട്ട അംഗത്തിന്റെ മൂന്നാമത്തെ വാദം, ഇത് കൃഷിക്കാരുടെ താൽപര്യത്തിനാണ് എന്നാണ്. ഇവിടെ പ്രസംഗിച്ച വകുപ്പുമന്ത്രിതന്നെ വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞു. ഈ വിശുദ്ധ പശുവിന് സാമ്പത്തിക യുക്തിയുണ്ട്. മാർക്സിന്റെ 'മൂലധന'ത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ട്. എന്തുകൊണ്ട് വിശുദ്ധമായിത്തീർന്നു എന്നുള്ളത്. പക്ഷേ, മാർക്സിന്റെ കാലം മുതൽ ഇന്നുവരെയും ഈ പശുവിന്റെയും കാളയുടെയും എണ്ണമെടുത്താൽ, സെക്സ് റേഷ്യോ എടുത്താൽ ഇന്ത്യയിൽ പശുക്കളേക്കാൾ ഇരുപത് ശതമാനം കൂടുതലാണ് കാളകൾ. അതെന്തുകൊണ്ടാണ്? വിശുദ്ധമാകണമെങ്കിൽ പശുവിന്റെ എണ്ണവും കാളയുടെ എണ്ണവും തുല്യമായിരിക്കേണ്ടേ? കാരണമെന്താണെന്ന് അറിയാമോ. ചൈനയിൽനിന്നൊക്കെ വ്യത്യസ്തമായി നമ്മുടെ കൃഷിരീതിയിൽ ഈ കാളകളെ ഉഴാൻ കൂടിയേ തീരൂ. പശുവിന്റെ കാര്യത്തിലാണെങ്കിൽ കറവ വറ്റിക്കഴിഞ്ഞാൽ പശു ഒരു ഭാരമാണ്. ഒന്നുകിൽ കീഴ്ജാതിക്കാർക്ക് കൊല്ലാൻ കൊടുക്കും. അല്ലെങ്കിൽ അതിനെ പട്ടിണിക്കിട്ട് കൊല്ലും. അങ്ങനെയല്ലെങ്കിൽ എങ്ങനെയാണെന്ന് വിശദീകരിക്കാമോ? കേരളത്തിൽ കന്നുകാലി സെൻസസ് ആരംഭിച്ച കാലം മുതൽ കാളകളുടെ എണ്ണം പശുക്കളുടെ പകുതിയേയുള്ളൂ. ഇപ്പോൾ കാളയേയില്ല. അത് എന്തുകൊണ്ടാണ്; നമ്മളിവിടെ ഉഴുന്നില്ല. ഇന്ന് ഇന്ത്യയും കേരളം പോലെ മാറിക്കൊണ്ടിരിക്കുകയാണ്. പശുവിനെ വിശുദ്ധമാക്കുന്നത് പാൽ തരുന്നു എന്നതുകൊണ്ടു മാത്രമല്ല. ഇന്ന് ഇന്ത്യയിലെ കാർഷിക വ്യവസ്ഥ മാറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ നിരോധനം ഇവിടെ കാർഷിക മേഖലയ്ക്ക് ഏറ്റവും വലിയ തിരിച്ചടിയാകാൻ പോവുകയാണ്.

എങ്ങനെയാണ് ധവള വിപ്ലവം വന്നത്; എന്താണ് കുര്യൻ കൊണ്ടുവന്ന ഏറ്റവും വലിയ മാറ്റം എന്നറിയാമോ? ഗുജറാത്തിൽ പശുവിൻ പാലിലാണ് അവിടത്തെ സഹകരണസംഘം ഉണ്ടായിരുന്നത്. പശുവിനെ കൊല്ലാൻ പറ്റില്ലെന്നതുകൊണ്ട് എരുമപ്പാലിലേയ്ക്ക് മാറി. എരുമപ്പാലിൽ പാൽപ്പൊടി കൂടുതൽ കിട്ടും. ഉല്പാദനം കൂടുതലാണ്. എരുമയെ വിൽക്കാനും പറ്റും. ഇന്ന് ആ ബഫല്ലോയിലും നിങ്ങൾ കശാപ്പ് നിയന്ത്രണം കൊണ്ടുവന്നിരിക്കുകയാണ്; വിൽക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയ്ക്കുള്ള ഏറ്റവും വലിയ തിരിച്ചടിയാണിത്. നാടിനും ജനങ്ങൾക്കും എന്ത് സംഭവിച്ചാലും, നോട്ടുനിരോധനം പോലെ ഈ കാര്യങ്ങളൊക്കെ വർഗ്ഗീയ ലക്ഷ്യംവച്ച് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെ എതിർക്കാൻ നാട്ടിലുള്ള എല്ലാവരുമുണ്ടാകും. മുന്നണി വേറെ. അത് കൂട്ടിക്കെട്ടാൻ നോക്കണ്ട. പക്ഷെ, ഈ ചെയ്തികളെ എതിർക്കാൻ കേരളം മുഴുവനും ഒരുമിച്ചുണ്ടാകും. മാറിനിന്നാൽ ഈ കേരളത്തിൽ നിങ്ങൾ ഒറ്റപ്പെടും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ദുരുദ്ദേശ്യത്തോടെ കൊണ്ടുവന്നൊരു കാര്യമാണെന്ന് നമ്മുടെ രാജ്യത്തിനാകെ അറിയാം. 2015-ൽ തന്നെ കേന്ദ്രസർക്കാർ പാർലമെന്റിൽ ഒരു ബിൽ കൊണ്ടുവന്നിരുന്നു. ആ ബിൽ പിന്നീട് പിൻവലിച്ചതാണ്. ' The Cow and other Milch Animals (Prohibition of Slaughter, Cruelty and other Provisions) Bill' എന്നായിരുന്നു ആ ബില്ലിന്റെ പേര്. ആ ബില്ലിന്റെ വ്യവസ്ഥകൾ അന്ന് നടപ്പാക്കാൻ പറ്റില്ലെന്ന് കണ്ടു. ഇത് സംസ്ഥാന വിഷയമാണെന്ന ഉപദേശം കിട്ടിയതിനാൽ പിന്നീട് നടപ്പാക്കാൻ പറ്റാതിരുന്നു. എന്നാൽ അതിന്റെ statement of objects and reasons-ൽ എന്താണ് ഉദ്ദേശിക്കുന്നതെന്ന് കൃത്യമായി പറഞ്ഞിരുന്നു. ആ ഭാഗം ഞാൻ ഉദ്ധരിക്കാം. "പൗരാണിക കാലംമുതൽക്കുതന്നെ പശുവിനെ 'ഗോമാതാ' എന്നുവിളിച്ച് ആരാധിച്ചുപോരുന്നു. പശുക്കളെ ആരാധിക്കുന്നു എന്നതുകൊണ്ടുതന്നെ പശുക്കളുടെയും അവയുടെ കിടാവുകളുടെയും കശാപ്പിനുമേൽ സമ്പൂർണ്ണമായ നിരോധനം ഏർപ്പെടുത്തണമെന്നത് ഏറെ കാലമായുള്ള ഒരു ആവശ്യമാണ്. ഹിന്ദുക്കളിൽ മഹാഭൂരിപക്ഷം ഇതാവശ്യപ്പെടുന്നു. സന്യാസിമാരടക്കമുള്ളവർ ഈ ആവശ്യം ഉന്നയിക്കുന്നു. അതുകൊണ്ട് ജനവികാരത്തെ മാനിക്കാനായി പശു, കിടാവ് എന്നിവയുടെ കശാപ്പ് നിരോധിക്കേണ്ടത് ആവശ്യമായിരിക്കുന്നു". ഇതാണ് 2015-ലെ ബില്ലിന്റെ statement of objects and reasons-ൽ പറഞ്ഞിരുന്നത്. ഇത് കൃത്യമായും ആർ.എസ്.എസ്.-ന്റെ അജണ്ടയാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഇത് സംസ്ഥാന പരിധിയിൽ വരുന്ന കാര്യമാണ് എന്നുള്ളതുകൊണ്ട് അത് പിന്നീട് പാസ്സാകാതെ പോവുകയാണുണ്ടായത്.

ശ്രീ. ഒ. രാജഗോപാൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി, ഇത് ആർ.എസ്.എസ്.-ന്റെ അജണ്ടയാണെന്ന്. രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. ഒന്ന്, ഭരണഘടന ആർ.എസ്.എസ്. ഉണ്ടാക്കിയതല്ലല്ലോ? ആ ഭരണഘടനയുടെ directive principles-ൽ, cow slaughter ban ചെയ്യണമെന്നുള്ള നിർദ്ദേശം വച്ചിട്ടില്ലേ, അത് ആർ.എസ്.എസ്.-ന്റെ ശാഖയല്ല; അത് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂഷനിലെ ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ ഉൾപ്പെടുന്ന കാര്യമാണ്. അതുകൊണ്ട് ഇത് ആർ.എസ്.എസ്.-ന്റെ അജണ്ടയാണെന്ന് പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഡയറക്ടീവ് പ്രിൻസിപ്പിൾസ് മാൻഡേറ്ററി അല്ല, അത് സ്റ്റേറ്റിനുള്ള ഓപ്ഷനാണ്. വേണമെങ്കിൽ എടുക്കാം; വേണ്ടെങ്കിൽ എടുക്കേണ്ട ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ എന്തൊക്കെയുണ്ട്? മൗലിക അവകാശത്തിൽ ഇല്ലാത്തതൊക്കെ ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ ഉണ്ട്, ഇവിടെ എൻഫോഴ്സ് ചെയ്യാൻ പറ്റുമോ? കാരണം ഇവിടെ നമ്മൾ നിയമം ഉണ്ടാക്കിയിട്ടില്ല. കേന്ദ്രം ഉണ്ടാക്കിയ നിയമമാണ്, ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ ഉണ്ടായിട്ടുപോലും കേന്ദ്രം നിയമം ഉണ്ടാക്കിയോ? എന്തുകൊണ്ട് നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞില്ല?

ശ്രീ. ഒ. രാജഗോപാൽ: സർ, ചില സംസ്ഥാനങ്ങളിൽ നിയമം ഉണ്ടാക്കി, നിയമം പാസ്സാക്കി, ബാൻ ചെയ്തു. എനിക്ക് അറിയേണ്ടത്, ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് സജഷൻസ് വരികയുണ്ടായി. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യങ്ങൾ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായ ഒരു നിയമ നിർമ്മാണത്തിന് കേരള ഗവൺമെന്റ് തയ്യാറാണോ?

ശ്രീ. പിണറായി വിജയൻ: സർ, കൃത്യമായ വർഗ്ഗീയ അജണ്ടയാണ് ഇതിനു പിന്നിലുള്ളത്. നമ്മുടെ രാജ്യം ബഹുസ്വരതയുള്ള രാഷ്ട്രമാണ്. പല സംസ്ഥാനങ്ങളും പല നിലപാടുകൾ സ്വീകരിക്കാറുണ്ട്. നിരോധിച്ച സംസ്ഥാനങ്ങൾ ഉണ്ട്. അത് സംസ്ഥാന വിഷയമാണ്. സംസ്ഥാനമാണ് ആ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്. പക്ഷേ അഖിലേന്ത്യാ വ്യാപകമായി നടപ്പിലാക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നതിന്റെ ഉദ്ദേശം ആർ.എസ്.എസ്.-ന്റെ അജണ്ട നടപ്പാക്കലായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അന്ന് രാജ്യവ്യാപകമായി ഉയർന്നുവന്ന പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണിത് പിൻവലിക്കുന്നതിനിടയായത്. ഇത് വീണ്ടും ചട്ട ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുകയാണ്. അപ്പോൾ ഉദ്ദേശം വ്യക്തമാണ്, അത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുകയില്ല. ഇപ്പോൾ ഏറെക്കുറെ ബോദ്ധ്യമായെങ്കിൽ അത് പിൻവലിക്കുന്നതാണ് നല്ലത്. ഇവിടെ നിയമം വേണമോ, വേണ്ടയോ എന്നതൊക്കെ കൃത്യമായ ഘട്ടത്തിൽ തീരുമാനിക്കാം. അതിൽ ഒരു വിഷമവുമില്ല. പക്ഷേ, ഇന്നത്തെ ഘട്ടത്തിൽ രാജ്യവ്യാപക മായിത്തന്നെ ഇതിനെതിരെ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. പിൻവലിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്. അത്രയേ ഇപ്പോൾ പറയാനുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇപ്പോൾ സുപ്രീം കോടതിയിൽ ഒരു കേസ് വന്നിട്ടുണ്ട്. സുപ്രീംകോടതിയുടെ ഡിവിഷൻ ബഞ്ച് ഈ കേസ് ഹിയർ ചെയ്യാമെന്ന് സമ്മതിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ആ കേസ്സിൽ കക്ഷിചേരുമോ? കാരണം ഈ നോട്ടിഫിക്കേഷന് എതിരായിട്ടാണ് കേസ് വന്നിട്ടുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, സുപ്രീംകോടതിയുടെ വാർത്ത വന്നയുടനെതന്നെ ഇന്നു രാവിലെ അഡ്വക്കേറ്റ് ജനറലുമായി സംസാരിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് നമ്മളും കക്ഷിചേരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെയുള്ള ഭരണഘടനാ വിദഗ്ദ്ധരുമായി ആലോചിച്ച് കാര്യങ്ങൾ നീക്കും.

മി. സ്പീക്കർ: വളരെ വസ്തുനിഷ്ഠവും, നിഷ്പക്ഷവും, സത്യസന്ധവുമായ ഒരു ചർച്ചയാണ് ഈ വിഷയത്തെ അധികരിച്ചുകൊണ്ട് നമ്മുടെ സഭ നടത്തിയിരിക്കുന്നത്. രാജ്യത്തിന്റെ നിയമ വ്യവസ്ഥ വെല്ലുവിളി നേരിടുന്ന സന്ദർഭങ്ങളിലെല്ലാം ഉന്നത നിലവാരത്തോടുകൂടി അതിൽ ഇടപെടുന്ന, അതിനെ അഭിസംബോധന ചെയ്യുന്ന, കേരള നിയമസഭയുടെ പാരമ്പര്യം വീണ്ടും ഈ സഭ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. ഇത്തരം സക്രിയ ചർച്ചകളും സംവാദങ്ങളും നടക്കുമ്പോൾ സ്വാഭാവികമായും സംയമനം പാലിച്ചുകൊണ്ട്, മാറി നിൽക്കുന്ന രീതിയാണ് സഭാദ്ധ്യക്ഷൻമാർ സ്വീകരിക്കാറുള്ളത്. എന്നാൽ ഈ സന്ദർഭത്തിൽ ഒരു പ്രത്യേക പരാമർശം അനിവാര്യമാണെന്ന് ചെയർ കരുതുന്നു. വൈവിദ്ധ്യപൂർണ്ണവും സങ്കീർണ്ണവുമായ ഒരു ജനാധിപത്യ പ്രക്രിയയാണ് നമ്മുടെ ഭരണഘടനയിൽ ഉൾച്ചേർന്നിരിക്കുന്നത്. അത് അതീവ സൂക്ഷ്മതയുള്ള ഒന്നുമാണ്. ആ സൂക്ഷ്മതയോടുകൂടി അതിനെ പരിപാലിക്കുക എന്നുള്ളത് രാജ്യത്തിന്റെ എല്ലാ വിഭാഗങ്ങളിലുമുള്ള മനുഷ്യരുടെ ആവശ്യമാണ്, കടമയാണ്. ഇവിടെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചൂണ്ടിക്കാണിച്ചതുപോലെ ഈ വിജ്ഞാപനം 'കാലിച്ചന്ത വഴി കാലി വിപണനം തടയൽ' എന്നു വിശദീകരിക്കാൻ കഴിയുമെങ്കിലും യഥാർത്ഥത്തിൽ പരോക്ഷമായ ഇടപെടലുകൾ ഇതിലുണ്ട്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഭരണഘടന കളറബിൾ ലെജിസ്ലേഷൻ അഥവാ വക്രീകരിച്ച നിയമനിർമ്മാണത്തിനെതിരായി എല്ലാ കാലത്തും ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. You cannot do anything indirectly what you cannot do directly എന്ന തത്വം എന്നും ഉയർത്തിപ്പിടിച്ച ഭരണഘടനയാണ് നമ്മുടേത്. തീർച്ചയായും ഇതിൽ പരോക്ഷമായ താൽപ്പര്യങ്ങളുടെ അവസരങ്ങളുണ്ടെന്ന് കാണുന്നത് നിർഭാഗ്യകരമാണ്. 1968-ൽ ശ്രീമതി മാധവിക്കുട്ടി എഴുതിയ "വിശുദ്ധപശു" എന്ന ഒരു കഥ ഈ സന്ദർഭത്തിൽ ചെയർ

സഭയുടേയും പൊതുസമൂഹത്തിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രവചനാത്മകമായ നിലയിൽ എഴുതിയ ഒരു കഥയായിരുന്നു അത്. വിശന്നു വലഞ്ഞ ഒരു ബാലൻ പഴത്തൊലി തിന്നുമ്പോൾ ഒരു പശു അത് തട്ടിയെടുത്തു, തട്ടിയെടുത്ത പശുവിനെ വിശപ്പിന്റെ ആധിക്യം കൊണ്ട് ബാലൻ തള്ളിമാറ്റിയതിൽ പ്രതിഷേധിച്ച് ഒരു സംഘം വന്ന് ബാലനെ കൊല്ലുന്ന കഥയായിരുന്നു 'വിശുദ്ധപശു' എന്ന കഥ. അത് നമ്മുടെ രാജ്യത്ത് വളർന്നു വരാതിരിക്കട്ടെ എന്ന് ചെയർ ആഗ്രഹിക്കുന്നു, കേരള നിയമസഭ അത് രാജ്യത്തോടാകെ അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചട്ടം 275 പ്രകാരമുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

## III. ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചട്ടം 275 പ്രകാരമുള്ള താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു:

"2017 മേയ് 23-ന് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത The Prevention of Cruelty to Animals (Regulation of Livestock Markets) Rules, 2017 മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം 1960-ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധവും ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തിന്റെ തികഞ്ഞ ദുർവിനിയോഗവുമാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിൽ സംസ്ഥാന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ളതാണ് പ്രസ്തുത ചട്ടങ്ങൾ. കേന്ദ്ര സർക്കാരിന്റെ ഈ വിജ്ഞാപനം ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നു. ലക്ഷക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും തൊഴിലെടുക്കാനുള്ള അവകാശത്തിന്മേൽ അന്യായമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രസ്തുത ചട്ടങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 19(1)(ജി)-യുടെ നഗ്നമായ ലംഘനമാണ്.

സംസ്ഥാനങ്ങളുടെ കാർഷിക സമ്പദ്ഘടനയെ പാടെ തകർക്കുകയും ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും കന്നുകാലികളുടെ സ്വതന്ത്രമായ വിനിമയം തടയുകയും ചെയ്യുന്ന 2017-ലെ ചട്ടങ്ങൾ അടിയന്തരമായി പിൻവലിക്കണമെന്നും സംസ്ഥാന വിഷയങ്ങളിൽ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്നതിനുള്ള ഓരോ സംസ്ഥാനത്തിന്റേയും അവകാശം പൂർണ്ണമായി അംഗീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

Leader of Opposition (Shri Ramesh Chennithala): Sir, we support the substantive motion given by the Chief Minister.

മി. സ്പീക്കർ: ഈ സബ്സ്റ്റാന്റീവ് മോഷൻ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

സബ്സ്റ്റാന്റീവ് മോഷൻ സഭ അംഗീകരിച്ചു.

(സബ്സ്റ്റാന്റീവ് മോഷൻ ശ്രീ. ഒ. രാജഗോപാൽ പ്രതികൂലിക്കുകയും മറ്റെല്ലാ അംഗങ്ങളും അനുകൂലിക്കുകയും ചെയ്തു.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: സബ്സ്റ്റാന്റീവ് മോഷൻ സഭ അംഗീകരിച്ചു കഴിഞ്ഞു. അങ്ങ് ആ സമയത്ത് പോൾ ആവശ്യപ്പെട്ടില്ല. പോൾ ആവശ്യപ്പെടണമായിരുന്നു; ഇനി നിർവ്വാഹമില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നിഷേധ വോട്ടിനുവേണ്ടി മാത്രമുള്ള ഭേദഗതി ഒരു രൂപത്തിലും അംഗീകരിക്കാൻ പറ്റില്ല.

മി. സ്പീക്കർ: അത് റൂൾ ഔട്ട് ചെയ്തു കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## IV. പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

ഓർഡർ....ഓർഡർ... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്ക് 12.00 മണിക്ക് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

അനുബന്ധം

കേരള ഗസറ്റ്

KERALA GAZETTE

അസാധാരണം

EXTRA ORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| | | 2017 ജൂൺ 12<br>12th June 2017 | |
| വാല്യം 6<br>Vol.VI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram<br>Monday | 1192 ഇടവം 29<br>29th Idavam 1192<br>1939 ജ്യേഷ്ഠം 22<br>22nd Jyaishta 1939 | നമ്പർ<br>1197<br>No. |

**SECRETARIAT OF THE KERALA LEGISLATURE**
**NOTIFICATION**

No.2562/Table-1/2017/Leg.

Dated, Thiruvananthapuram, 9th June, 2017.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനാലാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2017 ജൂൺ 8-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതു മുതൽ സമാപിപ്പിച്ചിരിക്കുന്നു.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Sixth Session of the Fourteenth Kerala Legislative Assembly with effect from June 8, 2017 at the conclusion of its sitting.

By Order of the Governor.

V.K. BABU PRAKASH

Secretary